"സ്നേഹജന്യമല്ലാത്ത ബാഹ്യമയപ്രവൃത്തി കേവലം നിഷ്പ്രയോജനമാണു്; എന്നാൽ സ്നേഹംനിമിത്തം ചെയ്യപ്പെടുന്ന ഏതും അതു എത്രത്തോളം ചെറുതും അഗണ്യവുമായിക്കൊള്ളട്ടെ, ഫലപ്രദമത്രെ. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ ഒരു പ്രവൃത്തി എത്ര അധികമായി ചെയ്യുന്നുവെന്നതിനേക്കാൾ എത്രമാത്രം സ്നേഹത്തോടുകൂടി ചെയ്യുന്നുവെന്നതാണു് ഈശ്വരൻ പരിഗണിക്കുന്നതു്."

—ക്രിസ്ത്വനുകരണം

# സത്യദീപം

"ആ സമയത്തു വീണ്ടും ജനക്കൂട്ടം സംഖ്യയിൽ വർദ്ധിച്ചു. എന്നാൽ അവർക്കു ഭക്ഷിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ അവിടുന്നു ശിഷ്യന്മാരെ വിളിച്ചു പറഞ്ഞു: ഈ ജനാവലിയുടെമേൽ എനിക്കു അലിവുതോന്നുന്നു. അവർക്കു ഭക്ഷിക്കാൻ യാതൊന്നുമില്ലല്ലോ. പട്ടിണിയായി അവരെ വീട്ടിലേക്കു പറഞ്ഞയച്ചാൽ, അവർ യാത്രയിൽ തളർന്നുവീണുപോകും."

—മർക്കോസ് VIII: 1-3

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂലൈ 17—ബുധനാഴ്ച | Vol. 30, No. 46

# കമ്മ്യൂണിസ്ററു് രാജ്യങ്ങളും തൊഴിലാളിസ്വാതന്ത്ര്യവും

(മാത്യു പുളിക്കൽ എസ്. ജെ.)

ഒരു "ഭൗമികപറുദീസാ" സ്വപ്നം കണ്ടുകൊണ്ടു്, ആശകളുമായി കഴിഞ്ഞുകൂടുന്ന നമ്മുടെ പാവപ്പെട്ട ഏതാനും കേരളീയരുടെ വിശിഷ്യ തൊഴിലാളിസഹോദരങ്ങളുടെ ദൃഷ്ടിയിൽ, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിലവിലിരിക്കുന്നതും ആ ദേശങ്ങളിലെ ഓരോ പൗരനേയും ബാധിക്കുന്നതുമായ ചില പരമാർത്ഥങ്ങൾ, കൊണ്ടുവരുക എന്നതാണു് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്. കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ തൊഴിലാളികളെ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും അതു് തൊഴിലാളികളുടെ ഗുണത്തിനുവേണ്ടിയല്ല. എല്ലാ വ്യവസായങ്ങളും ഗവമ്മെൻറു നേരിട്ടു് നിയന്ത്രിക്കുന്നതുകൊണ്ടു്, നാം മനസ്സിലാക്കുന്നതുപോലെയുള്ള "ലേബർ യൂണിയനു"കൾ കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലില്ല. വെറും അടിമത്തമാണു് കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ നടമാടുന്നതെന്നു്, ഈയിടെ ചൈനയിൽ പ്രസിദ്ധപ്പെടുത്തിയ, "Labour Regulations for State-operated Enterprsies" "ഗവർമ്മെൻറിൻെറ നിയന്ത്രണാധീനമായ തൊഴിൽശാലകളിലെ നിബന്ധനകൾ" എന്ന രേഖ നിഷ്പക്ഷബുദ്ധ്യാ വായിക്കുന്ന ഏതൊരുവനും മനസ്സിലാകുന്നതാണു്.

1. "സർക്കാരിൽനിന്നു ലഭിക്കുന്ന "തൊഴിൽപുസ്തക"മില്ലാത്ത യാതൊരുവനും ജോലിനൽകുവാൻ പാടില്ല" എന്നതാണു് ആദ്യത്തെ നിബന്ധന. ഈ "തൊഴിൽപുസ്തക"ത്തിൽ അവൻ ചെയ്തുകൊണ്ടിരുന്ന ജോലി, അവൻെറ വിദ്യാഭ്യാസം എന്നിവ തുടങ്ങി പോലീസുകാരുടെ ഡയറിവരെ ഉണ്ടായിരിക്കും. ഒരു സ്ഥാപനത്തിൽ നിന്നും പുറംതള്ളപ്പെട്ട ഒരുവനു് ഈ പുസ്തകംകാരണം മറെറാരിടത്തും ജോലികിട്ടുകയില്ല. അതിനാൽ ആ തൊഴിലാളിയുടെ ജീവിതം ആ പിരിച്ചുവിടലിനോടുകൂടി അവസാനിക്കും.

2. "ജോലിക്കുള്ള പ്രതിഫലം കമ്മ്യൂണിസ്റ്റധികാരികൾ നിശ്ചയിക്കുന്നതായിരിക്കും." ഈ പ്രതിഫലം ഒരുവൻെറ കാലയാപനത്തിനു മതിയാവുന്നതാണോ അല്ലയോ എന്നു് ഇവർ ചിന്തിക്കപോലുമില്ല. കൂലിത്തർക്കം എന്നൊന്നു് അവിടെ കേൾക്കുവാൻപോലും പാടില്ല.

3. "യാതൊരു ജോലിക്കാരനും ജോലിക്കു മുടക്കുവരുത്താനോ, മാനേജരുടെ അനുമതികൂടാതെ പുറത്തുപോകാനോ പാടില്ല" ശാരീരികമായ ആവശ്യങ്ങൾക്കുപോലും, മാനേജരുടെ അനുമതികൂടാതെ, പുറത്തുപോകുവാൻ പാടില്ലെന്നു പറയുമ്പോൾ ഈ നിയമത്തിൻെറ ക്രൂരത മനസ്സിലാക്കുവാൻ പ്രയാസമില്ല.

4. "ഓരോ ജോലിക്കാരനും, അവനു് മാനേജരുടെപേരിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, അതു ട്രേഡുയൂണിയനെ അറിയിക്കുവാൻ അവകാശമുണ്ടു്." ഈ നിയമം ആകർഷണീയമായി തോന്നുന്നുണ്ടെങ്കിലും, ഓരോ ട്രേഡുയൂണിയനുകളും കമ്മ്യൂണിസ്റ്റ്‌നിയമങ്ങളാൽ പാലിക്കപ്പെടുന്നവയായതുകൊണ്ടു്, തൊഴിലാളിയുടെ നിവേദനം വെറും വനരോദനം മാത്രമായി പരിണമിക്കുകയേയുള്ളു.

5. "മാനേജർമാർ ഓരോരുത്തരും അവരുടെ തൊഴിലാളികൾക്കുതകുന്ന ജോലിനൽകുവാൻ ബാധ്യസ്ഥരാണു്." പക്ഷെ മാനേജർ നൽകുന്ന ജോലി ഏതായാലും അതു ഭംഗിയായി ചെയ്യുക എന്നതല്ലാതെ, അതിനെപ്പററി പിറുപിറുക്കുവാൻ തൊഴിലാളിക്കവകാശമില്ല.

6. "ഏതെങ്കിലും കാരണവശാൽ നിയമങ്ങളെ ലംഘിക്കുകയോ, കുററംചെയ്ത ഒരു തൊഴിലാളിയുടെ മേൽ കരുണകാണിക്കുകയോ ചെയ്യുന്ന മാനേജർ ഒരു ജനകീയക്കോടതിയുടെ മുൻപിൽ ഹാജരാകുവാൻ കടപ്പെട്ടവനാണു്."

ഏതാനും മാസങ്ങൾക്കുമൻപു് ചൈന സന്ദർശിച്ച, ഇംഗ്ലണ്ടിലെ "ലേബർ പാർട്ടി" അംഗങ്ങൾക്കു് നിയമംലംഘിച്ച ഒരു മാനേജരെ വെടിവച്ചുകൊല്ലുന്നതു കാണുവാൻ സാധിച്ചു. ഈ അംഗങ്ങൾ ജപ്പാൻ സന്ദർശിച്ചപ്പോൾ ചൈനയിലെ തൊഴിൽനിയമങ്ങളെപ്പററി ചർച്ചചെയ്യുവാൻ വിസമ്മതിക്കുകയാണു ചെയ്തതു്.

7. "ഓരോ തൊഴിലാളിയും ഉത്തരവാദബോധത്തോടെ ജോലിചെയ്യേണ്ടതാണു്." "ഉത്തരവാദം" എന്ന വാക്കിൽ ഓരോ തൊഴിലാളിയും നിശ്ചിതമണിക്കൂറുകളിൽ ഇടവിടാതെ ജോലിചെയ്യുകയും, ഓരോ നിമിഷവും ഉല്പാദനത്തിനുവേണ്ടിമാത്രം ചെലവഴിക്കുകയും ചെയ്യണമെന്നും, അനാവശ്യസംസാരങ്ങൾ, വഴക്കുകൾ മുതലായവ ശിക്ഷാർഹങ്ങളാണെന്നുമുള്ള നിയമങ്ങൾ അടങ്ങിയിട്ടുണ്ടെന്നു മനസ്സിലാക്കേണ്ടതാണു്. കൂടാതെ ഏതെങ്കിലും കാരണവശാൽ ജോലിക്കു പിഴവരുത്തിയ അയൽക്കാരനെ സഹായിക്കുവാൻപോലും ഒരു തൊഴിലാളിക്കു് അനുവാദമില്ല.

പരിഷ്കൃതങ്ങളായ രാജ്യങ്ങളിലൊന്നും തൊഴിലാളികളുടെമേൽ ഇത്രമാത്രം നിർദ്ദയമായ നിയമങ്ങൾ കെട്ടിവച്ചിട്ടില്ല എന്നതു് ആർക്കും അറിയാവുന്നതാണു്.

8 "ഓരോ തൊഴിലാളിയും എത്ര മണിക്കൂർ ജോലി ചെയ്യണമെന്നു തീരുമാനിക്കുന്നതു് കമ്മ്യൂണിസ്റ്റ്‌പാർട്ടി പ്രതിനിധികളാണു്." ആ സമയം കൂട്ടുവാനോ കുറയ്ക്കുവാനോ ഉള്ള അവകാശത്തെപ്പററി യാതൊന്നും നിബന്ധനയിൽ കാണുന്നില്ല. എങ്കിലും "ഷിഫ്റ്റി"ൽ ജോലിചെയ്യുന്ന ഒരാൾ, മററൊരാൾ ആ സ്ഥാനം ഏറെറടുക്കുന്നതുവരെ ജോലി തുടരണ"മെന്നതു് ഒരു നിയമമാണു്. ഇങ്ങനെ കൂടുതൽ ജോലിചെയ്യുന്നതിനുള്ള കൂലിയെപ്പററി നിബന്ധനകൾ മൗനമവലംബിക്കുകയാണു ചെയ്യുന്നതു്.

9. "ഏതെങ്കിലുംകാരണവശാൽ പണിമുടക്കു നടത്തുന്ന തൊഴിലാളിയെ കൊല്ലുവാൻപോലും ഗവമ്മെൻറിനു് അധികാരമുണ്ടു്." സത്യഗ്രഹങ്ങൾ, പിക്കററിംങ്ങു് എന്നിവ തുടങ്ങി നമ്മുടെ നാട്ടിൽ നടക്കുന്ന പ്രതിഷേധപ്രകടനങ്ങൾ യാതൊന്നും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ അനുവദനീയങ്ങളല്ല. കൂടാതെ "താമസിച്ചു ജോലിക്കുവരുകയും, സമയത്തിനുമുൻപു് ഇറങ്ങിപ്പോകുകയും ചെയ്യുന്ന ഒരാളെ യാതൊരു ദാക്ഷിണ്യവും കൂടാതെ പിരിച്ചുവിടുവാൻ മാനേജർക്കവകാശമുണ്ടു്." ഇങ്ങനെ പിരിച്ചുവിട്ട തൊഴിലാളികൾ ഒരു പ്രത്യേകകോടതിയിൽ ഹാജരായി, സ്വയം കുററസമ്മതം ചെയ്യുകയും സ്വപ്രവൃത്തിയെ സ്വയം വിമർശിക്കുകയും ചെയ്യണം. അതിനുശേഷം കോടതിയിൽ കൂടിയിരിക്കുന്നവരെല്ലാംകൂടി ഒരു പൊതുവിമർശനം നടത്തുകയും പിന്നീടു് മേൽനടപടികളെപ്പററി ആലോചിക്കുകയുംചെയ്യും.

10. "തൊഴിലാളി താനുപയോഗിക്കുന്ന സാധനസാമഗ്രികൾക്കു കേടുവരുത്തുന്നപക്ഷം, അവയുടെ വില ഈടാകുന്നതുവരെ, അവൻെറ കൂലിയിൽനിന്നു് 30 ശതമാനം അതായതു് ഏകദേശം മൂന്നിലൊന്നു് ഓരോ മാസവും പിടിക്കുവാൻ മാനേജർക്കു അധികാരമുണ്ടു്."

11. "മററുള്ളവരുടെ ജോലിയിൽ, സഹായത്തിനായിപോലും ഇടപെടാൻ ഒരുവനും പാടില്ല."

12. "ഈ നിയമങ്ങളെല്ലാം തൊഴിലാളികൾ അക്ഷരംപ്രതി അനുസരിക്കേണ്ടതാണു്." ഏതെങ്കിലും നിയമം ലംഘിക്കുന്ന തൊഴിലാളിയെ "ജനകീയകോടതി" വിധിക്കുന്നതാണു്.

ഈ നിയമങ്ങൾ ഫാക്ടറിയിൽ ഒരു പ്രധാനസ്ഥലത്തു സ്ഥാപിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു് ഈ രേഖ അവസാനിക്കുന്നു.

ഈ നിയമങ്ങളിലടങ്ങിയിരിക്കുന്ന കിരാതത്വം മനസിലാക്കുവാൻ ഏതു സാധാരണക്കാരനും

(ശേഷം 7-ാംപേജിൽ)




സേവനാദർശമായ വി. വിൻസെൻറു്

(തിരുനാറം—ജൂലൈ 19)

# കുടുംബത്തിന്റെ അമൂല്യസമ്പത്ത്

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.)

ബോംബെയിൽ അടുത്തകാലത്തു നടന്ന ഒരു സംഭവമാണു എന്റെ തൂലികയ്ക്കു ഇപ്പോൾ വിഷയമാകുന്നതു്. ഇതു ലോകത്തിൽ എവിടെയുമുള്ള കത്തോലിക്കാഭവനത്തിൽ നടക്കാവുന്നതുമാണു്. ഒരു മേശയ്ക്കു ചുറ്റും ഒരു പിതാവും പന്ത്രണ്ടു പുത്രന്മാരും ഇരിക്കുന്നു. ഇളയമകനു പന്ത്രണ്ടു വയസ്സു പ്രായമുണ്ടു്. ഇവൻ സ്കൂളിൽ പഠിക്കുകയും അതേസമയം വീട്ടുകാര്യങ്ങളിൽ പിതാവിനെ സഹായിക്കുകയും ചെയ്യുന്നു. പിതാവു് വാർദ്ധക്യം പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തെ വലയം ചെയ്തിരിക്കുന്ന രോഗം സദാസമയവും വിളിച്ചുപറയുന്നു തന്റെ മരണം വിദൂരമല്ലായെന്നു്. വിശ്വസ്തനായ ദാസനെപ്പോലെ തന്റെ കണക്കു സ്വർഗ്ഗീയ യജമാനന്റെ പക്കൽ ഏല്പിക്കുന്നതിനു അദ്ദേഹം തയാറായിരിക്കുന്നു. സംതൃപ്തിയുടേയും സമാധാനത്തിന്റേയും കാന്തി എപ്പോഴും അദ്ദേഹത്തിന്റെ മുഖത്തു പ്രകാശിക്കുന്നു. എന്നാൽ സന്ധ്യാകാലത്തെ പ്രാർത്ഥനാസമയം അദ്ദേഹത്തിന്റെ കണ്ണിൽനിന്നും കണ്ണുനീർ പ്രവഹിക്കുന്നതു മക്കൾ കാണുന്നു. താൻ വേഗം മരിക്കുമല്ലോയെന്നു വിചാരിച്ചു കരയുകയാണോ? അതോ പൂർവ്വകാലത്തു ചെയ്തിട്ടുള്ള പാപങ്ങളെപ്പറ്റി മനസ്തപിക്കുകയാണോ? മക്കളിൽ ആരുംതന്നെ ഇതിനു കാരണം ചോദിക്കുന്നില്ല. എന്നാൽ ഒരു സന്ധ്യയ്ക്കു ഒരു പ്രകാരത്തിലും തന്റെ ശോകവികാരം അടക്കാൻ പാടില്ലാതെ വന്നപ്പോൾ നിശ്ചയിക്കുന്നു ഇതിന്റെ കാരണം മക്കളെ അറിയിക്കാമെന്നു്. “പ്രിയ മക്കളേ, ഞാൻ എന്റെ ശവകുടീരത്തിലേക്കു ശീഘ്രം പായുകയാണു്. എനിക്കറിയാം കുറേ ദിവസങ്ങൾക്കൂടിമാത്രമേ എനിക്കു ശേഷിച്ചിട്ടുള്ളുവെന്നു്. നിങ്ങളിൽ ആരെങ്കിലും പറയാമോ എന്റെ സങ്കടത്തിനുള്ള കാരണമെന്തെന്നു്. നിങ്ങൾ പറയുന്നില്ലാത്തതിനാൽ ഞാൻ ഇതാ പറയുന്നു: എന്റെ പന്ത്രണ്ടു മക്കളിൽ ഒരാളെയെങ്കിലും ദൈവത്തിനു വേണ്ടി ജോലിചെയ്വാൻ ഏല്പിച്ചിട്ടു് ഇഹലോകവാസം വെടിയാൻ സാധിക്കാത്തതാണു് എന്റെ വലിയ വേദന. എനിക്കു പുത്രനായി ഒരു വൈദികനുണ്ടായിരുന്നുവെങ്കിൽ ഞാൻ എത്രഭാഗ്യവാനാകുമായിരുന്നു.” ഇളയമകനിൽനിന്നും മേല്പറഞ്ഞ ചോദ്യത്തിനു മറുപടി കിട്ടുമെന്നു വിചാരിച്ചു അവനെ അദ്ദേഹം നോക്കുന്നു. മക്കൾ എഴുന്നേല്ക്കുന്നു. പ്രായപൂർത്തിവന്ന ഒരു പുരുഷന്റെ തന്റേടത്തോടുകൂടി അവൻ പറയുന്നു: “ഡാഡി, ഞാൻ ഒരു വൈദികനാകും ദൈവം ആവശ്യപ്പെടുന്നുവെങ്കിൽ. ഞാൻ വാക്കുതരുന്നു.” “വളരെ ഉപകാരം മകനേ,” എന്നു പറഞ്ഞു അദ്ദേഹം അവനെ ചുംബിക്കുന്നു. ദൈവം ആ വത്സലപിതാവിന്റെയും പുത്രന്റെയും ആഗ്രഹം മനസ്സിലാക്കുന്നു. മകൻ വാഗ്ദാനം പൂർത്തിയാക്കുന്നു. ഈ അടുത്തകാലത്തു അവൻ ഒരു വൈദികനായിത്തീർന്നു. ഈ വൈദികന്റെ സാന്നിദ്ധ്യത്തിൽ മരിക്കുന്നതിനു പിതാവിനു സാധിക്കുന്നില്ലായെങ്കിലും അദ്ദേഹം സംതൃപ്തനാകുന്നു. കാരണം തന്റെ മകൻ ഒരു ശെമ്മാശനായി പിതാവിന്റെ സവിധത്തിൽ നില്പുണ്ടായിരുന്നു.

സാഹിത്യകാരന്മാരുടെ തൂലികയ്ക്കു വിഷയമാകാതേയും വാഗ്മികളുടെ പ്രസംഗവിഷയമാ[illegible]യും ഇതുപോലെ പല സംഭവങ്ങൾ കേരളക്കരയിലുമുണ്ടായിട്ടുണ്ടു്. എന്നാൽ ഒരു വൈദികന്റെ മാററിയുവാൻ കമ്മ്യൂണിസ്റ്റ് മനസ്ഥിതികൊണ്ടു വലയംചെയ്തിരിക്കുന്ന— പൊതിയപ്പെട്ടിരിക്കുന്ന യുവലോകത്തിനു കണ്ണില്ല. ക്രിസ്തീയവിശ്വാസികളിൽ ഏതൊരുവനും അഭിമാനത്തോടുകൂടി പറയാവുന്ന രണ്ടു സംഗതികളാണു്, ആഭിജാത്യവും അന്തസ്സും പണക്കൊഴുപ്പുമുള്ള ഒരു കുടുംബവുമായി തനിക്കു ബന്ധുതയുണ്ടെന്നും ഇന്ന വൈദികൻ തന്റെ അടുത്ത ബന്ധുവാണെന്നും. ഈ ലേഖകൻ ഈയിടെ ഒരാളുമായി സംസാരിക്കുന്നതിനിടയ്ക്കു അയാൾ പറഞ്ഞു: “ഞാൻ ഇന്നമെത്രാനച്ചന്റെ സ്വന്തം ജ്യേഷ്ഠനാണു്. എന്റെ മകനാണു ഇന്നവൈദികൻ.” അന്വേഷണത്തിൽ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു അയാൾ മെത്രാനച്ചന്റെ തേഡ് അല്ല ഫോത്ത് കസിനാണെന്നും വൈദികൻ അയാളുടെ തേഡ് കസിന്റെ മകനാണെന്നും. ഏതൊരു കത്തോലിക്കാ വധൂവരന്മാർക്കും സന്തോഷത്താൽ പുളകംകൊള്ളുന്ന ഒരു സംഭവമാണു് തങ്ങളുടെ സ്വന്തസഹോദരൻ അഥവാ മാതുലനായ വൈദികൻ തങ്ങളുടെ കല്യാണത്തിനു ആഘോഷമായി ദിവ്യബലി മദ്ധ്യാഹ്നസമയത്തു അർപ്പിക്കുകയെന്നതു്. അതുപോലെ സംതൃപ്തിക്കു അവകാശമുള്ള ഒരു കാര്യമാണു് സ്വന്ത വൈദികൻ ബന്ധത്തിൽപ്പെട്ട ഒരാളിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കയററിവിടാൻ അയാളുടെ രോഗശയ്യയുടെ സമീപെ നിലകൊള്ളുകയെന്നതു്. ഇതിനേക്കാൾ ചാരിതാർത്ഥ്യജനകമായിട്ടുള്ള പ്രവൃത്തിയാണു് സ്വന്തവൈദികൻ തങ്ങളുടെ ബന്ധത്തിൽപ്പെട്ട ഒരാൾ മരിക്കുമ്പോൾ നാലുമൈൽ മൃതദേഹത്തിന്റെ പിറകെ ഒരുതുള്ളി വെള്ളംപോലും രാവിലെ കുടിക്കാതെ നടന്നതിനുശേഷം ശവം പള്ളിയിൽവച്ചു റാസക്കുർബാന ചൊല്ലുകയെന്നതു്.

എന്നാൽ കത്തോലിക്കാസഭയേയും വൈദികഗണത്തേയും അറബിക്കടലിൽ തള്ളിത്താഴ്ത്തുവാൻ വെമ്പൽകൊള്ളുന്ന കേരളക്കരയിൽ, വൈദികർക്കു ഇനിയുമുണ്ടാകുവാൻപോകുന്ന അനുഭവം പരിതാപകരമായിരിക്കും. വൈദികരെ താറടിച്ചു മാററിനിറുത്തി കത്തോലിക്കായുവാക്കന്മാരെ അതിനു ഉപകരണങ്ങളാക്കിത്തീർക്കാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കുന്നു. മനസാവാചാകർമ്മണാ അറിയാത്ത സംഗതികൾ തങ്ങളുടെ വൈദികർക്കെതിരായി പ്രചരിപ്പിക്കുന്ന കത്തോലിക്കായുവാക്കന്മാരും കുറവല്ല. അപ്രകാരമുള്ള പ്രവൃത്തികൾ ഇവർ ആവർത്തിക്കാതിരിക്കുവാൻ നിത്യപുരോഹിതനായ മിശിഹാ അവർക്കനുഗ്രഹം നൽകട്ടെ.




ജീവചരിത്രം

# ‘പുണ്യവാൻ മരിച്ചു’

(എം. ഏ. ചാക്കോ, ബി. ഏ. ബി. ററി.)

(തുടർച്ച)

ബനഡിക്ടിന്റെ അകന്ന ബന്ധുവായ ഒരു വൈദികനുണ്ടായിരുന്നു. അദ്ദേഹത്തിന്റെക്കൂടെ താമസിച്ചു കുറേനാൾ പഠിച്ചെങ്കിലും ആശ്രമപ്രവേശതൃഷ്ണ ശക്തിപ്പെട്ടേയുള്ളു. ഇത്തവണ കർത്തുസ്യൻ ആശ്രമകവാടത്തിൽ മുട്ടിനോക്കാമെന്നു് തീരുമാനിച്ചു. പക്ഷേ ഇത്തവണയും മാതാപിതാക്കന്മാർ കടകം എതിർക്കുകയാണുണ്ടായതു്. ആശ്രമത്തിലേക്കുള്ള ദൈവാഹ്വാനം തനിക്കില്ലെന്നുള്ളതിനു തെളിവാണു ആദ്യത്തെ പരാജയം എന്നു അവർ വീറോടെ വാദിച്ചു. എല്ലാവരും ബനഡിക്ടിനെ എതിർത്തു. ഇത്രയും പഠിച്ച ഒരാൾക്കു് ഇടവകവൈദികനാകാം നിഷ്പ്രയാസം. പിന്നെയെന്തിനു് ഈ നിഴൽപിടിക്കാൻ വ്യാമോഹിക്കുന്നു? ഇങ്ങനെ പല ചോദ്യശരങ്ങളും പ്രയോഗിക്കപ്പെട്ടു. പക്ഷേ ലാബർ വരവണ്ണം മാറിയില്ല. അചിരേണ പൈതൃകാനുമതി കരഗതമായി. മോൺട്രൂയിലിലെ കർത്തുസ്യൻ ആശ്രമത്തിലേക്കു പോയി ബനഡിക്ടു് പുഷ്കലപ്രതീക്ഷയോടെ. അവർ ആഗതനോടു് സൗഹാർദ്ദപുരസ്സരം പെരുമാറി; എങ്കിലും സ്വീകരിച്ചില്ല. അവർ പറഞ്ഞു, അയാൾക്കു ദൈവവിളിയില്ലെന്നു്. കഠിനതാപസജീവിതത്തിനുള്ള പ്രായവും ജ്ഞാനവും അയാൾക്കില്ല.

മോൺട്രൂയിലിനോടു് വിടവാങ്ങി ബനഡിക്ടു് സപ്രശ്രയം ഇപ്രാവശ്യം പോയതു് വീട്ടിലേക്കല്ല. മറെറാരു കർത്തുസ്യനാശ്രമം ആയിരുന്നു ലക്ഷ്യം. പരിക്ഷിച്ചുനോക്കാമെന്നു പറഞ്ഞു അധികൃതർ. പക്ഷേ വളരെ സമയം വേണ്ടിവന്നില്ല. താൻ അനൂനം അഭിലഷിച്ചിരുന്ന ആ ഏകാന്തജീവിതം തനിക്കു് ദുർവ്വഹമായി; ശരീരം ക്ഷയോന്മുഖവും.

ബനഡിക്ടു് വീണ്ടും സ്വഗൃഹത്തിൽ എത്തിച്ചേർന്നു. ആശ്രമജീവിതത്തിനുള്ള ദൈവവിളി തന്റെ മകനു് ഒട്ടുംതന്നെയില്ലെന്നു പൂർവ്വാധികം ബോദ്ധ്യമായി അമ്മയ്ക്കു്. അവർ കഴിവതും യത്നിച്ചു മകനെ പിൻതിരിക്കാൻ. മററുള്ളവരും ചേർന്നു മാതൃപക്ഷത്തിൽ. സുഹൃത്തുക്കളും അയൽക്കാരും ബനഡിക്ടിനെ അപലപിച്ചു, ഏകസ്വരത്തിൽ. ഇതരയുവാക്കന്മാരെപ്പോലെ മറേറതെങ്കിലും ജീവിതവൃത്തി അയാൾ അവലംബിക്കേണ്ടതാണെന്നു് അവർ ഒന്നടങ്കം നിർദ്ദേശിച്ചു. ഈ വാദമുഖങ്ങളുടെ ഘോഷയാത്ര കണ്ടൊന്നും അയാൾ അമ്പരന്നില്ല; അചാഞ്ചല്യനായിത്തന്നെ നിലകൊണ്ടു. തന്റെ നിലപാടു് ശരിയാണെന്നു് അറിയാമായിരുന്നിട്ടും സ്വയം നീതീകരിക്കാൻ കഴിവില്ലാതെ അയാൾ വിഷമിച്ചു. കർത്തുസ്യനാശ്രമത്തിലെ നിർദ്ദേശാനുസരണം തത്വശാസ്ത്രവും സങ്കീർത്തനാലാപവും ഒരു കൊല്ലം അഭ്യസിച്ചു വീണ്ടും പ്രവേശനത്തിനു് തിരക്കിട്ടു മോൺട്രൂയിലിൽ. നിർദ്ദിഷ്ടപ്രായവും കൈവന്നു; ആരോഗ്യസ്ഥിതിയും അഭിവൃദ്ധിപ്പെട്ടു. തന്റെ സ്ഥിരോത്സാഹവും നിർവ്വിവാദമായി. ഒന്നുകൂടി പരീക്ഷിക്കാമെന്നു് ആശ്രമാധികൃതർ സമ്മതിച്ചു.

പരീക്ഷണഘട്ടം ആഴ്ചയേ നീണ്ടുനിന്നുള്ളു. അതിനിടയിൽ ശരീരം ചടച്ചു; ഏകാന്തജീവിതം ശ്രമസാദ്ധ്യമായി; മിണ്ടടക്കം അചിന്ത്യമായി. അയാൾക്കു് ദൈവവിളിയില്ലെന്നു് അവർ തീർത്തുപറഞ്ഞു. ഇനി ഏതായാലും വീട്ടിലേക്കില്ലെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു ആശ്രമത്തിൽനിന്നു യാത്രയായി. ഒരിക്കൽക്കൂടി ട്രാപ്പിസ്റ്റ് സന്യാസമന്ദിരദ്വാരത്തിൽ മുട്ടിനോക്കണം; അല്ലെങ്കിൽ മറെറാരു സന്യാസസമൂഹത്തെ സമീപിക്കണം; വേണ്ടിവന്നാൽ ആശ്രമംതോറും ചെന്നു് നിവേദനം ചെയ്യണം. ഇനി ഏതായാലും സ്വകുടുംബാംഗങ്ങളെ കഷ്ടപ്പെടുത്തരുതു്. മദ്ധ്യേമാർഗ്ഗം വീട്ടിലേക്കു് എഴുതി. സ്നേഹപരവശമായ ഒരു നിഷ്കന്മഷഹൃദയത്തിന്റെ സൂക്ഷ്മമായ മിടിപ്പുകൾ ആ എഴുത്തിൽക്കൂടി നമുക്കു കേൾക്കാം.

“പ്രിയ അപ്പാ, അമ്മേ,

എന്നെ കർത്തുസ്യൻ സഭയിലേക്കു കൊള്ളുകയില്ലെന്നു് അവർ തീർച്ചപ്പെടുത്തിയ വിവരം അറിയിക്കുവാനാണു് ഞാൻ ഇതെഴുതുന്നതു്. ഒക്ടോബർ 2-ാനു- ഞാൻ ആശ്രമത്തിൽനിന്നു പോന്നു. എന്റെ ചിരന്തനാഭിലാഷവിഷയമായ ലാട്രാപ്പിലേക്കു പോകാൻ ഞാൻ ഉദ്ദേശിക്കുകയാണു്. ഞാൻ നിങ്ങളോടു ചെയ്തിട്ടുള്ള എല്ലാ തെററുകൾക്കും മാപ്പപേക്ഷിച്ചുകൊള്ളുന്നു. ദൈവകൃപയാൽ ഇന്നുമുതൽ, നിങ്ങൾ എനിക്കുവേണ്ടിയാതൊന്നും ചെലവാക്കേണ്ട. ഞാൻ നിങ്ങൾക്കു വിഷമത്തിനും ഇടവരുത്തുകയില്ല. എന്നെക്കൊണ്ടുള്ള ക്ലേശത്തിൽനിന്നു നിങ്ങൾ സ്വതന്ത്രരായിരിക്കുന്നു എന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളട്ടെ. ഞാൻ വാസ്തവത്തിൽ നിങ്ങളെ വളരെ സങ്കടപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ നിങ്ങൾ എനിക്കു ചെയ്തിട്ടുള്ള എല്ലാക്കാര്യത്തിൽനിന്നും ഞാൻ പരമാവധി പ്രയോജനം നേടിക്കൊള്ളുന്നതാണെന്നു് വിശ്വസിക്കുക. നിങ്ങൾ എന്നെ അനുഗ്രഹിച്ചാലും. ഇനിയൊരിക്കലും ഞാൻ നിങ്ങളെ കഷ്ടപ്പെടുത്തുകയില്ല. ലാട്രാപ്പിൽ എന്നെ സ്വീകരിക്കുമെന്നു് ഞാൻ അതിയായി ശരണപ്പെടുന്നു. അവിടെ ഞാൻ തിരസ്കൃതനാകുകയാണെങ്കിൽ സെപ്റ്റ്ഫോണ്ട്സിൽ ശ്രമിക്കാമെന്നു കരുതുന്നു. അവിടെ വലിയ കർശനതയില്ലെന്നും അസ്വാസ്ഥ്യരെ സ്വീകരിക്കുമെന്നുമാണു് കേൾക്കുന്നതു്. ഏതായാലും ലാട്രാപ്പിൽതന്നെ ഞാൻ സ്വീകരിക്കപ്പെടുമെന്നു് വിചാരിക്കുന്നു.”

അങ്ങനെ ലാട്രാപ്പിൽ വീണ്ടും വന്നുചേർന്നു ബനഡിക്ടു്. പക്ഷേ മൊട്ടിട്ടുനിന്ന തന്റെ ആശകൾ വീണ്ടും വിടരാതെപോയി. അവർ അവനെ പറഞ്ഞയച്ചു. സെപ്റ്റ്ഫോണ്ട്സ് ആയിരുന്നു അടുത്ത സങ്കേതം. അവിടെ എടുക്കാമെന്നുവച്ചു. അങ്ങനെ നമ്മുടെ കഥാനായകൻ മൂന്നാം പ്രാവശ്യവും ദൈവവിളിയുടെ പരീക്ഷണത്തിൽ ഏല്പെടാൻ പോകുകയാണു്. അവിടത്തെ ജീവിതം ആനന്ദപ്രദമായിരുന്നു മൊത്തത്തിൽ. എങ്കിലും ചില പോരായ്മകൾ! ബനഡിക്ടിന്റെ ദാരിദ്ര്യാരൂപി ട്രാപ്പിസ്റ്റിന്റേതിനേയും അതിലംഘിച്ചിരുന്നു. അങ്ങേഅററത്തെ പരിത്യാഗം—അതായിരുന്നല്ലോ ബനഡിക്ടിന്റെ ആദർശം—കൂടുതൽ ത്യാഗത്തിനും പട്ടിണിക്കുംവേണ്ടി അയാളുടെ അന്തരാത്മാവു ദാഹിക്കുകയാണു്. പക്ഷേ എട്ടുമാസംകൊണ്ടു് ആൾ ഈക്കിലിൽ മെച്ചിങ്ങാ കുത്തിയപോലെയായി. ഒടുവിൽ രോഗഗ്രസ്തനും ശയ്യാബദ്ധനും ആയി രണ്ടു മാസംകൂടി തള്ളിനീക്കി. സെപ്റ്റ്ഫൊണ്ട്സുകാർക്കും മതിയായി. ട്രാപ്പിസ്റ്റ്സഭയ്ക്കു അപഥ്യാപ്പൻ എന്നു നിർണ്ണയിക്കപ്പെട്ട ബനഡിക്ടു്, എല്ലാം ദൈവേഷ്ടം എന്നു സമാധാനിച്ചുകൊണ്ടു് ആശ്രമത്തോടു വിടവാങ്ങി.

ബനഡിക്ടു് സ്വന്തം ദൈവവിളി മനസ്സിലാക്കാൻ തുടങ്ങുകയാണു്. ആശ്രമപ്രതിപത്തി തീരെ വിട്ടുമാറിയില്ലെങ്കിലും തനിക്കു് പ്രവേശനം കിട്ടുകയില്ലെന്നു് തീർച്ചയായതിനാൽ ആ വഴിക്കുള്ള ശ്രമത്തിനു് ഇക്കുറി പൂർണ്ണവിരാമമിട്ടു.

അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ.

ആശ്രമ ഭിത്തികൾക്കുള്ളിലെ ഏകാന്തജീവിതവുമായി പൊരുത്തപ്പെടുക അസാദ്ധ്യം. ആകയാൽ ലോകം മുഴുവനും തന്റെ ആശ്രമമാക്കാം എന്നു തീരുമാനിച്ചു. ദരിദ്രരിൽ ദരിദ്രനായും പരിത്യക്തരിൽ പരിത്യക്തനായും ദൈവത്തിന്റെ സ്വന്തമായും ജീവിക്കാം. മനുഷ്യർ നൽകുന്നതുകൊണ്ടുമാത്രം ജീവസന്ധാരണം നടത്തിക്കൊണ്ടു് സ്വർഗ്ഗത്തിലേക്കുള്ള ഒരു തീർത്ഥകനായി ഭിക്ഷാടനം നടത്തണം. ഇതായിരുന്നു അന്തിമനിശ്ചയം; ദൈവവിളിയെപ്പററി. ബനഡിക്ടു് ഇരുപത്തിയഞ്ചാമത്തെ വയസ്സിലാണു് ഈ തീരുമാനത്തിൽ എത്തിയതു്.

താമസിയാതെ തീർത്ഥാടനം ആരംഭിക്കുകയായി. നിത്യനഗരമായ റോമാ ആയിരുന്നു പ്രഥമലക്ഷ്യം. അരയിൽ കയറുകൊണ്ടു ബന്ധിച്ച ഒരു നീണ്ടഅങ്കി; നെഞ്ചിൽ ഒരു കുരിശു്. കഴുത്തിൽ ഒരു ജോഡി കൊന്തമണികൾ കോർത്തുകെട്ടിയിട്ടുണ്ടു്. കാലിൽ ധരിച്ചിരിക്കുന്ന സാധനങ്ങൾക്കു ചെരിപ്പു എന്നു പറയാമോ എന്നു സംശയം. ഏതു കാലാവസ്ഥയിലും ഈ വേഷമായിരുന്നു ബനഡിക്ടിനു്. തന്റെ ജംഗമങ്ങൾ ഉൾക്കൊണ്ടിരുന്ന ഒരു മാറാപ്പു് തോളിൽ കിടപ്പുണ്ടു്. അതിലെ ഉള്ളടക്കം ഒരു വേദപുസ്തകവും ഒരു പ്രാർത്ഥനാഗ്രന്ഥവുംമാത്രം. വല്ലവരും കൊടുക്കുന്നതുമാത്രം ആഹാരം; അതിനപ്പുറം ഒന്നും വേണ്ട. അന്നന്നയപ്പം കഴിഞ്ഞു മിച്ചമുള്ളതു് മററാർക്കെങ്കിലും കൊടുക്കും ഉടനെ. ദാരിദ്ര്യത്തിന്റെ ഉടപ്പിറപ്പായി വൃത്തിഹീനതയും

# പ്രൊഫസർ മുണ്ടശ്ശേരിയുടെ പുതിയ വിദ്യാഭ്യാസബിൽ

### പാർട്ട് 1

#### ജനറൽ

ചുരുക്കപ്പേരും വ്യാപ്തിയും നിലവിൽ വരുന്നതും

1) ഈ ആക്ടിനു കേരളവിദ്യാഭ്യാസആക്ട്, 1957 എന്നു പേർ പറയാം.

2) ഇതിൻെറ വ്യാപ്തി സ്റ്റേററ് ഒട്ടുക്കു ആയിരിക്കും.

3) ഗസററ്പരസ്യംമൂലം ഗവമ്മെൻറു നിശ്ചയിക്കാവുന്ന തീയതിമുതൽ ഊർജ്ജിതത്തിൽ വരുന്നതാണ്.

### 2. വിവരണം

ഈ ആക്ടിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ

1) എയിഡഡ്സ്കൂൾ എന്നു പറഞ്ഞാൽ ഗവമ്മെൻറ് അംഗീകരിച്ചിട്ടുള്ളതും ഗവർമ്മെൻറിൽനിന്നു സഹായധനം പററുന്നതുമായ പ്രൈവററുസ്കൂൾ എന്നും

2) വിദ്യാഭ്യാസ ഏജൻസി എന്നു പറഞ്ഞാൽ, ഈ ആക്ടിൻ പ്രകാരം ഏതെങ്കിലും എയിഡഡ്സ്കൂൾ സ്ഥാപിച്ചു നടത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യക്തി അഥവാ സമൂഹം എന്നും

3) നിലവിലിരിക്കുന്ന സ്കൂൾ എന്നു പറഞ്ഞാൽ ഈ ആക്ട് നിലവിൽ വരുന്നതിനുമുമ്പ് സ്ഥാപിതവും ഈ ആക്ട് നിലവിൽ വരുമ്പോൾ ആ നിലയിൽ തുടരുന്നതുമായ ഏതെങ്കിലും എയിഡഡ്, അംഗീകൃത അഥവാ ഗവർമ്മെൻറ്സ്കൂൾ എന്നും

4) പ്രാദേശികവിദ്യാഭ്യാസ അതോറിട്ടി എന്നു പറഞ്ഞാൽ 18-ാം വകുപ്പനുസരിച്ച് ഗവർമ്മെൻറു സംഘടിപ്പിച്ച അതോറിട്ടി എന്നും

5) നിർദ്ദിഷ്ട (പ്രിസ്ക്രൈബ്ഡ്) എന്നു പറഞ്ഞാൽ ഈ ആക്ടനുസരിച്ചുള്ള ചട്ടങ്ങളാൽ നിർദ്ദിഷ്ടമായ എന്നും

6) പ്രൈവററുസ്കൂൾ എന്നു പറഞ്ഞാൽ സഹായധനം ലഭിക്കുന്ന അഥവാ അംഗീകൃത എന്നും

7) അംഗീകൃതസ്കൂൾ എന്നു പറഞ്ഞാൽ ഈ ആക്ടും അതനുസരിച്ചുള്ള ചട്ടങ്ങളുംപ്രകാരം ഗവർമ്മെൻറ് അംഗീകരിച്ചിട്ടുള്ളതും, എന്നാൽ എയ്ഡഡ് അല്ലാത്തതുമായ സ്കൂൾ

8) സ്കൂൾ എന്നു പറഞ്ഞാൽ സ്കൂളിൻെറ കെട്ടിടങ്ങളും ഭൂമിയും കളിസ്ഥലങ്ങളും ഹോസ്റ്റലുകളും അതിനോടു ചേർന്നതോ അവയോടനുബന്ധിച്ചുള്ളതോ ആയ താമസസ്ഥലങ്ങളും ഉപകരണങ്ങൾ. പുസ്തകങ്ങൾ, അപ്പരേററസ്, മാപ്പുകൾ സ്കൂളിനെ സംബന്ധിച്ച ഉപകരണങ്ങൾ തുടങ്ങിയ ജംഗമങ്ങളും എന്നും

9) സ്റ്റേററ് എന്നാൽ കേരളാസ്റ്റേററ് എന്നും അർത്ഥമാകുന്നു.

### 3. സ്കൂൾസ്ഥാപനവും സ്ഥാപനത്തിൻെറ രജിസ്ട്രേഷനും

1) പൊതുവിദ്യാഭ്യാസത്തിനും സ്പെഷ്യൽവിദ്യാഭ്യാസത്തിനും അദ്ധ്യാപകരുടെ ട്രെയിനിംഗിനും അവശ്യമെന്നോ ഉചിതമെന്നോ കരുതുന്ന നടപടികൾ ഗവർമ്മെൻറ് അപ്പപ്പോൾ നടത്തുന്നതാകുന്നു.

2) ഇത്തരം സൗകര്യങ്ങൾ നൽകുന്നതിനു ഗവമ്മെൻറ്

എ) സ്കൂളുകൾ സ്ഥാപിച്ചു നടത്തുകയോ

ബി) എയ്ഡഡ് സ്കൂളുകൾ സ്ഥാപിച്ച് നടത്തുവാൻ ഏതെങ്കിലും വിദ്യാഭ്യാസഏജൻസിയെ അനുവദിക്കുകയോ അഥവാ

സി) മററു ഏതെങ്കിലും ഏജൻസി നടത്തുന്ന ഏതെങ്കിലും വിദ്യാലയം അംഗീകരിക്കയോ ചെയ്യാവുന്നതാകുന്നു.

3) നിലവിലുള്ള എല്ലാ സ്കൂളുകളും ഈ ആക്ടും ചട്ടങ്ങളും അനുസരിച്ച് സ്ഥാപിതമാണെന്നു പരിഗണിക്കുന്നതാണ്.

4) ഈ ആക്ട് നിലവിൽ വന്നതിനുശേഷം ഒരു പുതിയ വിദ്യാലയമോ ഉയന്ന ക്ലാസോ ആരംഭിക്കുന്നതു് ഈ ആക്ടും ഇതിലെ ചട്ടങ്ങളും അനുസരിച്ചായിരിക്കണം. അങ്ങനെയല്ലാതെ സ്ഥാപിക്കുന്ന സ്കൂളോ ക്ലാസോ ഗവമ്മെൻറിൻെറ അംഗീകാരത്തിനു അർഹമാകുന്നതല്ല.

5) വിദ്യാഭ്യാസത്തിൻെറ പ്രൈമറിഘട്ടവും മററുഘട്ടങ്ങളും പഠനവിഷയങ്ങളും ഗവമ്മെൻറ് ക്രമീകരിച്ചേക്കാവുന്നതാണ്.

### 4. സംസ്ഥാനവിദ്യാഭ്യാസ ഉപദേശകബോർഡ

1) വിദ്യാഭ്യാസനയം, വിദ്യാഭ്യാസവകുപ്പിൻെറ ഭരണം ഇവ സംബന്ധിച്ച കാര്യങ്ങളിൽ ഗവമ്മെൻറിനെ ഉപദേശിക്കുവാൻ ഗസററുവിജ്ഞാപനത്തിനുശേഷം ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു ബോർഡ് ഗവമ്മെൻറിനു ഏപ്പെടുത്താവുന്നതാണ്.

2) ഈ ബോർഡിൽ 19-ൽ കൂടാതെ മെമ്പറന്മാർ ഉണ്ടായിരിക്കേണ്ടതാണ്.

3) ബോർഡിൽ നിയമിക്കേണ്ട മെമ്പറന്മാരുടെ യോഗ്യത, ബോർഡുയോഗത്തിൻെറ നടപടിക്രമം, ബോർഡിൻെറ ശരിയായ നടത്തിപ്പിനു ആവശ്യവും ഉപയുക്തവും ആയ കാര്യങ്ങൾ ഇവ ഗവർമ്മെൻറ് നിർദ്ദേശിക്കുന്നതാണ്.

### 5. വിദ്യാഭ്യാസഏജൻസികൾ സ്ഥാപിച്ചു നടത്തുന്ന എയ്ഡഡ്സ്കൂളുകൾ

ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിലോ കരാറിലോ ഇതിനു വിരുദ്ധമായി എന്തുതന്നെ ഉണ്ടായിരുന്നാലും എയിഡഡ്സ്കൂളുകളുടെ സ്ഥാപിക്കൽ, നടത്തിപ്പ്, സംരക്ഷണം ഇവ അപ്പപ്പോൾ ഗവമ്മെൻറ് ക്രമീകരിക്കയും നിയന്ത്രിക്കയും ചെയ്യുന്നതു നിയമാനുസൃതമായ നടപടിയായിരിക്കും.

### 6. സ്വത്തിൻെറ ലിസ്റ്റ് മാനേജർ അയക്കണം

1) ഈ ആക്ട് നിലവിൽവന്നു മൂന്നുമാസത്തിനുള്ളിൽ അഥവാ പൊതുവോ പ്രത്യേകമോ ആയ ഉത്തരവുവഴി ഗവർമ്മെൻറ് അനുവദിക്കുന്ന കാലാവധിക്കുള്ളിൽ ഓരോ എയ്ഡഡ്സ്കൂളിൻേറയും മാനേജർ, അതതിനു നിർദ്ദേശിച്ചേക്കാവുന്ന അതോറിററിക്കു സ്കൂളിനോടു ചേർന്നതോ അനുബന്ധിതമോ ആയ എല്ലാ സ്ഥാവരജംഗമസ്വത്തുക്കളുടേയും ലിസ്റ്റ് ഗവമ്മെൻറ് നിർദ്ദേശിക്കാവുന്ന മററു വിവരങ്ങൾസഹിതം അയച്ചുകൊടുക്കണം.

2) 1-ാം ഉപവകുപ്പനുസരിച്ച് ലിസ്റ്റു നൽകുന്നതിൽ വീഴ്ചവരുത്തുന്ന ഒരാളിനു് 200 രൂപയിൽ കവിയാത്ത പിഴശിക്ഷ നൽകാവുന്നതാണ്. ശിക്ഷിക്കപ്പെട്ടതിനുശേഷം ഒരുമാസത്തിലധികം ഇതിൽ വീഴ്ചക്കാരനായാൽ അയാൾ അങ്ങനെ വീഴ്ചവരുത്തുന്ന ഓരോ ആഴ്ചയ്ക്കും ഭാഗത്തിനും 100 രൂപയിൽ കവിയാത്ത തുകവീതം പിഴശിക്ഷക്കർഹനാകുന്നതാണ്.

3) 1-ാം ഉപവകുപ്പനുസരിച്ച കാര്യമായ ഏതെങ്കിലും വിവരം സംബന്ധിച്ച് വ്യാജമോ അയഥാർത്ഥമോ ആയ സ്റ്റേററുമെൻറ് നൽകുന്നവർക്കു ഒരു വർഷംവരെയുള്ള തടവോ 1000 രൂപവരെ പിഴയോ രണ്ടുംകൂടിയോ ശിക്ഷനൽകാവുന്നതാണ്.

### 7. സ്കൂൾഅന്യാധീനമാക്കലിൽ നിയന്ത്രണം

1) ഇപ്പോൾ നിലവിലുള്ള സ്കൂളിൽ, ഒരു എയ്ഡഡ്സ്കൂളിനോടു ചേർന്നതോ അനുബന്ധിച്ചതോ ആയ ഏതെങ്കിലും സ്വത്ത് ഗവമ്മെൻറ് ഇതിലേക്കു നിർദ്ദേശിക്കുന്ന അതോറിട്ടിയുടെ രേഖാമൂലമായ അനുമതി നേരത്തെ സമ്പാദിക്കാതെ വില്ക്കുകയോ പണയപ്പെടുത്തുകയോ പാട്ടത്തിനു നൽകുകയോ ജാമ്യപ്പെടുത്തുകയോ ബാദ്ധ്യതപ്പെടുത്തുകയോ കൈമാററംചെയ്യുകയോ ചെയ്യരുത്.

2) 1-ാം ഉപവകുപ്പനുസരിച്ചുള്ള അനുമതി നിഷേധിച്ചുകൊണ്ട് അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള അതോറിററി നൽകുന്ന ഉത്തരവിൽ സങ്കടമുള്ളവർക്കു ഗവർമ്മെൻറു നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ നിർദ്ദേശിക്കുന്ന രീതിയിൽ ഗവർമ്മെൻറിൽ അപ്പീൽ ബോധിപ്പിക്കാം. അത്തരം അപ്പീലിന്മേൽ ഗവമ്മെൻറിൻെറ ഉത്തരവു അവസാന ഉത്തരവായിരിക്കും.

3) 1-ാം ഉപവകുപ്പിനോ 2-ാം ഉപവകുപ്പിനോ വിരുദ്ധമായ ഇടപാട് അസാധുവായിരിക്കുന്നതാണ്.

4) 1-ാം ഉപവകുപ്പിനോ 2-ാം ഉപവകുപ്പിനോ വിരുദ്ധമായി പ്രവൎത്തിക്കുന്ന ആൾക്കു 6 മാസംവരെയുള്ള തടവുശിക്ഷയോ 1000 രൂപവരെയുള്ള പിഴയോ രണ്ടുംകൂടിയോ നൽകാവുന്നതാണ്.

### 8. സ്കൂൾ മാനേജരന്മാർ

1) ഈ ആക്ട്പ്രകാരം ഏതു വിദ്യാഭ്യാസഏജൻസിക്കും, ഇതിലേക്കു നിർദ്ദേശിച്ചിരിക്കാവുന്ന അതോരിററിയുടെ കാലേക്കൂട്ടിയുള്ള അനുമതിയോടെ ഏതൊരാളിനേയും മാനേജരായി നിയമിക്കാവുന്നതാണ്.

2) ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ചും ഇതനുസരിച്ചുള്ള ചട്ടങ്ങൾക്കും ഇതിലേക്കു നിർദ്ദേശിക്കാവുന്ന അതോറിററി അപ്പപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾക്കും ഓർഡറുകൾക്കും വിധേയമായും സ്കൂൾ നടത്തുന്നതിനു മാനേജർ ഉത്തരവാദിയായിരിക്കും.

3) സ്കൂളിൻെറ സ്വത്തുക്കൾ മാനേജരുടെ സൂക്ഷത്തിലായിരിക്കേണ്ടതാണ്. മാനേജർ അവ ക്രമമായും ശരിയായ നിലയിലും പരിപാലിക്കേണ്ടതാകുന്നു.

4) അപ്പപ്പോൾ നൽകാവുന്ന ചട്ടങ്ങളും ആജ്ഞകളും നിർദ്ദേശങ്ങളും അനുസരിച്ച് സ്കൂൾ റിക്കാർഡുകൾ സൂക്ഷിക്കേണ്ടതു മാനേജരുടെ ചുമതലയാകുന്നു.

5) ഈ ആക്ടിലെ വ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ച് ഗവർമ്മെൻേറാ അധികാരപ്പെടുത്തപ്പെടുന്ന അതോറിററിയോ പുറപ്പെടുവിക്കുന്ന നിയമാനുസൃതമായ എല്ലാ ഉത്തരവുകളും പാലിക്കാനും, സ്കൂൾ, റിക്കാർഡുകൾ, കണക്കുകൾ ഇവ പരിശോധിക്കുന്ന ഏതെങ്കിലും ആഫീസർക്കു അതിനു വേണ്ടിവരുന്ന അഥവാ ആവശ്യമായേക്കാവുന്ന എല്ലാ സഹായങ്ങളും സൗകര്യങ്ങളും നൽകുവാനും മാനേജർ ബാദ്ധ്യസ്ഥനാണ്.

6) നിർദ്ദിഷ്ടമായ രീതിയിലല്ലാതെ ഒരു മാനേജരും ഒരു സ്കൂളും അടച്ചുപൂട്ടരുതു്.

7) ഒരു സ്കൂൾ അടച്ചുപൂട്ടുകയോ നിറുത്തുകയോ അഥവാ അതിൻെറ അംഗീകാരം പിൻവലിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ഇതിലേക്കു നിർദ്ദിഷ്ടമാകുന്ന അതോറിററിയെ മാനേജർ സ്കൂളിൻെറ എല്ലാ റിക്കാർഡുകളും കണക്കുകളും ഏല്പിക്കേണ്ടതാണ്.

8) ഏതെങ്കിലും മാനേജർ 5-ാം ഉപവകുപ്പിനോ 6-ാം ഉപവകുപ്പിനോ 7-ാം ഉപവകുപ്പിനോ വിരുദ്ധമായി പ്രവൎത്തിച്ചാൽ അയാൾക്കു 200 രൂപവരെ പിഴശിക്ഷ നൽകാവുന്നതാണ്. ഈ ശിക്ഷയ്ക്കുശേഷം ഒരു മാസത്തിലധികംകാലത്തേക്കുകൂടെ ആ നടപടി തുടന്നാൽ അയാൾക്കു ആ നടപടി തുടരുന്നിടത്തോളം കാലത്തേക്കു ഓരോ ആഴ്ചയ്ക്കും ഭാഗത്തിനും 100 രൂപവരെയുള്ള പിഴശിക്ഷകൂടെ വിധിക്കാവുന്നതാണ്.

### 9. നടപടിനടത്തൽ

6-ാം വകുപ്പിൻെറ 2-ാം ഉപവകുപ്പ് അഥവാ 3-ാം ഉപവകുപ്പ്; അഥവാ 7-ാം വകുപ്പിൻെറ 4-ാം ഉപവകുപ്പ്, അഥവാ 8-ാം വകുപ്പിൻെറ 8-ാം ഉപവകുപ്പ് എന്നിവ അനുസരിച്ചുള്ള ഒരു കേസുവിചാരണ ഇതിലേക്കു അധികാരപ്പെടുത്തിയേക്കാവുന്ന ഒരു ആഫീസർ അഥവാ ആഫീസർമാരിൽനിന്നു രേഖാമൂലം കാലേക്കൂട്ടി ലഭിക്കുന്ന അനുമതിയോടുകൂടിയോ, അവരുടെ പരാതിയിന്മേലോ അല്ലാതെ യാതൊരു കോടതിയും നടത്തിക്കൂടാ.

### 10. മാനേജരിൽനിന്നു ഈടാക്കേണ്ടും തുകകളുടെ ഈടാക്കൽ

1) ഈ നിയമം നിലവിൽ വരുമ്പോൾ ഏതെങ്കിലും എയ്ഡഡ്സ്കൂൾ മാനേജരിൽനിന്നു് ഏതെങ്കിലും കരാറോ പദ്ധതിയോ അഥവാ ഗവമ്മെൻറ് സഹായധനം നൽകിയതോ ഗ്രാൻറു നൽകിയതോ സംബന്ധിച്ച ക്രമീകരണമോ വഴി ഗവമ്മെൻറിനു മാനേജരിൽനിന്നു ഈടാകാനുള്ള തുകകൾ നിലവിലിരിക്കുന്ന റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കാം.

2) ഈ ആക്ട് നിലവിൽവരുമ്പോൾ 1-ാം ഉപവകുപ്പിൽ പറയുംപ്രകാരമുള്ള ഏതെങ്കിലും കരാറോ പദ്ധതിയോ ക്രമീകരണമോ പ്രകാരം മാനേജർ ആ എയിഡഡ്സ്കൂളിലെ ഒരദ്ധ്യാപകനു മേൽപ്പറഞ്ഞ കരാറോ പദ്ധതിയോ നിർദ്ദേശിക്കുന്ന സ്കെയിൽപ്രകാരം ശമ്പളമോ ശമ്പളക്കുടിശിഖയോ നൽകേണ്ടതുണ്ടെങ്കിൽ ആ ശമ്പളമോ ശമ്പളക്കുടിശിഖയോ കരക്കുടിശിഖയെന്നവണ്ണം നിലവിലുള്ള റവന്യൂ റിക്കവറിആക്ട്പ്രകാരം ഗവമ്മെൻറ് ഈടാക്കി ബന്ധപ്പെട്ട അദ്ധ്യാപകനു നൽകേണ്ടതാണ്.

3) ഏതെങ്കിലും കരാറിലോ പദ്ധതിയിലോ ക്രമീകരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് നടപ്പിൽവന്നതിനുശേഷം ഒരു എയിഡഡ്സ്കൂളിൽ വിദ്യാർത്ഥികളിൽനിന്നു പിരിക്കുന്ന ഫീസ് അഥവാ അത്തരം പിരിവിൻെറ ഭാഗം നിർദ്ദേശിക്കുന്നവിധം ഗവമ്മെൻറിനെ ഏല്പിക്കേണ്ടതാണ്.

### 11. എയ്ഡഡ്സ്കൂളുകൾക്കുള്ള ഗ്രാൻറു

1) എയ്ഡഡ്സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം ഗവമ്മെൻറ് നേരിട്ടോ അഥവാ നിർദ്ദേശിക്കുന്ന വിധത്തിലോ നൽകേണ്ടതാണ്.

2) അതതുകാലത്ത് നിശ്ചയിക്കുന്ന നിരക്കിൻെറ അടിസ്ഥാനത്തിൽ ഗവമ്മെൻറിൽനിന്നും മാനേജൎക്ക് ഒരു മെയിൻറനൻസ് ഗ്രാൻറ് നൽകാവുന്നതാണ്.

3) ഏതെങ്കിലും എയ്ഡഡ് സ്കൂളിനുള്ള സ്ഥലമോ കെട്ടിടമോ ഉപകരണങ്ങളോ വാങ്ങുകയോ, പരിഷ്കരിക്കുകയോ കേടുപാടു പോക്കുകയോ ചെയ്യാൻവേണ്ടി ഗവമ്മെൻറിൽനിന്നും ഗ്രാൻറ് ഇൻ എയിഡ് അനുവദിക്കാവുന്നതാണ്.

### 12 അദ്ധ്യാപകരുടെ സ്റ്റേററ് റജിസ്ററർ

1) ഗവമ്മെണ്ട് ഒരു സ്റ്റേററ് റജിസ്റ്റർ സൂക്ഷിക്കുന്നതും, അദ്ധ്യാപക ജോലിക്ക് അർഹതയുള്ളവരുടെ പേരുകൾ അതിൽ റജിസ്റ്റർ ചെയ്യുന്നതുമായിരിക്കും.

2) നിലവിലുള്ള സ്കൂളുകളിൽ അദ്ധ്യാപക ജോലിയിലിരിക്കുന്ന എല്ലാവരും, സ്റ്റേററ് റജിസ്റ്ററിൽ പേരു് റജിസ്റ്റർ ചെയ്യപ്പെട്ടവരായി പരിഗണിക്കപ്പെടുന്നതാണ്.

3) സ്റ്റേററ് റജിസ്റ്ററിൽ പേരു് ഉൾപ്പെടുത്തേണ്ടവരുടെ അദ്ധ്യാപകയോഗ്യതകളും റജിസ്ട്രേഷൻെറ നടപടിക്രമവും ഗവമ്മെണ്ടു നിശ്ചയിക്കും.

4) ഈ സ്റ്റേററ് റജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള അധികാരി

രോഗവിവരക്കത്തുകൾ അയക്കേണ്ട വിലാസം:-

**കാളൻവൈദ്യൻ,**

നെല്ലായി (S. India)

---

ബനഡിക്ടിനെ ബാധിച്ചു. വസ്തുങ്ങളിൽനിന്നു പുറപ്പെട്ടിരുന്ന ചൂരു് ദുസ്സഹമായിരുന്നു എന്നതിനു് കുമ്പസാരക്കാരൻതന്നെ അനുഭവസാക്ഷിയാണ്. തന്നെ ഒരു പുണ്യപുരുഷൻ എന്നു കരുതിയിരുന്നവർപോലും ആളിനെ കണ്ടാൽ മാറിനില്ക്കാൻ നിർബന്ധിതരായിരുന്നു! താൻ അവഹേളിതനാകുന്നതിൽപരം ബനഡിക്ടിനു് സംതൃപ്തികരമായി മറെറാന്നില്ലായിരുന്നു. എത്രമാത്രം ലോകം തന്നെ അവഗണിച്ചോ അത്രകണ്ടു് അയാൾ ദൈവത്തിങ്കലേക്കു് അടുത്തുകൊണ്ടിരുന്നു. അഹോ! അഹംഭാവപ്രമത്തമായ ലോകത്തെ കണ്ണുതുറപ്പിക്കുന്ന ഒരു അമാനുഷികപ്രവൃത്തി!

തൻെറ അന്തരാത്മാവിൽ വിശിക്കൊണ്ടിരുന്ന കിരണകന്ദളങ്ങൾ വളരാൻ തുടങ്ങി. ഇത്തരുണത്തിലായിരുന്നു ബനഡിക്ടിൻെറ തീൎത്ഥാടനത്തിൻെറ വിഷ്ക്കംഭം. അയാൾ ഒരു വലിയ "നൊവസ്യാത്തു്" (പ്രാരംഭപരിശീലനം) തന്നെ കഴിച്ചു. രണ്ടു ലോകങ്ങളുടെ മദ്ധ്യേ വസിച്ചുകൊണ്ടു്; ഒന്നു തനിക്കു വേണ്ടാത്ത ലോകം, മററു് തനിക്കെതിരായി വീണ്ടും വീണ്ടും കവാടബന്ധനം ചെയ്ത ലോകം. ബനഡിക്ട് ചെയ്ത അന്തിമതീരുമാനം, പിഡ്മോണ്ടിൽനിന്നും മാതാപിതാക്കന്മാൎക്കെഴുതിയ എഴുത്തിൽ തെളിഞ്ഞുവിളങ്ങുന്നുണ്ടു്. ചൈതന്യവും ഊഷ്മാവും നിറഞ്ഞുതുളുമ്പുകയാണ് പ്രസ്തുത കായിതത്തിൽ. തികഞ്ഞ ആത്മോപാലംഭവും സഹാനുഭൂതിയും സ്വാത്മനിൎമ്മാർജ്ജനവും അതിൽ ഉൾച്ചെടുത്തിരിക്കുകയാണ്. വൈരമോ ഇച്ഛാഭംഗമോ അതിൽ സ്ഥലം പിടിച്ചിട്ടില്ല. അതെഴുതിയ ആൾ തികച്ചും കൃതാൎത്ഥനാണ്. തൻെറ സ്നേഹഭാജനങ്ങളെ ക്ലേശിപ്പിച്ചേക്കുമോ എന്നുള്ളതല്ലാതെ മറെറാരു ഭയം അയാൾക്കില്ലായിരുന്നു. ഇതാ ആ കത്തു്. (തുടരും)

ആരെന്നും, അതു സൂക്ഷിക്കേണ്ട വിധം ഏതെന്നും ഗവമ്മെണ്ടു ക്ലിപ്തപ്പെടുത്തും.

5) റജിസ്റ്റർ ചെയ്യപ്പെടുകയോ അങ്ങിനെ പരിഗണിക്കപ്പെടുകയോ ചെയ്യാത്ത യാതൊരാളും സംസ്ഥാനത്തെ ഗവമ്മെണ്ടു സ്കൂളുകളിലോ പ്രൈവററു സ്കൂളുകളിലോ അദ്ധ്യാപകനായി നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.

### 13 എയിഡഡ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

നിർദ്ദിഷ്ട അധികാരി നിർദ്ദേശിക്കുന്നരീതിയിലും നൽകുന്ന പാനലിൽനിന്നും എയിഡഡ് സ്കൂളിലെ എല്ലാ അദ്ധ്യാപകന്മാരെയും മാനേജർ നിയമിച്ചുകൊള്ളേണ്ടതാകുന്നു.

### 14 എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കുള്ള പെൻഷനും മററു ആനുകൂല്യങ്ങളും

1) ഗവമ്മെണ്ടു സ്കൂൾ അദ്ധ്യാപകക്കു് ബാധകമായ പെൻഷൻ, പ്രോവിഡൻറു് ഫണ്ടു്, ഇൻഷുറൻസ് എന്നിവ സംബന്ധിച്ചുള്ള ഏതെങ്കിലും പദ്ധതി, സമുചിതമെന്നു് തോന്നുന്ന വ്യവസ്ഥകൾക്കും വ്യത്യസ്തതകൾക്കും വിധേയമായി ഗസററു നോട്ടിഫിക്കേഷൻമുഖേന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും ബാധകമാക്കാവുന്നതാണു്.

2) അത്തരം പദ്ധതികളിൽ സംഭാവന നൽകാൻ മാനേജ്മെൻറിനു് ബാദ്ധ്യതയില്ലാത്തതാകുന്നു.

### 15 എണ്ണം ചുരുക്കാൻവേണ്ടി പിരിച്ചുവിടുന്ന അദ്ധ്യാപകരുടെ പുനർനിയമനം

പഠനത്തിൻെറ കോഴ്സ്, അദ്ധ്യയനപദ്ധതി, എന്നിവയോടു് ബന്ധപ്പെട്ടതോ താദൃശമായ മറേറതെങ്കിലും കാര്യത്തിനോ ഉള്ള ഗവമ്മെണ്ടുത്തരവിൻെറ ഫലമായി ഏതെങ്കിലും എയിഡഡ് സ്കൂളിലെ അദ്ധ്യാപകരെ കുറയ്ക്കേണ്ടതായിവന്നാൽ, അങ്ങനെയുള്ള അദ്ധ്യാപകരെ, മറേറതെങ്കിലും സ്കൂളിൽ ഉചിതമായ ഒഴിവുകളിൽ നിയമിക്കാൻ അവിടത്തെ മാനേജരോടു് നിർദ്ദിഷ്ട അധികാരിക്കു് ആവശ്യപ്പെടാവുന്നതും, ആ നിർദ്ദേശം അനുസരിച്ചു് മാനേജർ പ്രവർത്തിക്കാൻ കടപ്പെട്ടവനായിരിക്കുന്നതുമാണു്.

### 16 സ്കൂളുകളുടെ മാനേജ്മെൻറു് ഏറെറടുക്കൽ

1) ഈ ആക്ടനുസരിച്ചോ, ഇതിൻെറ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളനുസരിച്ചോ ഉള്ള ചുമതലകൾ നിർവഹിക്കുന്നതിൽ ഏതെങ്കിലും മാനേജർ ഉപേക്ഷ കാണിച്ചതായി ഗവമ്മെണ്ടിനു് തോന്നുകയോ, പൊതുതാല്പര്യത്തിനുവേണ്ടി സ്കൂളിൻെറ മാനേജ്മെൻറു് അഞ്ചുകൊല്ലത്തിൽ കവിയാത്ത കാലത്തേയ്ക്കു് ഏറെറടുക്കേണ്ടതാവശ്യമാണെന്നു് കരുതുകയോ ചെയ്യുന്നതായാൽ, ന്യായമായ ഒരു കാലാവധിക്കുള്ളിൽ നടപടി എടുക്കാതെയിരിക്കുവാനുള്ള കാരണം അറിയിക്കാൻ മാനേജരോടു ആവശ്യപ്പെടുന്നതും, ആ സമാധാനം പരിശോധിച്ചിട്ടു തൃപ്തികരമല്ലെന്നു് കണ്ടാൽ പൊതുതാല്പര്യത്തെ മുൻനിറുത്തി സ്കൂൾ മാനേജ്മെൻറു് പ്രസ്താവിത കാലഘട്ടത്തിൽ ഗവർമ്മെണ്ടു് ഏറെറടുത്തു് നടത്തുന്നതാണു്.

2) അടിയന്തിര ഘട്ടങ്ങളിൽ 1—ാം ഉപവകുപ്പിൽ നിർദ്ദേശിക്കുന്ന വിധത്തിൽ മാനേജർക്കു് നോട്ടീസ് കൊടുക്കാതെതന്നെ, ഗസററിൽ ഇതേസംബന്ധിച്ചു് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിക്കൊണ്ടു് ഗവമ്മെണ്ടിനു് മാനേജ്മെൻറു് ഏറെറടുക്കാവുന്നതാണു്.

3) ഈ ഉപവകുപ്പനുസരിച്ചു ഏതെങ്കിലും എയ്ഡഡ് സ്കൂളിൻെറ മാനേജ്മെൻറു ഏറെറടുക്കുന്നതു സംബന്ധിച്ചു ആവശ്യമെന്നോ ഉചിതമെന്നോ തോന്നുന്ന ഉത്തരവുകളും ഗവമ്മെണ്ടു പുറപ്പെടുവിച്ചേക്കാവുന്നതാണു്.

4) ഈ വകുപ്പിനനുസരിച്ചു ഏതെങ്കിലും സ്കൂൾ ഏറെറടുക്കുമ്പോൾ അതിൽ താല്പര്യമുള്ള വ്യക്തിക്കോ വ്യക്തികൾക്കോ, ആ സ്ഥലത്തു അത്തരം സ്വത്തുക്കൾക്കു നടപ്പുള്ളരീതി പരിഗണിച്ചു കലക്ടർ നിശ്ചയിക്കുന്ന വാടക ഗവമ്മെണ്ടു നൽകണം.

എന്നാൽ ആ സ്കൂളിനുവേണ്ടി എന്തെങ്കിലും സ്വത്തു ഗവമ്മെണ്ടു നൽകിയ സഹായംകൊണ്ടോ ഗവമ്മെണ്ടു ഗ്രാൻറുപയോഗിച്ചോ അക്വയർ ചെയ്യുകയോ പണിയിക്കയോ നന്നാക്കുകയോ സംരക്ഷിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ ആ സഹായമോ ഗ്രാൻേറാകൂടി പരിഗണിച്ചുവേണം കലക്ടർ വാടക നിശ്ചയിക്കേണ്ടതു്.

5) 4—ാം ഉപവകുപ്പനുസരിച്ചു വാടക നിശ്ചയിച്ചുകൊണ്ടു കലക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ സങ്കടമുള്ള ആക്കും, നിർദ്ദിഷ്ടരീതിയിൽ ഓർഡറുണ്ടായി 60 ദിവസത്തിനുള്ളിൽ ആ സ്കൂൾ ഏതു ഡി. കോടതിയുടെ പരിധിയിൽപെടുന്നോ ആ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണു്. ജഡ്ജിയുടെ തീരുമാനം അവസാനതീരുമാനമായിരിക്കും.

6) പൊതുജന താല്പര്യത്തിനു ആവശ്യമെന്നു ബോദ്ധ്യമാകുന്നപക്ഷം ഏറെറടുത്ത സ്കൂൾ ഗവർമ്മെണ്ടിൻ കൈവശപ്പെടുത്താവുന്നതാണു്. അങ്ങനെ ചെയ്താൽ നഷ്ടപരിഹാരം സംബന്ധിച്ചു 17—ാം വകുപ്പിൽ പറയുന്ന തത്വങ്ങളനുസരിച്ചു ഗവമ്മെണ്ടു നഷ്ടപരിഹാരം നൽകേണ്ടതാണു്.

### 17 ഏതിനത്തിൽപെട്ട സ്കൂളും കൈവശപ്പെടുത്താനധികാരം

1) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസംസമീകരിക്കുന്നതിനോ ഏതെങ്കിലും പ്രദേശത്തെ സാക്ഷരതാനിരക്കു അഭിവൃദ്ധിപ്പെടുത്താനോ ഏതെങ്കിലും വിഭാഗത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്താനോ ഏതെങ്കിലും ഇനത്തിൽപെട്ട വിദ്യാഭ്യാസം നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരാനോ അങ്ങനെ ചെയ്യേണ്ടതു പൊതുതാല്പര്യത്തിനു ആവശ്യമെന്നു ബോദ്ധ്യമായാൽ ഗസററ് വിജ്ഞാപനംവഴി അതിൽ പറയുന്ന ഏതെങ്കിലുംനിർദ്ദിഷ്ടതീയതിയിൽ ഏതെങ്കിലും പ്രദേശത്തെയോ പ്രദേശങ്ങളിലെയോ ഏതെങ്കിലും ഇനത്തിൽപെട്ട എയ്ഡഡ് സ്കൂളുകൾ ഗവമ്മെണ്ടിനു കൈവശപ്പെടുത്താവുന്നതാണു്. അത്തരം ഗസററ്വിജ്ഞാപനത്തിൽ പറയുന്ന തീയതിമുതൽ ആ സ്കൂളുകൾ പൂർണ്ണമായും ഗവമ്മെണ്ടിൽ സ്ഥിതി ചെയ്യുന്നതാണു്.

2) 1—ാം ഉപവകുപ്പനുസരിച്ചു ഏതെങ്കിലും സ്കൂൾ ഗവമ്മെണ്ടിൽ നിക്ഷിപ്തമായാൽ നഷ്ടപരിഹാരം അവകാശപ്പെട്ടവക്കു വിജ്ഞാപനത്തീയതിയിലെ നിലവാരമനുസരിച്ചു നഷ്ടപരിഹാരം നൽകേണ്ടതാണു്.

എന്നാൽ ഗവമ്മെണ്ടു നൽകിയ സഹായംകൊണ്ടോ ഗ്രാൻറുപയോഗിച്ചോ സ്കൂളിനുവേണ്ടി ഏതെങ്കിലും സ്വത്തു അക്വയർ ചെയ്യുകയോ പണിയിക്കയോ നന്നാക്കുകയോ സംരക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ സ്കൂളിൻെറ മാക്കററുവിലയിൽനിന്നു ആവക ധനസഹായമോ ഗ്രാൻേറാ കുറവുചെയ്തിട്ടുവേണം നഷ്ടപരിഹാരത്തുക നിശ്ചയിക്കാൻ.

ജംഗമങ്ങളുടെ കാര്യത്തിൽ വിജ്ഞാപനത്തീയതിയിലെ മാർക്കററ്വില അഥവാ അസൽ വില, തേയ്മാനച്ചെലവിൻേറതു കുറച്ചു്, ഇവരണ്ടിൽ ഏതാണോ കുറവു അതായിരിക്കണം നഷ്ടപരിഹാരത്തുക.

3) നഷ്ടപരിഹാരത്തുകയും അവകാശികൾക്കുള്ള വിഹിതനിർണ്ണയവും അതിലേക്കു നിർദ്ദേശിക്കുന്ന ചട്ടങ്ങളനുസരിച്ചു കലക്ടർ നിശ്ചയിക്കേണ്ടതാണു്.

4) ഒരു ഡിസ്ട്രിക്ട് കളക്ടരുടെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന സ്കൂളിനെസംബന്ധിച്ചു് പ്രസ്തുത കളക്ടരുടെ ഉത്തരവിൽ പരാതി ഉണ്ടെങ്കിൽ, അവാർഡിൻെറ തീയതിമുതൽ 60 ദിവസത്തിനകം ഡിസ്ട്രിക്ട് കോടതിയിൽ നിശ്ചിത തീയതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതുസംബന്ധിച്ചുള്ള ജഡ്ജിയുടെ തീരുമാനം അവസാനനടപടിയായിരിക്കുന്നതുമാകുന്നു.

### 18 പ്രാദേശിക വിദ്യാഭ്യാസാതോറിട്ടിയുടെ സൃഷ്ടി

1) വിദ്യാഭ്യാസ നടത്തിപ്പിൽ ജനങ്ങളെ പങ്കുകൊള്ളിക്കുന്നതിനും, വിദ്യാഭ്യാസകാര്യങ്ങളിൽ പ്രാദേശികതാല്പര്യം പുലത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിനും, ഗസററ്വിജ്ഞാപനംമുഖേന, പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രദേശത്തൊ, പ്രദേശങ്ങളിലോ അധികാരം ഉണ്ടായിരിക്കത്തക്ക പ്രാദേശിക വിദ്യാഭ്യാസാതോറിററികളെ ഗവമ്മെണ്ടിനു് ഏർപ്പെടുത്താവുന്നതാണു്.

2) വിദ്യാഭ്യാസ നടത്തിപ്പു് പ്രാദേശിക വിദ്യാഭ്യാസാതോറിററികൾ നടത്തുന്നതിനും അതേയം സ്കൂളുകളുടെ പരിശോധനയും നിയന്ത്രണവും മേൽനോട്ടവും സംസ്ഥാന വിദ്യാഭ്യാസവകുപ്പു് നടത്തുന്നതിനും ഗവമ്മെണ്ടിനു് നിർദ്ദേശിക്കാവുന്നതാകുന്നു.

3) ഏതെങ്കിലുംപ്രദേശത്തു പ്രാദേശിക വിദ്യാഭ്യാസാതോറിട്ടികളെ നിയമിക്കുന്നതും, വിദ്യാഭ്യാസ ഭരണകാര്യം അവരെ ഭരമേൽപ്പിക്കുന്നതും, ആ പ്രദേശത്തെ അദ്ധ്യാപകരുടെ അവകാശങ്ങളെയും, ബാദ്ധ്യതകളെയും ബാധിക്കുകയോ, അവക്കു ഹാനിവരുത്തുകയോ ചെയ്യുന്നതല്ല.

### 19 അംഗീകൃത സ്കൂളുകൾ

5, 6, 7, 8, 9, 16, 17 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ എയിഡഡ് സ്കൂളുകളെപ്പോലെതന്നെ അംഗീകൃത സ്കൂളുകളെയും ബാധിക്കുന്നതാണു്.

## പാർട്ടു് 2.

## നിർബന്ധവിദ്യാഭ്യാസം

20 താഴെ പറയുന്ന പ്രദേശങ്ങളെ ഇതു് ബാധിക്കും:-

1) 1121-ലെ തിരുവിതാംകൂർ പ്രാഥമികവിദ്യാഭ്യാസ ആക്ട്, 1123-ലെ കൊച്ചി സൗജന്യനിർബന്ധ പ്രാഥമികവിദ്യാഭ്യാസ XI ആക്ടു്, അഥവാ 1920-ലെ മദ്രാസ് പ്രാഥമികവിദ്യാഭ്യാസ ആക്ടു് ഇവ പ്രാവത്തികമാക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ.

2) ഗസററു് വിജ്ഞാപനംമുഖേന ഗവമ്മെണ്ടിനു ഇതു് നീട്ടണമെന്നു ഉദ്ദേശിക്കുന്ന മററു പ്രദേശങ്ങൾ.

### 21 നിർവ്വചനങ്ങൾ

ഈ ഭാഗത്തു്, സന്ദർഭാനുസരണം മററുവിധത്തിൽ പറയുന്നില്ലെങ്കിൽ,

1) "നിർബന്ധപ്രദേശം" എന്നുവച്ചാൽ ഈ ഭാഗം ബാധകമാകുന്ന പ്രദേശം എന്നർത്ഥമാകുന്നു.

2) "കുട്ടി" എന്നു പറഞ്ഞാൽ. വിദ്യാഭ്യാസവർഷാരംഭത്തിൽ ഗവമ്മെണ്ടു് നിർദ്ദേശിക്കുന്ന വയസ്സിനുള്ളിൽഉള്ള ബാലനോ ബാലികയോ എന്നർത്ഥമാകുന്നു.

3) "രക്ഷകത്താവു്" മാതാപിതാക്കന്മാരോ യഥാർത്ഥത്തിൽ കുട്ടിയുടെ സംരക്ഷണം നിർവ്വഹിക്കുന്ന ആളോ.

4) "സ്കൂളിൽ പോവുക" എന്നുവച്ചാൽ വിദ്യാഭ്യാസവകുപ്പിൻെറ അംഗീകാരത്തോടെ ലോക്കൽ എഡ്യൂക്കേഷൻകമ്മിററി നിശ്ചയിക്കുന്ന ദിവസങ്ങളിലും, സമയത്തും, പിരിയഡുകളിലും സ്കൂളിൽ ഹാജരാകുക എന്നർത്ഥമാകുന്നു.

5) "പ്രാദേശിക വിദ്യാഭ്യാസ സമിതി" എന്നതു്, 22-ാം വകുപ്പിൻപടി രൂപീകരിക്കപ്പെടുന്ന സമിതി എന്നർത്ഥമാകുന്നു.

### 22 പ്രാദേശിക വിദ്യാഭ്യാസസമിതി

1) നിർബന്ധപ്രദേശത്തേക്കോ അതിൻെറ ഏതെങ്കിലും ഭാഗത്തേക്കോ ഒരു പ്രാദേശികവിദ്യാഭ്യാസസമിതിയെ ഗവമ്മെണ്ടു ഏർപ്പെടുത്തുന്നതാണു്.

2) സമിതിയുടെ രൂപവല്ക്കരണവും കാലാവധിയും അതതുകാലത്തു് നിശ്ചയിക്കുന്നതാണു്.

### 23 സമിതിയുടെ ജോലി

1) കുട്ടികൾ സ്കൂളുകളിൽ ഹാജരാകുന്നതുസംബന്ധിച്ചും, ജോലിയുള്ള കുട്ടികൾ സർക്കാർസ്കൂളിലൊ പ്രൈവററുസ്കൂളിലൊ ഹാജരാകുന്നതിനു് അങ്ങനെയുള്ള ജോലി തടസ്സമല്ലെന്നു ഉറപ്പുവരുത്തുന്നതു സംബന്ധിച്ചുമുള്ള ആക്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽവരുത്തുക എന്നതു് പ്രാദേശിക വിദ്യാഭ്യാസസമിതിയുടെ കത്തവ്യമാകുന്നു.

2) പ്രാദേശിക വിദ്യാഭ്യാസ സമിതി, അതിൻെറ ഏതെങ്കിലും അധികാരമോ ചുമതലയോ ഏതെങ്കിലും ഉപസമിതിയേയോ മെംബറേയോ കാലാകാലങ്ങളിൽ ഏല്പിക്കാവുന്നതാണു്. ആ സമിതി അഥവാ മെംബർ പ്രാദേശികവിദ്യാഭ്യാസസമിതി അതതുകാലങ്ങളിൽ നൽകുന്ന ഉപദേശം അനുസരിച്ചു പ്രവത്തിക്കേണ്ടതാകുന്നു. അങ്ങനെ ഉള്ള സമിതിയെ നിത്തലാക്കുന്നതിനോ, ഭേദഗതിചെയ്യുന്നതിനോ അവക്കു നൽകപ്പെട്ട അധികാരങ്ങളേയും ചുമതലകളേയും പിൻവലിക്കുന്നതിനോ പ്രാദേശികവിദ്യാഭ്യാസസമിതിക്കു അധികാരം ഉണ്ടായിരിക്കും.

### 24 രക്ഷകത്താവിൻെറ ചുമതല

ഏതെങ്കിലും നിർബന്ധപ്രദേശത്തു് ഓരോ കുട്ടിയുടേയും രക്ഷകത്താവു് ആ സ്ഥലത്തുതന്നെ താമസിക്കുന്ന ആളാണെങ്കിൽ, കുട്ടിയെ ഗവമ്മെണ്ടുസ്കൂളിലൊ പ്രൈവററുസ്കൂളിലൊ അയക്കണം. ഈ ആക്ടിൻപ്രകാരം അങ്ങനെ സ്കൂളിലയയ്ക്കപ്പെടുന്ന കുട്ടി പ്രൈമറിവിദ്യാഭ്യാസം മുഴുവനും പൂത്തിയാക്കുകയൊ, 14 വയസ്സുവരെ സ്കൂളിൽ നിർബന്ധമായി പഠിക്കുകയൊ ചെയ്യേണ്ടതാകുന്നു.

### 25. സ്കൂളിൽ ഹാജരാകുന്നതിൽനിന്നുള്ള ഒഴിവ്

ഈ ആക്ടിൻപ്രകാരം സ്കൂളിൽ ഹാജരാകുക എന്ന നിർബന്ധത്തിൽനിന്നു നിശ്ചിതകാലത്തേക്കൊ കാലങ്ങളിലേക്കൊ ഒരു കുട്ടിയെ

(1) മതപരമോ സാമൂഹ്യാചാരപരമൊ ആയ കാരണങ്ങളിൽ ഗവമ്മെണ്ടിനു ഒഴിവാക്കാവുന്നതാണു്.

(2) പ്രാദേശിക വിദ്യാഭ്യാസ സമിതിക്കു ഒഴിവാക്കാവുന്നതായ അവസരങ്ങൾ:

(എ) സക്കാരൊ പ്രൈവറേറാ അല്ലാതെ പ്രാദേശികവിദ്യാഭ്യാസസമിതി അംഗീകരിച്ച ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിൽ കുട്ടി പഠിക്കുകയാണെങ്കിൽ; അഥവാ,

(ബി) മുൻപറഞ്ഞ സ്കൂളുകളല്ലാതെ, പ്രാദേശിക വിദ്യാഭ്യാസസമിതിയുടെ അഭിപ്രായത്തിൽ കാര്യക്ഷമമായ വിദ്യാഭ്യാസം കുട്ടിക്കു ലഭിച്ചിട്ടുണ്ടു് എന്നു തെളിയുകയൊ അങ്ങനെ പ്രാഥമികവിദ്യാഭ്യാസം പൂത്തിയാക്കി എന്നു പ്രാദേശിക വിദ്യാഭ്യാസസമിതിയിൽനിന്നു ഒരു സർട്ടിഫിക്കേററു് സ്വീകരിക്കുകയൊ ചെയ്യുകയാണെങ്കിൽ; അഥവാ,

(സി) രോഗം, വ്യാധി, ദേഹോപദ്രവം, കഷ്ടത, ശാരീരികമായ കഴിവുകേടു് മുതലായ കാരണങ്ങളാൽ കുട്ടി സ്കൂളിൽ ഹാജരാകുന്നതു പ്രായോഗികമൊ അഭിലഷണീയമൊ അല്ലെന്നു നിശ്ചയിക്കപ്പെടുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികവിദ്യാഭ്യാസസമിതിക്കു ബോദ്ധ്യമാകുന്നു എങ്കിൽ; അഥവാ,

(ഡി) അടുത്തുള്ള റോഡിൻെറ അളവിൽ കുട്ടിയുടെ വീട്ടിൽനിന്നു ഒരു മൈലിനകത്തു ഗവമ്മെണ്ടൊ പ്രൈവറേറാ സ്കൂളുകൾ ഇല്ലെങ്കിൽ, കുട്ടിയെ നിർബന്ധപഠനത്തിൽനിന്നു ഒഴിവാക്കാം.

### 26. ചുമതലാനിർവ്വഹണപരാജയവും ഇടപെടലും ഉണ്ടായാൽ മുന്നറിയിപ്പു്:

1) ഈ ആക്ടിലെ 24-ാം വകുപ്പിൻപടി കുട്ടിയെ സക്കാരോ

പൊന്നിൻകസവാർന്ന സാരിത്തരങ്ങൾ
ഈടും അഴകുമുള്ള വോയിൽത്തരങ്ങൾ
മികച്ചതായ ശീട്ടിത്തരങ്ങൾ
എന്നുവേണ്ട എല്ലാവിധത്തിലുമുള്ള
തുണിത്തരങ്ങൾക്കും
ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക!
ഫാഷൻ ഫാബ്രിക്സ്,
മുൻസിപ്പൽ ഓഫീസ് റോഡ്,
തൃശ്ശൂർ

പ്രൈവറേറാ സ്കൂളിൽ അയയ്ക്കാൻ ബാദ്ധ്യസ്ഥനായ രക്ഷാകത്താവ് ആ കടമ നിവ്വഹിക്കാതിരിക്കുകയോ, രക്ഷാകത്താവല്ലാതെ മററാരെങ്കിലും പ്രതിഫലത്തിനോ അല്ലാതെയോ കുട്ടിയുടെ സമയമോ സേവനമോ അതു സ്കൂളിൽ ഹാജരാകുന്നതിനു തടസ്സമാകത്തക്കവിധത്തിൽ ഉപയോഗപ്പെടുത്തുന്നു എന്നു പ്രാദേശികവിദ്യാഭ്യാസസമിതിക്കു വിശ്വസിക്കാൻ കാരണമുണ്ടാകയോ ചെയ്താൽ മുന്നറിയിപ്പുകിട്ടി ഒരാഴ്ചയ്ക്കകം കുട്ടിയെ സ്കൂളിൽ അയക്കുകയോ മുൻപറഞ്ഞ രീതിയിൽ കുട്ടിയെ ജോലി ചെയ്യിപ്പിക്കുന്നതിൽനിന്നു നിവത്തിക്കുകയോ ചെയ്യാൻ അങ്ങനെയുള്ള ആളിനു സമിതി രേഖാമൂലം മുന്നറിയിപ്പു നൽകുന്നതാണ്.

(2) ഉപവകുപ്പ 1-ൽ പറയുന്ന രീതിയിൽ മുന്നറിയിപ്പുകൊടുത്തിട്ടും ഒരു രക്ഷാകത്താവ് തൻെറ കുട്ടിയെ സ്കൂളിൽ അയയ്ക്കുന്നില്ലെന്നോ കുട്ടി സ്കൂളിൽ ഹാജരാകുന്നതിനു മററാരെങ്കിലും പ്രതിബന്ധം വരുത്തുന്നെന്നോ ഒരു പ്രാദേശിക വിദ്യാഭ്യാസസമിതിക്കു ബോദ്ധ്യംവന്നാൽ അങ്ങനെയുള്ള ആളിനെ പ്രതിയാക്കി ആ പ്രദേശത്തു അധികാരമുള്ള മജിസ്ട്രേട്ടിൻെറമുമ്പാകെ പരാതിപ്പെടാവുന്നതാണ്.

(3) പരാതി സാടിസ്ഥാനം എന്നു മജിസ്ട്രേട്ടിനു ബോദ്ധ്യമായാൽ കുട്ടിയെ സ്കൂളിൽ അയയ്ക്കണമെന്നോ കുട്ടിയെ സ്കൂളിൽപോകുന്നതിനു തടസ്സം ഉണ്ടാക്കരുതെന്നോ നിർദ്ദേശിച്ചുകൊണ്ടു ഒരു നിശ്ചിതതീയതിക്കുശേഷം ഉത്തരവുകളയയ്ക്കാവുന്നതാണ്. ആ ഉത്തരവു രക്ഷാകത്താവോ മററാ അനുസരിക്കാതിരുന്നാൽ ആദ്യത്തെ കുററത്തിനു 5 കയും പിന്നീടുള്ള ഓരോ പ്രാവശ്യത്തെ കുററത്തിനും 20 രൂപാ വീതവും പിഴ ശിക്ഷിക്കാവുന്നതാണ്.

27. ശിക്ഷ

മുന്നറിയിപ്പിനു ശേഷവും കുട്ടികളെക്കൊണ്ടു പ്രതിഫലത്തിനോ അല്ലാതെയോ ജോലിചെയ്യിക്കുകയോ സ്കൂളിൽ ഹാജരാകുന്നതിനു തടസ്സമുണ്ടാക്കുകയോ ചെയ്യുന്ന ആദ്യത്തെ കുററത്തിനു 15 കയിൽ കൂടാതെയും പിന്നീടുള്ള ഓരോപ്രാവശ്യത്തെ കുററത്തിനും 30കയിൽ കൂടാതെയും പിഴ ശിക്ഷിക്കാവുന്നതാണ്.

28. ഫീസീടാക്കാൻ പാടില്ല, അർഹരായവക്കു പുസ്തകങ്ങൾ മുതലായവ സൗജന്യം.

1) ഗവമ്മെണ്ടുസ്കൂളിലോ പ്രൈവററുസ്കൂളിലോ അദ്ധ്യാപനത്തിനു ഒരു കുട്ടിയിൽനിന്നും ഫീസ് ഈടാക്കാൻ പാടില്ലാത്തതാകുന്നു.

2) കുട്ടികൾക്കു ഉച്ചഭക്ഷണമോ, പുസ്തകങ്ങളോ, എഴുത്തുസാധനങ്ങളോ കൊടുക്കുന്നതിനു രക്ഷാകത്താക്കൾക്കു നിവൃത്തിയില്ലെങ്കിൽ, പ്രാദേശികവിദ്യാഭ്യാസസമിതിയുടെ ശുപാശയിന്മേൽ അങ്ങനെയുള്ള കുട്ടികൾക്കു സ്കൂൾ ദിവസങ്ങളിൽ ഉച്ചഭക്ഷണവും, പുസ്തകങ്ങൾ മുതലായ സാധനങ്ങളും സൗജന്യമായി നൽകുന്നതാണ്.

29. പരിശോധന

1) പ്രാദേശികവിദ്യാഭ്യാസസമിതി, നിശ്ചിതരൂപത്തിലുള്ള കണക്കുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാകുന്നു.

2) സമിതിയുടെ ഓഫീസും, ബുക്കുകളും, കണക്കുകളും ഗവമ്മെണ്ടിനു എപ്പോഴെങ്കിലും പരിശോധിക്കാവുന്നതാണ്.

പാർട്ട് 3.

പലവക

30. കേസുകൊടുക്കാൻ പാടില്ല

ഈ ആക്ടിൻപ്രകാരം ഉത്തമവിശ്വാസത്തിൻെറ പേരിൽ ഗവമ്മെണ്ടോ ഏതെങ്കിലും അധികാരിയോ ഉദ്യോഗസ്ഥനോ ചെയ്യുന്ന യാതൊന്നിനും എതിരായോ അഥവാ തന്മൂലം എന്തെങ്കിലും കേടുപററിയതിനെപ്പററിയോ അന്യായമോ പ്രോസിക്യൂഷനോ നിയമപരമായ മറെറന്തെങ്കിലും നടപടിയോ നടത്താൻ പാടില്ലാത്തതാകുന്നു.

31 സ്റ്റേ ചെയ്യാനും പാടില്ല

1908-ലെ സിവിൽ നടപടി നിയമമോ, നിലവിലുള്ള മറെറന്തെങ്കിലും നിയമമോ ഇതിനെ ബാധിക്കയില്ല. ആകയാൽ ഈ ആക്ടിൻപ്രകാരം നടക്കുന്നതോ, നടത്താൻപോകുന്നതോ ആയ നടപടികൾ സ്ഥിരമായോ താൽക്കാലികമായോ നിറുത്തിവയ്ക്കുന്നതിനു യാതൊരു കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

32 അധികാരവിനിമയം

16, 17, 34 എന്നീ വകുപ്പുകളിൽ പറയുന്നവ ഒഴികെയുള്ള എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ, ഏതെങ്കിലും വിദ്യാഭ്യാസാധികാരിക്കോ വിദ്യാഭ്യാസവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഗസററുവിജ്ഞാപനം മുഖേന നൽകാനോ പിൻവലിക്കാനോ ഗവമ്മെണ്ടിനു അധികാരമുണ്ടായിരിക്കും.

33 വിഷമതാനിവാരണം

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു എന്തെങ്കിലും വൈഷമ്യം നേരിട്ടാൽ പ്രസ്തുത വ്യവസ്ഥകളോടു പൊരുത്തപ്പെടുന്ന രീതിയിൽ അങ്ങനെയുള്ള വൈഷമ്യം നീക്കുന്നതിനു ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന ഓർഡർ ഗവമ്മെണ്ടു പുറപ്പെടുവിക്കുന്നതാണ്.

34 നിയമനിമ്മാണാധികാരം

1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു ആവശ്യമായ ചട്ടങ്ങൾ ഗവമ്മെണ്ടിനു ഉണ്ടാക്കാവുന്നതാണ്.

2) പ്രത്യേകിച്ചു താഴെ പറയുന്ന ചട്ടങ്ങൾ—

എ. സ്കൂൾ സ്ഥാപിച്ചു നടത്തുക

ബി. പ്രൈവററു സ്കൂളുകൾക്കു ധനസഹായം നൽകുക.

സി. പ്രൈവററു സ്കൂളുകൾക്കു അംഗീകാരം നൽകുക.

ഡി. അദ്ധ്യാപകരുടെ സേവനവ്യവസ്ഥകളും, യോഗ്യതകളും നിശ്ചയിക്കുക.

ഇ. അദ്ധ്യാപകരുടെ ഒരു സംസ്ഥാന രജിസ്റ്റർ സൂക്ഷിക്കുക, പ്രസ്തുതരജിസ്റ്റർ സൂക്ഷിക്കേണ്ട വിധവും, അതിനുള്ള അധികാരവും നിശ്ചയിക്കുക.

എഫ്. സ്കൂളുകളിൽ കണക്കുകൾ, രജിസ്റ്ററുകൾ, റിക്കാർഡുകൾ എന്നിവ സൂക്ഷിക്കേണ്ട വിധവും അതു സൂക്ഷിക്കാൻ ഉത്തരവാദിത്വമുള്ള അധികാരിയേയും നിശ്ചയിക്കുക.

ജി. സ്കൂൾ മാനേജർമാർ വരവുചെലവു കണക്കുകൾ, സ്റ്റേറ്റുമെൻറുകൾ, രേഖകൾ, കണക്കുകൾ മുതലായവ സമപ്പിക്കുന്ന കാര്യം നിശ്ചയിക്കുക.

എച്ച്. സ്കൂൾ പരിശോധനയും പരിശോധന നടത്തേണ്ട അധികാരികളും.

ഐ. സ്കൂൾ കണക്കുകൾ സൂക്ഷിക്കുകയും ഓഡിററു നടത്തുകയും ചെയ്യുന്നവിധം.

ജെ. സ്കൂളുകൾ ഗവമ്മെണ്ടു ഏറെറടുക്കുന്നപക്ഷം നഷ്ടപരിഹാരം നൽകാൻ അവയുടെ വില നിശ്ചയിക്കുന്ന വിധം.

കെ. വിദ്യാഭ്യാസ മാനദണ്ഡവും അദ്ധ്യയന കോഴ്സുകളും.

എൽ. പ്രാദേശിക വിദ്യാഭ്യാസസമിതികളുടെ രൂപീകരണം, അധികാരങ്ങൾ, പ്രവത്തനം.

എം. ഈ ആക്ടിൻപ്രകാരം നിണ്ണയിക്കാൻ ആവശ്യമുള്ളവയോ, അനുവദിക്കപ്പെടുന്നതോ ആയ എല്ലാ കായ്യങ്ങളും.

35 നിയമസഭ മുമ്പാകെ

ഈ ആക്ടിൻപടി ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും കഴിവതും വേഗം ഏഴുദിവസത്തിൽ കുറയാതെ, നിയമസഭയുടെ പരിചിന്തനത്തിനു സമപ്പിക്കും; നി



അങ്കമാലിയിൽ സ്ഥാപിച്ചിരിക്കുന്ന നിത്യസഹായമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകായ്യം സാധിച്ചതിനു ഉപകാരസ്മരണ.

Mrs P. J: J., Angamaly

യമസഭയുടെ ഏതു സമ്മേളനത്തിലാണോ അവ സമപ്പിക്കുന്നതു, ആ സമ്മേളനത്തിൽവച്ചു നിയമസഭ ചെയ്യുന്ന ഭേദഗതികൾക്കു അവ വിധേയങ്ങളായിരിക്കും.

36 റദ്ദാക്കൽ

1956 സംസ്ഥാനപുനസ്സംഘടനാആക്ടിലെ (1956-ലെ 37-ാം കേന്ദ്രആക്ട്) 5-ാം വകുപ്പ് രണ്ടാം ഉപവകുപ്പിൽ പരാമശിക്കപ്പെടുന്ന 1121-ലെ തിരുവിതാംകൂർ പ്രാഥമികവിദ്യാഭ്യാസ ആക്ടും, 1123-ലെ (11-ാമതു) കൊച്ചി സൗജന്യനിർബന്ധപ്രാഥമിക വിദ്യാഭ്യാസആക്ടും, മലബാർ ജില്ലയിൽ നിലവിലിരുന്ന 1920-ലെ മദ്രാസ് എലിമെൻററി വിദ്യാഭ്യാസ ആക്ടും ഇതിനാൽ റദ്ദുചെയ്യുന്നു.

ഉദ്ദേശ്യങ്ങളും കാരണങ്ങളും

കേരളസംസ്ഥാനത്തിലെ പൊതുവിദ്യാഭ്യാസം കുറെക്കൂടെ മെച്ചമായി നടത്തുന്നതിനും, അതിനു ഒരു നൈയാമികാടിസ്ഥാനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

പണസംബന്ധമായ

മെമ്മോറാണ്ഡം

ഇപ്പോഴത്തെ വിദ്യാഭ്യാസരീതിക്കും തത്വങ്ങൾക്കും ഒരു നിയമാധിഷ്ഠാനം നൽകാൻ ഈ ബിൽ ഉദ്ദേശിക്കുന്നു. 16, 17 എന്നീ രണ്ടു വകുപ്പുകളിൽ പറയുന്നവ ഒഴികെ പണസംബന്ധമായ മററു ബാദ്ധ്യതകൾക്കു ഈ ബിൽ ഇട നൽകുന്നില്ല. 16-ാം വകുപ്പിൽ ഉദ്ദേശിക്കുന്ന നടപടികൾക്കു ആവശ്യമായേക്കാവുന്ന പണത്തിൻെറ തുക എന്തെന്നു നിണ്ണയിക്കുക വിഷമമാണ്. 1957-58-ൽ ഒരു ഡിസ്ട്രിക്ടിലെ പ്രൈമറി സ്കൂളുകൾ മുഴുവനും ഏറെറടുക്കണമെന്നതാണ് ഉദ്ദേശ്യം. ഇക്കൊല്ലത്തെ ബഡ്ജററിൽ 5 ലക്ഷം ക.യുടെ തുക ഇതിലേക്കു കൊള്ളിച്ചിട്ടുണ്ട്. 17-ാം വകുപ്പിൽ ഉൾക്കൊള്ളുന്ന നിർദ്ദേശം നടപ്പിലാക്കുന്നതിനു വേണ്ടിവരുന്ന കൂടുതൽ ചെലവിനുള്ള വക ആഭ്യന്തരമായ വസൂലാക്കൽകൊണ്ടു സാധിക്കാവുന്നതാണ്.

ജോസഫ് മുണ്ടശ്ശേരി


## ആവശ്യമുണ്ട്

എറണാകുളത്തെ "നിമ്മലപ്രസ്സി"ൽനിന്നു ഉടനെ പുറപ്പെടുന്ന 'കേരളടൈംസ്" എന്ന മലയാളദിനപ്പത്രത്തിനു കേരളത്തിൻെറ വിവിധഭാഗങ്ങളിൽ ഡെപ്പോസിററുവച്ചു പ്രവത്തിക്കാൻ സന്നദ്ധതയുള്ള ഏജൻറുമാരെ ആവശ്യമുണ്ട്. ഏജൻസിവ്യവസ്ഥകൾക്കെഴുതുക.

മാനേജർ

നിമ്മലപ്രിൻറേഴ്സ് ആൻറു പബ്ളിഷേഴ്സ് Ltd.,

മാക്കററു റോഡ്, എറണാകുളം-1


# 1951-ൽ വിദ്യാഭ്യാസപദ്ധതി സംബന്ധിച്ച

## കേന്ദ്രഗവർമ്മേണ്ടു നൽകിയ നിർദ്ദേശം

പനമ്പിള്ളിപദ്ധതിയിൽ ഈ ബില്ലിൻെറ ഏതാനും വ്യവസ്ഥകളുണ്ടായിരുന്നു. അതിനെപ്പററി കേന്ദ്രത്തിൽനിന്നു വേണ്ടവിധം അന്വേഷിക്കുകയും വിദ്യാഭ്യാസ വകുപ്പും നിയമവകുപ്പും ഈ സംഗതികളുടെ നാനാമുഖങ്ങളും പരിശോധിക്കുകയും ചെയ്തിട്ടു തിരുക്കൊച്ചി ഗവമ്മെൻറിലേക്കു 1951-ൽ അയച്ച ഉപദേശത്തിൻെറ ചുരുക്കം ഇവിടെ പ്രത്യേകിച്ചു സംഗതമാണ്. കേന്ദ്രത്തിലെ അന്നത്തെ അഭിപ്രായം ചുവടെ ചേക്കുന്നു.

1. പദ്ധതി ഒരു വിഭാഗീയസ്കൂളിൻെറ മാനേജർക്കു ആ സ്കൂളിൻെറ ഭരണം നിവ്വഹിക്കുന്നതിനുള്ള മൗലികാവകാശം ഇല്ലാതാക്കുകയും അങ്ങനെ ഭരണഘടനയിലെ 30(1) വകുപ്പിനെസ്പഷ്ടമായിത്തന്നെ നിരാകരിക്കുകയുംചെയ്യുന്നു. സ്കൂളിൻെറ ധനപരമായ കായ്യങ്ങളിലുള്ള നിയന്ത്രണവും (ഫീസു പിരിവിൻെറ 80 ശതമാനം എടുക്കുന്നതുകൊണ്ടു) മാനേജരന്മാക്കു തങ്ങൾക്കിഷ്ടമുള്ള ജോലിക്കാരെ നിയമിക്കുന്നതിനുള്ള അവകാശവും, മാനേജരന്മാക്കു അവരുടെ കീഴിലുള്ള ജോലിക്കാരെ സംബന്ധിച്ച ശിക്ഷണനടപടി അവലംബിക്കുന്നതിനുള്ള അവകാശവും ഈ പദ്ധതി നിരാകരിക്കയാണു ചെയ്യുന്നതു.

2. മാനേജരന്മാർ ഗവമ്മെൻറിൽ അടയ്ക്കേണ്ട സംഖ്യ ഫീസുപിരിവിൻെറ 80 ശതമാനമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഈ തോതിനു അദ്ധ്യാപകൻെറ ശമ്പളത്തിനുവേണ്ടിയുള്ള യഥാത്ഥ ചെലവുമായി ബന്ധമില്ല. അതു അദ്ധ്യാപകശമ്പളബില്ലിൻെറ 50 ശതമാനമോ ഒരു പക്ഷെ 150 ശതമാനംപോലുമോ ആകാനും ഇടയുണ്ട്. ആ സംഖ്യ (മാനേജരന്മാർ ഗവമ്മെൻറിൽ അടയ്ക്കേണ്ടതു) അദ്ധ്യാപകശമ്പളബില്ലിലെ സംഖ്യയിൽ കവിയുകയാണെങ്കിൽ അതു ഈ ഭരണഘടനയിലെപത്തൊമ്പതും 31(1)-ാംവകുപ്പുകളെ ലംഘിക്കുന്നതിനാൽ പണം നിയമവിരുദ്ധമായി വസൂലാക്കുന്നു എന്നൊരു കുററം പദ്ധതിയിൽ അന്തർഭവിക്കുന്നു.

3. നിലവിലിരിക്കുന്ന നിയമപ്രകാരം ഒരു പ്രൈവററുസ്കൂളിലെ സ്റ്റാഫിൻെറ നിയമനം സംബന്ധിച്ചു ഗവമ്മെൻറിനെ ഉപദേശിക്കാനുള്ള അധികാരം പബ്ളിക്ക് സവ്വീസ് കമ്മീഷനില്ല. അതിനു അവരോടു ഗവമ്മെൻറിനു ആവശ്യപ്പെടുവാനും നിവൃത്തിയില്ല. പ്രൈവററുസ്കൂളിൽ അദ്ധ്യാപകന്മാരായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരുടെ ഒരു ലിസ്റ്റു തയ്യാറാക്കാനുള്ള ഒരു വ്യവസ്ഥ പദ്ധതി ഉൾക്കൊള്ളുന്നിടത്തോളംകാലം അതു ഭരണഘടനാവ്യവസ്ഥകൾക്കു വിരുദ്ധവുമാണ്.

4. മാനേജരന്മാർ അവരുടെ സ്ഥാപനങ്ങൾ നടത്തുന്നതിൽ നീതിവിരുദ്ധമായ നിയന്ത്രണങ്ങൾ ഏല്പ്പെടുത്തുകയും അദ്ധ്യാപകന്മാരായി ജോലിചെയ്യുവാൻ യോഗ്യതയുള്ള ആളുകളെ അതിനു തടയുകയും ചെയ്യുന്നതിനാൽ ഭരണഘടനയിലെ 19-ാംവകുപ്പിനു വിരുദ്ധമാണ്.

5. ഈ പദ്ധതി സവ്വീസിലെ വർഗ്ഗീയ പ്രാതിനിദ്ധ്യതത്വം പ്രൈവററുസ്കൂളിലെ ഉദ്യോഗത്തിലേക്കുപോലും വികസിപ്പിക്കുന്നതായി കാണപ്പെടുന്നു. ആ തത്വം ഭരണഘടനാവ്യവസ്ഥകൾക്കു വിരുദ്ധമാണെന്നു സുപ്രീംകോടതി വിധി ഇതിനകം ഉണ്ടായിരിക്കയാണ്.

6. അവസാനമായി പദ്ധതി മാനേജരന്മാക്കും അദ്ധ്യാപകന്മാക്കും സാധാരണ നിയമപ്രകാരമുള്ള അവകാശങ്ങളിൽ ഗണ്യമായി മാററംവരുത്തുകയും കൊൺട്രാക്ടിനുള്ള അവരുടെ അവകാശങ്ങളെ ന്യൂനീകരിക്കുകയും ചെയ്യുന്നതിനാൽ അതു പൊതുനിയമത്തിനു വിരുദ്ധമാണ്.

ഉദാഹരണമായി സ്റ്റേററുഗവമ്മെൻറു ഉദ്ദേശിച്ച കായ്യം ഭര

### കൃതജ്ഞത

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകായ്യം സാധിച്ചതിനു ഉപകാരസ്മരണ.

മറിയക്കുട്ടി ഐസക്കു,

മേരിവില്ല, മാവേലിക്കര

ണഘടനാപരവും നിയമപരവുമായ ഇതരമാർഗ്ഗങ്ങളിൽക്കൂടി സാധിക്കാമായിരുന്നു എന്നൊരു അഭിപ്രായമുണ്ടായിട്ടുള്ളതായി കത്തിൽ തുടന്നു പറയുന്നു. ന്യൂനപക്ഷങ്ങൾക്കു അവർ സ്ഥാപിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭരണത്തിനുള്ള അവകാശത്തിൽ കൈവയ്ക്കാതെതന്നെ അംഗീകൃതമായ സ്കൂളുകളിലെ ഹെഡ്മാസ്റ്റരുടേയും അദ്ധ്യാപകന്മാരുടേയും ശമ്പളനിരക്കു, സവ്വീസ് വ്യവസ്ഥകൾ, ഈ സ്ഥാപനങ്ങളിലേക്കു നിയമിക്കപ്പെടേണ്ടവക്കുള്ള ഏററവും കുറഞ്ഞ യോഗ്യതകൾ ഇവ നിയമംമൂലം നിർദ്ദേശിക്കുന്നതിനു സംസ്ഥാനനിയമസഭയ്ക്കു കഴിയുന്നതാണ്. അതുപോലെതന്നെ ഗവമ്മെൻറിൻെറ വിദ്യാഭ്യാസപദ്ധതിക്കു ചില നിയന്ത്രണാധികാരങ്ങൾ റിസർവുചെയ്യുവാനും കഴിയും. ഗവമ്മെൻറും സ്ഥാപനങ്ങളും തമ്മിൽ മേല്പറഞ്ഞ കായ്യങ്ങളിൽ ഒരു പരസ്പരധാരണയുണ്ടാകുന്നപക്ഷം അതിനെ ആധാരമാക്കി ഗവമ്മെൻറിനു ഉത്തരവു പുറപ്പെടുവിക്കാനും സാധിക്കും. നിദ്ദിഷ്ടഅദ്ധ്യാപക മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തപ്പെടുന്ന ഒരു സ്കൂളിനു അംഗീകാരം നിയമപരമായി നിഷേധിക്കാൻ സ്റ്റേററുഗവമ്മെൻറിനു തീർച്ചയായും കഴിയുന്നതല്ല. മറിച്ചു ചെയ്യുന്നപക്ഷം സ്കൂളിനു അംഗീകാരം നൽകുന്നതിനു ആവശ്യപ്പെടുന്ന റിറോ ഉത്തരവോ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കും സുപ്രീംകോടതിക്കും ഉണ്ടായിരിക്കുന്നതാണ്.

(അപ്പാദേശ്)

# സത്യദീപം

പത്രാധിപന്മാർ

ഫവരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JULY 17 || No. 46.


## മുണ്ടശ്ശേരിബിൽ

പൗരാവലിയുടെ തുടർച്ചയായ അഭ്യർത്ഥനകളുടേയും പ്രക്ഷോഭണങ്ങളുടേയും സമ്മർദ്ദങ്ങളുടേയും ഫലമായി ഏതോ നിർബന്ധം മൂലം പതിനൊന്നാം മണിക്കൂറിൽ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബിൽ സൂര്യപ്രകാശം കണ്ടിരിക്കുന്നു! അതോടൊപ്പം അതിന്റെ നഗ്നമായ വൈരൂപ്യങ്ങളും തെളിവായിരിക്കുകയാണ്. അതു മാനേജരുടെ ഒരു "മൂക്കുകയറാ"യിരിക്കുമെന്നു മന്ത്രിതന്നെ നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അതു നിയന്ത്രണത്തിന്റെ മാത്രം ഒരു മൂക്കുകയറല്ല; ഏതോ കടുത്ത പകവീട്ടലിന്റെ, "ഒരവാർഡും" കമ്മ്യൂണിസ്റ്റ് രീതിയിലുള്ള "ലിക്വിഡേഷ"ന്റേയും "രാഷ്ട്രസാൽക്കരണ"ത്തിന്റേയും ഒരു വിളംബരവുംകൂടിയാണെന്നു അതിലെ ഓരോ ഖണ്ഡികയും വിളിച്ചുപറയുന്നു. വൈരനിര്യാതനത്തിന്റെ താണ്ഡവനൃത്തമാണ് അതിൽ ആദ്യന്തം ദൃശ്യമാകുന്നതു്.

വിദ്യാലയനടത്തിപ്പിൽ മാനേജർക്കു മാന്യമായ യാതൊരു സ്ഥാനവും അവകാശവുമില്ല. മാത്രമല്ല ബിൽ മാനേജുമെന്റിനെതിരായ ഒരു "പീനൽ കോഡാ"ണ്. സ്കൂളുകളുടെ ഉപയോഗത്തിലിരിക്കുന്ന സകല സ്ഥാവരജംഗമസ്വത്തുക്കളുടേയും സ്റ്റേറ്റുമെന്റ് മൂന്നുമാസത്തിനകം സമർപ്പിക്കണം. ഇല്ലെങ്കിൽ പിഴ; മുടക്കംവരുന്ന ഓരോ ആഴ്ചയ്ക്കും കൂടുതൽ പിഴ; സ്റ്റേറ്റുമെന്റിൽ എന്തെങ്കിലും പിശകു പററിയാൽ പിഴയും തടവുശിക്ഷയും. മാനേജരുടെ വകയും സ്കൂൾ ഉപയോഗത്തിലിരിക്കുന്നതുമായ സ്വത്തുക്കളെസംബന്ധിച്ച് എന്തെങ്കിലും ക്രയവിക്രയം ചെയ്താൽ പിഴയും തടവുശിക്ഷയും. സ്കൂൾ മാനേജുമെന്റു തുടർന്നുപോകുവാൻ നിവൃത്തിയില്ലാതെ സ്കൂൾ നിർത്തേണ്ടിവന്നാൽ സ്കൂളിന്റെ കണ്ടുകെട്ടലും, മാനേജർക്കു പിഴയും, കോടതിയെ അഭയംതേടാനുള്ള പ്രാഥമികപൗരാവകാശനിഷേധവും, കുടിശ്ശിഖകളെസംബന്ധിച്ച് റവന്യൂറിക്കവറിആക്ടനുസരിച്ചുള്ള ഈടാക്കലും. ബില്ലിലെ സകല വ്യവസ്ഥകളും അനുസരിച്ച് വിദ്യാലയസൂക്ഷിപ്പുകാരനായി മാനേജർ പ്രവർത്തിക്കുകയാണെങ്കിൽ, സ്കൂൾസംരക്ഷണത്തിനുവേണ്ടി ഗവമ്മെൻറ് അപ്പപ്പോൾ നിശ്ചയിക്കുന്ന ഒരു "ധർമ്മം" മാനേജർക്കു നൽകുന്നതാണത്രെ! ഭാരതനേതാക്കന്മാർ മുക്തകണ്ഠം പ്രശംസിച്ചുപോരുന്ന ഇവിടത്തെ പ്രൈവറ്റ്സ്കൂൾമാനേജരന്മാരുടെ സേവനത്തെ നമ്മുടെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറു വീക്ഷിക്കുന്ന രീതിയാണിതു്.

ഈ ബിൽ ഇവിടത്തെ അദ്ധ്യാപകന്മാരുടെ രക്ഷയ്ക്കാണെന്നാണ് പെരുമ്പറയടിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നതു്. അദ്ധ്യാപകന്മാരും ന്യായമായി അവരുടെ ഗുണത്തിനുള്ള പലതും അതിൽ പ്രതീക്ഷിച്ചിരുന്നു. പക്ഷെ കടകവിരുദ്ധമായ ഒരനുഭവത്തിലേക്കാണ് ബിൽ അവരെ തള്ളിയിടുവാൻ കരുവിണക്കിയിട്ടുള്ളൂ— സഹാനുഭൂതിയോടുകൂടി സ്കൂൾപ്രവർത്തനത്തെ നിയന്ത്രിക്കുന്ന ഒരു മാനേജരുടെ അധീനത്തിൽനിന്നും ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ സ്വേച്ഛാപരമായ ഭരണത്തിലേക്കും ഏതാനും ചില കമ്മ്യൂണിസ്റ്റ് ചോട്ടാനേതാക്കന്മാരുടെ ഒരു പ്രാദേശികഎഡ്യുക്കേഷൻകമ്മിററിയുടെ നിയന്ത്രണത്തിലേക്കും മാററപ്പെടുന്നതിനുള്ള ഗതികേടാണ് ബിൽ അവരുടെ തലയിൽ കെട്ടിവച്ചിട്ടുള്ളതു്. അദ്ധ്യാപകനിയമനം പരിപൂർണ്ണമായും ഗവമ്മെൻറിന്റെ ഇംഗിതങ്ങൾക്കു വിധേയമാക്കപ്പെടുന്ന വ്യവസ്ഥകളാണ് അതിൽ കൊള്ളിച്ചിട്ടുള്ളതു്. സ്റ്റേററുരജിസ്റ്ററും, അതിൽനിന്നു അപ്പപ്പോൾ കൊടുക്കപ്പെടുന്ന പാനലും വിദ്യാലയങ്ങളിൽ കമ്മ്യൂണിസ്റ്റദ്ധ്യാപകന്മാരെ കുത്തിനിറയ്ക്കുന്നതിനുള്ള ഒരു കുറുക്കുകൗശലം മാത്രമാണ്. അവരും മനുഷ്യരല്ലേ എന്നു മന്ത്രി ചോദിച്ചേക്കാം. ഏതായാലും ഉദ്യോഗാർത്ഥികൾക്കു ഇവിടെ ഒരു രക്ഷയും ഉണ്ടാകാൻ പോകുന്നില്ല എന്നതു വ്യക്തമാണ്.

ഇപ്രകാരം ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് സ്വേച്ഛാനുസാരം നിയന്ത്രിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയാണോ ഇവിടത്തെ രക്ഷാകർത്താക്കന്മാർക്കു വേണ്ടതെന്നാണ് പൗരസഞ്ചയം ഈ അവസരത്തിൽ തീരുമാനിക്കേണ്ടതു്. അവരുടെ സന്താനങ്ങളുടെ വിദ്യാഭ്യാസവും സ്വഭാവരൂപവൽക്കരണവും കമ്മ്യൂണിസ്റ്റ് രീതിയിലുള്ള ഒരു "മസ്തിഷ്കപ്രക്ഷാളനം"വഴി സാധിക്കണമോ അതോ അവരുടെ മതവിശ്വാസത്തിനും സാമൂഹികസംസ്കാരത്തിനും അനുസരിച്ച രീതിയിൽ സുരക്ഷിതമായി നടത്തപ്പെടണമോ? ജാതിമതഭേദമെന്യേ ഓരോ പൗരനും ഇതേപ്പററി ഒരന്തിമതീരുമാനമെടുക്കേണ്ടതായ നിർണ്ണായകസന്ധിയിലേക്കാണ് ശ്രീ മുണ്ടശ്ശേരി ഈ പ്രശ്നത്തെ ഇന്നു കൊണ്ടുവന്നെത്തിച്ചിട്ടുള്ളതു്. അതിന്റെ പ്രത്യാഘാതമാണ് ഇന്നു കേരളാന്തരീക്ഷത്തിൽ എവിടേയും മാറെറാലിക്കൊള്ളുന്ന പ്രതിഷേധധ്വനി. അവസരത്തിന്റെ ഗൗരവം മനസ്സിലാക്കി കേരളത്തിലെ പൗരസഞ്ചയം ജാതിമതവർണ്ണവ്യത്യാസങ്ങൾ മറന്നു് ഒററക്കെട്ടായിനിന്നു ഈ കമ്മ്യൂണിസ്റ്റാക്രമണത്തെ ചെറുക്കുക. അതുമാത്രമെ രക്ഷയുള്ളൂ. 7-ാംനു പുറത്തുവിട്ട ബിൽ 13-ാംനു നിയമസഭയിൽ അവതരിപ്പിച്ചു. എങ്ങിനെയെങ്കിലും അതു പാസ്സാക്കിയെടുക്കാനുള്ള വെപ്രാളമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്.

—o—

## അടുത്തയാഴ്ചയിൽ

ജൂലൈ
18 വ്യാ: വി. കമില്ലോസ്
19 വെ: വി. വിൻസെൻറു ഡി പോൾ
20 ശ: ഏലിയാ നിവ്യാ
21 ഞാ: പെന്തക്കുസ്താ: 6-ാം ഞായർ
22 തി: വി. മറിയം മഗ്ദലേത്താ
23 ചൊ: വി. അപ്പോളിനാരിസ്
24 ബു: വി ക്രിസ്റ്റീനാ.

# ബില്ലിനെപ്പററി വിദഗ്ദ്ധാഭിപ്രായങ്ങൾ

## പ്രൈവററ് വിദ്യാലയ അവകാശസംരക്ഷണസമിതിയുടെ അഭിപ്രായം

പ്രൈവററ്സ്കൂൾ അവകാശസംരക്ഷണസമിതിയിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.

1957 ജൂലൈ 7-ാംനു വിദ്യാഭ്യാസമന്ത്രി സ്പെഷ്യൽഗസററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസബിൽ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാഭ്യാസാദർശത്തിനും തത്വത്തിനും അനുയോജ്യമാണ്. ഈ വിഷയം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടായിരുന്ന സകല ആശങ്കകളും കവിഞ്ഞതുള്ളതാണ് ഈ ബിൽ. വിദ്യാഭ്യാസരംഗത്തു ഗവർമ്മെൻറിനു സർവ്വാധിപത്യം നൽകാൻ ഈ ബിൽകൊണ്ടുദ്ദേശിക്കുന്നുവെന്നുള്ളതു് എത്രയും സ്പഷ്ടമാണ്. പ്രൈവററ് ഏജൻസികളെ പടിപടിയായി വിദ്യാഭ്യാസപ്രവർത്തനങ്ങളിൽനിന്നു ബഹിഷ്കരിക്കുന്നതാണ്. പൗരന്മാരുടെ വിദ്യാഭ്യാസകാര്യത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും കമ്മ്യൂണിസ്റ്റ്ഗവർമ്മെൻറിനും അദ്ധ്യാപകർക്കും മാത്രമെ കൈകാര്യകർതൃത്വത്തിനു് അവകാശമുള്ളുവെന്ന നിലയാണ് ബിൽ സ്വീകരിച്ചിരിക്കുന്നതു്. പൗരനു് സ്വസന്താനങ്ങളെ സ്വന്തം അഭിമതമനുസരിച്ച് വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള ജന്മസിദ്ധമായ അവകാശത്തേയും ന്യൂനപക്ഷസമുദായങ്ങൾക്കു ഗവർമ്മെൻറു സഹായത്തോടെ സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിച്ചുനടത്തുവാനുള്ള അവകാശത്തേയുമാണ് പുതിയ ബിൽ സൗകര്യമായി പരിപൂർണ്ണം അവഗണിച്ചിരിക്കുന്നതു്.

### അവർ പറയുന്ന ലക്ഷ്യം

സ്റ്റേററിലെ വിദ്യാഭ്യാസത്തെ കൂടുതൽ നന്നായി പുനഃസംഘടിപ്പിക്കുകയെന്നതാണ് ബില്ലിന്റെ ലക്ഷ്യമെന്നു പറയുന്നു. കമ്മ്യൂണിസ്റ്റാദർശവും മുറയുമനുസരിച്ചുള്ള പുനഃസംഘടനയ്ക്കു ഈ ബിൽ ധാരാളം മതിയാകും. എന്നാൽ എല്ലാ ജനാധിപത്യപ്രേമികൾക്കും ഭാരതസംസ്കാരപ്രേമികൾക്കും ഈശ്വരവിശ്വാസികൾക്കും ഈ ബിൽ, വിദ്യാഭ്യാസരംഗത്തെ പ്രൈവററ്ഏജൻസികളെയെല്ലാം ബഹിഷ്കരിക്കുവാനും വിദ്യാഭ്യാസരാഷ്ട്രസാൽക്കരണത്തെ എതിർക്കുന്നവരെയെല്ലാം നിർമ്മൂലമാക്കുവാനും സർവ്വാധിപത്യകമ്മ്യൂണിസ്റ്റ് ഗവർമ്മെൻറ് കരുപ്പിടിക്കുന്ന നടപടിയായിട്ടേ കാണുവാൻ കഴിയുകയുള്ളൂ.

### കൈയടക്കാനുള്ള കെണി

സ്വകാര്യവിദ്യാലയങ്ങളുടെ മാനേജരന്മാരെ നാനാപ്രകാരത്തിൽ സാങ്കല്പികമായും അല്ലാതേയും ക്രിമിനൽക്കുററക്കാരും നടപടിപ്പിശകുകാരുമാക്കിമാററി ജയിലിൽ അടയ്ക്കുവാനും പിഴശിക്ഷയ്ക്കു വിധേയരാക്കുവാനും വഴിതെളിച്ചിരിക്കുന്നു. വേണ്ടിവന്നാൽ മാനേജർക്കു യാതൊന്നും കൊടുക്കാതെതന്നെ സ്വകാര്യവിദ്യാലയങ്ങൾ പിടിച്ചെടുക്കുവാൻ ഗവർമ്മെൻറിനു അധികാരം നൽകിയിരിക്കുന്നു. സ്വകാര്യവിദ്യാലയങ്ങളുടെ ഉടമസ്ഥർക്കു പ്രതിഫലം നൽകുന്നതിനു വ്യവസ്ഥചെയ്യുന്ന പ്രസ്താവം ബില്ലിലുണ്ടെങ്കിലും പ്രതിഫലം പ്രയോഗത്തിൽ ഇല്ലാതാകുവാനാണ് കൂടുതൽ സൗകര്യം. ദീർഘകാലത്തേക്കു് വിദ്യാലയത്തിനു ഗവർമ്മെൻറിൽനിന്നു നൽകിയിട്ടുള്ള ഗ്രാൻറുസംഖ്യയായി നല്ല സാമർത്ഥ്യത്തോടെ കണക്കുകൂട്ടിയാൽ, മാനേജരെ വെറുതെ പറഞ്ഞുവിടുകമാത്രമല്ല കടക്കാരനാക്കുകകൂടി ചെയ്യാവുന്നതാണ്. ഇതാണ് പ്രതിഫലവ്യവസ്ഥകൾകൊണ്ട് ബിൽ യഥാർത്ഥത്തിൽ സാധിക്കുന്നതു്. അങ്ങനെ കോടിക്കണക്കിനു വിലയുള്ള സ്കൂൾസ്വത്തുക്കൾ കമ്മ്യൂണിസ്റ്റ് നിയമനിർമ്മാണക്കെണിയിൽപ്പെട്ട ഗവർമ്മെൻറുവകയാകും.

### യുവതലമുറയെ വാർത്തെടുക്കാനുള്ള വിദ്യ

ഒരു സംസ്ഥാനവിദ്യാഭ്യാസോപദേശകസമിതി, പ്രാദേശികവിദ്യാഭ്യാസാധികാരസമിതികൾ, സബ്കമ്മിററികൾ ഇവയെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിഅംഗങ്ങളേയും സഹപ്രവർത്തകരേയും വിദ്യാഭ്യാസരംഗത്തു എല്ലാ പടികളിലും അധികൃതസ്ഥാനങ്ങളിൽ പ്രവേശിപ്പിക്കുവാനുള്ള പൊതുമാർഗ്ഗമാണ്. ഈ "ജനകീയ"സമിതികൾക്കു് വിദ്യാഭ്യാസഭരണത്തിൽ വിപുലമായ അധികാരങ്ങൾ നൽകുവാൻ വ്യവസ്ഥചെയ്തിരിക്കുന്നു. അദ്ധ്യാപകസ്ഥാനാർത്ഥികൾക്കായി സംസ്ഥാനവ്യാപകമായ രജിസ്റ്റർ, ആ രജിസ്റ്ററിൽനിന്നു അദ്ധ്യാപകരെ തിരിഞ്ഞെടുത്തു നിയമിക്കുന്നതിൽ പ്രാദേശികവിദ്യാഭ്യാസകമ്മിററികൾക്കുള്ള അധികാരം, ഈദൃശ വ്യവസ്ഥകളിൽ വിദ്യാലയങ്ങൾ കമ്മ്യൂണിസ്റ്റുകാരായ അദ്ധ്യാപകരെക്കൊണ്ടു നിറയ്ക്കുന്നതിനുള്ള വ്യഗ്രതയാണു കാണുന്നതു്. അതു സാധിച്ചുകഴിഞ്ഞാൽ നമ്മുടെ യുവജനങ്ങളെ കമ്മ്യൂണിസ്റ്റ്മുറയിൽ വാർത്തെടുക്കുവാനുള്ള പശ്ചാത്തലം പൂർത്തിയാകും. 14 വയസ്സുവരെ കുട്ടികൾക്കു നിർബന്ധവിദ്യാഭ്യാസം നൽകുന്നതിനു വികൃതമായ തരത്തിലുണ്ടാക്കിയിരിക്കുന്ന വ്യവസ്ഥകൾ അനാശാസ്യങ്ങളായ ആശയാദർശങ്ങളാൽ പ്രേരിതങ്ങളാകുന്നു.

### ജുഡീഷ്യറിയെ അവിശ്വസിക്കുന്നു

ജുഡീഷ്യറിയിൽ ഗവർമ്മെൻറിനുള്ള വിശ്വാസരാഹിത്യം, മർമ്മപ്രധാനകാര്യങ്ങളിൽപോലും നീതിന്യായാസനങ്ങൾ ഇടപെട്ടുകൂടെന്നുള്ള നിർബന്ധം, വിദ്യാഭ്യാസദേശസാൽക്കരണത്തിനു പര്യാപ്തമായ ഉപനിയമനിർമ്മാണത്തിനു് എക്സിക്യൂട്ടീവിനു നൽകുന്ന വലുതായ അധികാരം ഇവയെല്ലാം കമ്മ്യൂണിസ്റ്റുമനോഭാവത്തിന്റെ പ്രകടനങ്ങളാണ്. ഇൻഡ്യൻ ഭരണഘടനാനിയമത്തിനോ ജുഡീഷ്യറിക്കോ വിധേയമാകുവാനുള്ള സമചിത്തത കമ്മ്യൂണിസ്റ്റ്ഗവർമ്മെൻറിനില്ല.

### ഭരണഘടനയ്ക്കു കടകവിരുദ്ധം

ഭരണഘടനാനിയമം 13-ാം വകുപ്പിൻപ്രകാരം, പൗരന്മാരുടെ മൗലികാവകാശസംരക്ഷണ വ്യവസ്ഥകൾക്കു ബാധകമാകുന്ന യാതൊരു നിയമനിർമ്മാണത്തിനും നിയമസഭകൾക്കധികാരമില്ല. ഇൻഡ്യൻ ഭരണഘടനാനിയമം 30-ം 31-ം വകുപ്പുകൾക്കു കടകവിരുദ്ധമാണ് ഈ വിദ്യാഭ്യാസബിൽ എന്നു ഭരണഘടനാനിയമജ്ഞാനമുള്ളവർക്കു നിഷ്പ്രയാസം കാണുവാൻകഴിയും. രാജ്യത്തിലെ പരമാധികാരന്യായാസനം ഈ ബില്ലിനെ ഭരണഘടനാനിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നതാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവമ്മെൻറ് ഏററവും വേഗത്തിൽ അതിന്റെ മറനീക്കി ഭാരതസംസ്കാരവും ജനാധിപത്യഭരണഘടനയും ശത്രുക്കളാണെന്നുള്ള തനിനിറം പുറത്താക്കിയതു ഭാഗ്യമെന്നുതന്നെ പറയാം. ഇതോടെ ഭാരതസംസ്കാരത്തിൽ നിഷ്ഠയുള്ള ജനങ്ങളെല്ലാം രാജ്യപരിധിക്കപ്പുറം വിധേയത്വമുള്ള വിനാശകരമായ രാഷ്ട്രീയപാർട്ടിയെ ശിഥിലമാക്കുവാൻ ഒററക്കെട്ടായി അണിനിരക്കുമെന്നു വിശ്വസിക്കുന്നു.

ബില്ലിന്റെ വ്യവസ്ഥകൾ ഓരോന്നും പരിശോധിച്ച് പൂർണ്ണമായ വിമർശനം പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

X X X

## ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള

"കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടു് ജുഡിഷ്യറിയിൽ വിശ്വാസമർപ്പിക്കാൻപോലും വൈമനസ്യം കാണിക്കുന്നു" എന്നു് മുൻഅഡ്വക്കേററു ജനറൽ ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു.

കേരളവിദ്യാഭ്യാസ ബില്ലിനെപ്പററി ഒരു അഭിഭാഷകന്റെനിലയിൽ മുൻതിരുകൊച്ചി അഡ്വക്കേററു ജനറാലും ഇന്ത്യയിലെ ഒരു പ്രമുഖ ഭരണഘടനാവിദഗ്ദ്ധനുമായ ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള ഒരഭിമുഖസംഭാഷണം നടത്തുകയായിരുന്നു.

കകമ്മ്യൂണിസ്റ്റ് സർക്കാർ ബാലഹൃദയങ്ങളിൽ കമ്മ്യൂണിസം കുത്തിവയ്ക്കാനും അങ്ങനെ വ്യക്തിത്വംതന്നെ നശിപ്പിച്ചുകളയാനും കരുതിക്കൂട്ടി കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ അദ്ദേഹം ഇങ്ങനെ പരാമർശിച്ചു:

"മററു മേഖലകളിലെന്നപോലെ വിദ്യാഭ്യാസമണ്ഡലത്തിലും രണ്ടു തത്വങ്ങൾ തമ്മിൽ മത്സരം നടക്കുന്നുണ്ടു്. അവ:

1. വ്യക്തിയോടുള്ള ബഹുമാനം.

2. സ്റ്റേററിന്റെ താല്പര്യത്തിനു വേണ്ടി വ്യക്തിയുടെ അടിച്ചമർത്തൽ.

വിദ്യാഭ്യാസകാര്യത്തിൽ സ്റ്റേററിന്റെ ഏതെങ്കിലുംതരത്തിലുള്ള നിയന്ത്രണം ഉണ്ടായിരിക്കാമോ എന്നതു് ഒരു തർക്കവിഷയമാണ്. ഉയർന്ന ചിന്തകന്മാരും വിദ്യാഭ്യാസപ്രവർത്തകന്മാരും ഈ കാര്യത്തിൽ ഇതുവരെ യോജിപ്പിൽ എത്തിയിട്ടില്ല. അടുത്തകാലത്തു് ആചാര്യവിനോബാജി ഉറപ്പിച്ചു് അഭിപ്രായപ്പെട്ടിട്ടുള്ളതു് വിദ്യാഭ്യാസകാര്യത്തിൽ സ്റ്റേററിന്റെ യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കരുതെന്നാണ്.

എല്ലാ ജനാധിപത്യരാജ്യങ്ങളിലും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയുണ്ടു്. ഏതു വിദ്യാഭ്യാസരീതിയിലും വ്യക്തിത്വത്തിന്റെ വികസനമാണ് ഏററവും പ്രധാനമായ ഘടകം എന്നു്. എന്നാൽ സർവ്വാധിപത്യരാജ്യങ്ങളിലെ നില അതല്ല. അവിടെ വ്യക്തിത്വത്തിന്റെ വികസനം തടഞ്ഞുവച്ചിരിക്കുകയാണ്. ഒരു വ്യക്തിയിൽ ശൈശവാവസ്ഥയിലെതന്നെ കമ്മ്യൂണിസ്റ്റ്തത്വങ്ങൾ കുത്തിവയ്ക്കുകയും, അങ്ങനെ വ്യക്തിത്വത്തിന്റെ വികസനം അസാദ്ധ്യമാക്കുകയും ചെയ്യുകയാണ് അവിടെ നടക്കുന്നതു്.

വിദ്യാഭ്യാസരംഗത്തു് സ്റ്റേററിനുള്ള നിയന്ത്രണം കൂടുതൽ കർശനമാക്കാൻ വിദ്യാഭ്യാസബിൽ ശ്രമിക്കുന്നിടത്തോളം അതു് ഏകാധിപത്യതത്വത്തിലേക്കുള്ള ഒരു വാസനയാണ് കാണിക്കുന്നതെന്നു് പറയാതെ നിവൃത്തിയില്ല. ബില്ലിന്റെ വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ ഈ വസ്തുത

സ്ഥിരീകരിക്കപ്പെടുകയും ചെയ്യുന്നു. ഏകാധിപത്യതത്വത്തിലേക്കുള്ള വാസന കാണിക്കുന്നു എന്ന പ്രസ്താവന തെളിയിക്കാൻ രണ്ടു് ഉദാഹരണങ്ങൾ ബില്ലിൽ നിന്നും ചൂണ്ടിക്കാണിക്കാം.

1. ബില്ലുകൊണ്ടു് ഒരു സ്റ്റേററ് എഡ്യൂക്കേഷൻ അഡൈ്വസറി ബോർഡു് ഒരു ലോക്കൽ എഡ്യൂക്കേഷൻ അതോറിററി ലോക്കൽ എഡ്യൂക്കേഷൻകമ്മിററി എന്നീ മൂന്നു സ്ഥാപനങ്ങൾ രൂപീകരിക്കുവാൻ വ്യവസ്ഥയുണ്ടു്. (4, 18, 22 എന്നീ വകുപ്പുകൾ) വിദ്യാഭ്യാസരംഗത്തെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമാക്കുന്നതിനു് ഈ വ്യവസ്ഥകൾ ആവശ്യമാണെന്നു അവകാശപ്പെട്ടേക്കാം. എന്നാൽ വാസ്തവത്തിലും പ്രയോഗത്തിലും അതു ശരിയല്ല. സംസ്ഥാനത്തെ വിദ്യാഭ്യാസനയം പൂർണ്ണമായി രൂപംനൽകേണ്ട ഈ അതോറിററികളുടെ ഘടനയിൽ ന്യൂനത കടന്നുകൂടാൻ വഴിയുണ്ടു്. ഈ അതോറിററികൾ തനി കമ്മ്യൂണിസ്റ്റുകാരെയോ, കമ്മ്യൂണിസ്റ്റു് സഹയാത്രക്കാരെയോകൊണ്ടു് കുത്തിനിറച്ചു് പിഞ്ചുകുഞ്ഞുങ്ങളുടേയും യുവാക്കന്മാരുടേയും ഹൃദയങ്ങളിൽ കമ്മ്യൂണിസ്റ്റുതത്വസംഹിത കുത്തിച്ചെലുത്തുവാൻ സാധിക്കുന്നവിധം ഗവമ്മെണ്ടിനു് പ്രവർത്തിക്കാൻ കഴിയും. ഈ ദൂഷ്യം പരിഹരിക്കാൻ വഴിയുണ്ടു്. അതോറിററികളിൽ നിയമിക്കപ്പെടുന്നവരുടെ യോഗ്യത, സേവനവ്യവസ്ഥ, മററു നിയമനവ്യവസ്ഥകൾ എന്നിവ ബില്ലിൽ ഉണ്ടായിരുന്നാൽ അതു ദൂഷ്യങ്ങൾ പരിഹരിക്കാൻ കുറെ സഹായിച്ചു എന്നുവരാം. അത്തരം ഒരു വ്യവസ്ഥ അതോറിററികളുടെ പ്രവർത്തനസാദ്ധ്യത, പരിധി പരിമിതികൾ എന്നതിനെ നിയമസഭയിൽ ഫലപ്രദമായ ചർച്ച നടക്കുന്നതിനു അവസരം നൽകും.

ബില്ലിൽ പ്രകടമായി കാണുന്ന മറെറാരു വമ്പിച്ച ന്യൂനത ഗവമ്മെണ്ടു ജ്യുഡീഷ്യറിയിൽ വിശ്വാസമർപ്പിക്കാൻ കാണിക്കുന്ന വിമുഖതയാണു്.

സ്റ്റേററിന്റെ കൈകടത്തലുകളിൽനിന്നും പൗരന്മാർക്കു് അഭയം നൽകുന്ന ഏക രക്ഷാകേന്ദ്രമായി ഉറച്ച ജനാധിപത്യരാജ്യങ്ങളിലെല്ലാം ജ്യുഡീഷ്യറി നില കൊള്ളുന്നു. എല്ലാ മൗലികകാര്യങ്ങളിലും ജ്യുഡീഷ്യറിയുടെ സമീപനം ബില്ലുവഴി പൗരന്മാർക്കു് നിഷേധിച്ചിരിക്കുകയാണു്. ഉദാഹരണമായി ബില്ലിലെ 17-ാംവകുപ്പു് എടുക്കുക. സാധാരണ കമ്പോളവില നഷ്ടപരിഹാരവിലയായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു് ഒററനോട്ടത്തിൽ തികച്ചും ന്യായമായി തോന്നിയെന്നുവരാം. സത്യത്തിൽ നേരെ മറിച്ചും. കാരണം:

പൊതുതാല്പര്യത്തിനു് ആവശ്യമെന്നു ഗവമ്മേണ്ടിനു് സ്വയമേവ ബോദ്ധ്യപ്പെട്ടാൽ ഗവമ്മെണ്ടിനു സ്കൂളുകൾ ഏറെറടുക്കാൻ ബില്ലുവഴി അവകാശം നൽകുന്നുണ്ടു്.

അധികാരികളുടെ വീക്ഷണഗതിയ്ക്കു് അനുസരണമായി പൊതുതാല്പര്യത്തിന്റെ സമീപനം വ്യത്യസ്തമായിരിക്കും.

തന്മൂലം ആത്മാർത്ഥമായ അഭിപ്രായവ്യത്യാസത്തിനു് ധാരാളം പരിപാടികൾ ഉണ്ടെന്നുള്ളതു് വ്യക്തമാണു്.

തന്മൂലം പൊതുതാല്പര്യത്തിന്റെ പേരിൽ ചെയ്യുന്ന എല്ലാ നടപടികളും ജ്യുഡീഷ്യറിയുടെ പുനഃപരിശോധനയ്ക്കു വിടുന്നതു നന്നായിരിക്കുമെന്നു ഞാൻ കരുതുന്നു. അതു ഡിസ്ട്രിക്ടു്ജഡ്ജിക്കോ, ഹൈക്കോടതിക്കോ അധികാരം നൽകിക്കൊണ്ടാകാം.

## പകപോക്കൽ നടത്താം

അധികാരികളുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഇല്ലെങ്കിൽതന്നെ വിദ്യാഭ്യാസമന്ത്രിയുടെ വ്യക്തിപരമായ വൈരാഗ്യമോ, താല്പര്യമോ മൂലം നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനംപോലും അക്വയർ ചെയ്യുവാൻ ഗവർമ്മെണ്ടിനു് കഴിയുന്നതാണു്.

## പൗരാവകാശം ഭഞ്ജിക്കുന്നു

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു റവന്യൂ റിക്കവറി ആക്ടു് ഉപയോഗിക്കാമെന്നുള്ള വ്യവസ്ഥയും ശരിയാണെന്നു തോന്നുന്നില്ല. റവന്യൂ റിക്കവറി ആക്ടു് എന്ന പ്രയോഗംകൊണ്ടുദ്ദേശിക്കുന്നതുതന്നെ പബ്ളിക്കു് റവന്യൂ എന്നാണു്. ബില്ലിലെ ഈ വ്യവസ്ഥ ഒരു പൗരനു് അവന്റെ അവകാശങ്ങൾ ഒരു തുറന്ന കോടതിവഴി സംരക്ഷിക്കുന്നതിനുള്ള പാവനമായ അവകാശത്തിന്റെ നാരായവേരുതന്നെ പിഴുതുകളയുന്നതാണു്.

എനിക്കു വളരെയധികം വൈചിത്ര്യംതോന്നിയ രണ്ടു വകുപ്പുകളും ബില്ലിലുണ്ടു്. ബില്ലിലെ 30 31 എന്നീ വകുപ്പുകളാണു് അവ. 30-ാംവകുപ്പു് ഗവമ്മെൻറാ അതോറിററിയൊ ആഫീസറൊ എടുക്കുന്ന നടപടികൾക്കു നീതിന്യായകോടതിയിൽ സംരക്ഷണ നൽകിയിരിക്കുന്നു.

കോടതികളുടെ സുചിന്തിതങ്ങളായ നിയമവിമർശനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു ഏകാധിപതികൾ കണ്ടുപിടിച്ച രക്ഷാമാർഗ്ഗങ്ങളാണു് ഇത്തരം വ്യവസ്ഥകൾ.

ഒരു ജനായത്തഗവമ്മേണ്ടു് അതും വിശേഷിച്ചു് ജനങ്ങളുടെ പ്രതിനിധികളാണെന്നു് അവകാശപ്പെടുന്നവരുടെ ഗവമ്മെണ്ടു് ഇത്തരം ഒരു നടപടി സ്വീകരിച്ചതു് എനിക്കു വേദനയുളവാക്കുന്നു. എന്തുകൊണ്ടു് ചെയ്യുന്ന തെററിനും ഗവമ്മെണ്ടിന്റെ പേരിലോ ഉദ്യോഗസ്ഥന്മാരുടെ പേരിലോ കേസ്സു കൊടുക്കുകയും നടപടിനടത്തുകയും ചെയ്തുകൂടാ. അവക്കു വല്ല പ്രത്യേക പവിത്രതയും ഉണ്ടോ? ബില്ലിലെ 30-ാംവകുപ്പു് ഭരണഘടനയിൽ മൗലികസ്വാതന്ത്ര്യം വിവരിക്കുന്നതും നിയമത്തിന്റെ മുമ്പിൽ എല്ലാവക്കും തുല്യത ഉറപ്പുനൽകുന്നതുമായ 14-ാം ആർട്ടിക്കിളിനു് വിരുദ്ധമാണു്. വാക്കുകളിൽ അല്ലെങ്കിൽ തന്നെ സ്പിരിററിൽ ഭരണഘടന നൽകുന്ന അവകാശം നിഷേധിക്കുകയാണു്.

ബില്ലിലെ 31-ാംവകുപ്പു കോടതി ഇൻജംഗ്ഷൻ ഉത്തരവുകൾ നൽകുന്നതിനെ തടഞ്ഞിരിക്കുന്നു. ഇതു തെളിയിക്കുന്നതു് ഗവമ്മെൻറിനു് ജ്യുഡീഷ്യറിയിൽ വിശ്വാസമർപ്പിക്കാനുള്ള വൈമുഖ്യം മാത്രമല്ല ഇൻജംഗ്ഷന്റെ ഉദ്ദേശത്തെപ്പററിയുള്ള അജ്ഞതകൂടെയാണു്. പരിഹരിക്കാൻപററാത്ത ഛേതങ്ങൾ ഉണ്ടാകുന്നതിനെ തടയാൻ ഒരു വ്യക്തിക്കു് നൽകിയിട്ടുള്ള അസാധാരണ പരിഹാരമാർഗ്ഗമാണിതു് (Extraordinary Remedy). നീതിന്യായഭരണത്തിന്റെ അടിസ്ഥാനക്കല്ലുവരെ തകൎക്കുന്ന ഒരു നടപടി ആയിട്ടു മാത്രമേ എനിക്കു് ഈ വകുപ്പു് കാണാൻ കഴിയുന്നുള്ളൂ.

ഇതിനുംപുറമേ സിവിൽപ്രൊസീഡിയർ ആക്ടു് ഒരു കേന്ദ്ര ആക്ടാണു്. ഈ കേന്ദ്രആക്ടിനു് ഭേദഗതി നിർദ്ദേശിക്കാൻ സംസ്ഥാനനിയമസഭകൾക്കു് അവകാശമുണ്ടെങ്കിലും ആ അവകാശം ഭരണഘടന 254-ാംവകുപ്പു് അനുസരിച്ചു് പരിമിതമാണു്. അതായതു് കേന്ദ്രആക്ടും സംസ്ഥാനആക്ടും തമ്മിൽ ഭിന്നതയുണ്ടായാൽ കേന്ദ്രആക്ടു് ആയിരിക്കും പ്രാബല്യത്തിലിരിക്കുക. അല്ലെങ്കിൽ സ്റ്റേററ്ആക്ടിനു് പ്രസിഡണ്ടിന്റെ പ്രത്യേക അനുമതി കിട്ടിയിരിക്കണം.

അങ്ങനെ നിയമപരമായി നോക്കുമ്പോൾ എല്ലാ അടിസ്ഥാനത്തിലും ബില്ലിനു് കൂടുതൽ വിശദീകരണവും പരിഷ്കരണവും ആവശ്യമാണു്.

x x x

## ശ്രീ കമ്പളത്തിന്റെ പ്രസ്താവന

മുണ്ടശ്ശേരിയുടെ വൈരനിര്യാതനലഹരിയിലും അഹങ്കാരത്തിലുംനിന്നു മുളച്ചുപൊന്തിയ പ്രതികാരനടപടിയാണു് പുതിയ വിദ്യാഭ്യാസബിൽ എന്നു് ശ്രീ കമ്പളം പ്രസ്താവിച്ചിരിക്കുന്നു. ഈ ബില്ലിനു് വിദ്യാഭ്യാസബിൽ എന്ന പേരേ അർഹിക്കുന്നില്ല. ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ ചരിത്രമോ ഉത്ഭവമോ വളർച്ചയോ നിലനില്പോ പരിഗണിക്കാതെ കരുപ്പിടിച്ചിരിക്കുന്ന ഒരു ബില്ലാണിതു്. ചക്കാത്തിലുള്ള കൈയടിക്കുവേണ്ടിയാണെങ്കിൽതന്നെയും, സി. പി, പട്ടം, പനമ്പിള്ളി എന്നിവരെല്ലാം സ്പർശിച്ചു ഷോക്കേററ വിദ്യാഭ്യാസമാകുന്ന ഇലക്ട്രിക്കു് കമ്പിയിൽ ശ്രീ മുണ്ടശ്ശേരി പിടിച്ചിട്ടുള്ള ഈ പിടുത്തം അപകടകരമാണു്. കരുനാഗപ്പള്ളി പണയന്നാർകാവു്ക്ഷേത്രത്തോടനുബന്ധിച്ചുള്ള പട്ടേൽ മെമ്മോറിയൽ സ്കൂളിൽവച്ചു അദ്ദേഹത്തെ സന്ദർശിച്ച ഒരു സംഘം പത്രലേഖകന്മാരോടു അദ്ദേഹം സംസാരിക്കുകയായിരുന്നു.

കമ്മ്യൂണിസ്റ്റുകാരുടെ ഭാഷയിൽ പറഞ്ഞാൽ ഇവിടെ ഇന്നു അനവധി നീറുന്ന പ്രശ്നങ്ങളുണ്ടു്. അവയെല്ലാം മാററിവച്ചിട്ടു് ഈ മൂന്നാംകിടപദ്ധതിയുമായി ഇറങ്ങിയിരിക്കുകയാണു്. ഇതൊരടവാണു്; ആരെയും ഗുണപ്പെടുത്തണമെന്നല്ല, ചിലരെ ദ്രോഹിക്കണമെന്നേയുള്ളു. നേതാവായിരിക്കുമ്പോൾ പറയുന്ന പ്രസംഗങ്ങളും ചെയ്യുന്ന പ്രസ്താവനകളും സഹിക്കാം. മന്ത്രിയായിക്കഴിഞ്ഞാൽ അവ അസഹ്യമായിത്തീരുന്നു.

മന്നം ബില്ലിനെ അനുകൂലിക്കുന്നല്ലോ എന്നു ചോദിച്ചപ്പോൾ, "മകൻ ചത്താലും മരുമകളുടെ കണ്ണുനീരു കാണാൻ കൊതിക്കുന്ന അമ്മായിയമ്മമാരുടെ കാര്യം ശ്രീ കമ്പളം ചൂണ്ടിക്കാട്ടി. അക്കാര്യം അദ്ദേഹം അധികം വിസ്തരിച്ചില്ല. രാജ്യതാല്പര്യവും ജനാധിപത്യവും മോഹിക്കുന്ന എല്ലാവരും ബില്ലിനെ എതിർക്കേണ്ടതാണെന്നു് അദ്ദേഹം പ്രസ്താവിച്ചു.

x x x

## മുസ്ലീം ലീഗ് സെക്രട്ടറി സീതിസാഹിബിന്റെ പ്രസ്താവന

പ്രതീക്ഷിച്ചതിലും വൃത്തികെട്ട ഒരു ബില്ലാണിതു്. റീജനൽ അതോററ്റീസ് ഏപ്പെടുത്തും എന്നതു മാനേജ്മെൻറിനെ നിർജ്ജീവമാക്കുന്നതിനല്ലെങ്കിൽ പിന്നെ എന്തിനാണു്? 'അങ്ങനെ ഒരുകൂട്ടർ സ്കൂൾനടത്തിപ്പുകാര്യങ്ങളിൽ മാനേജ്മെൻറിനെ അസഹ്യപ്പെടുത്തുമ്പോൾ സ്കൂൾ ഇട്ടെറിഞ്ഞു് മാനേജ്മെൻറു് പൊയ്ക്കൊള്ളും എന്നുള്ളതാണു് ഇതിന്റെ ലാക്കു്. ആരെല്ലാം ഇതിനെ അനുകൂലിച്ചാലും ഈ ബിൽ നിഷേധാർഹമാണു്. ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ മേന്മയും പാരമ്പര്യവും ഈ ബിൽ നഷ്ടപ്പെടുത്തും. അച്ചടക്കത്തോടെ സ്കൂൾ നടത്താനുള്ള അവകാശം മാനേജ്മെൻറുകൾക്കും ശിക്ഷണബോധത്തോടെ തങ്ങളുടെ കുട്ടികൾക്കു അഭ്യസനം നൽകാനുള്ള സ്വാതന്ത്ര്യം മാതാപിതാക്കൾക്കും ഉണ്ടായിരിക്കണം. എന്നിപ്രകാരമാണു് പ്രസദ്ധീകരിച്ചുകണ്ട വിദ്യാഭ്യാസബില്ലിനെപ്പററി മുസ്ലീം ലീഗു സെക്രട്ടറി ശ്രീ സീതിസാഹിബ് അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞതു്. തൊഴിലില്ലായ്മ ഭക്ഷ്യക്ഷാമം മുതലായ അടിയന്തിരപ്രശ്നങ്ങൾക്കു മുകളിലായി ഈ ബിൽ വലിച്ചുകൊണ്ടുവന്നതിൽതന്നെ ഉദ്ദേശശുദ്ധി കാണുന്നില്ല

ക്രിസ്ത്യാനികളും മുസ്ലീമിങ്ങളും ഈശ്വരവിശ്വാസമുള്ള എവരും സഹകരിച്ചു് കൈകാര്യം ചെയ്യേണ്ട പ്രശ്നമാണിതു്.

x x x

## ശ്രീ പനമ്പിള്ളിയുടെ പ്രസ്താവന

വിദ്യാഭ്യാസബില്ലിനെപ്പററിയുള്ള തന്റെ പ്രഥമ പ്രതികരണമെന്ന നിലയിൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഇത്രയേറെ പ്രാധാന്യമുള്ള ഒരു ബിൽ പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസിച്ചതു് നന്നായില്ല. തയ്യാറാകാഞ്ഞതുകൊണ്ടാണു് താമസം വന്നതെങ്കിൽ മന്ത്രി അക്കാര്യം പറയേണ്ടതായിരുന്നു. പൊതുജനങ്ങൾക്കും ഇതിനകം ശക്തിയായി ആക്ഷേപിച്ചവക്കും ബില്ലിന്റെ സ്വഭാവം പൂർണ്ണമായി പഠിക്കാനുള്ള സാവകാശം നൽകിയും ആക്ഷേപങ്ങൾ കേട്ടും വേണ്ട ഭേദഗതികളോടുകൂടിയും മാത്രമെ ബില്ലു് പാസ്സാക്കാൻ ശ്രമിക്കാവൂ. അല്ലെങ്കിൽ ഭൂരിപക്ഷമുണ്ടെന്നുള്ള ബലംകരുതി ബിൽ പാസ്സാക്കിയതായുള്ള ധാരണ പരക്കും.

ഈ ബിൽമൂലം അദ്ധ്യാപകക്കു ഇന്നുള്ളതിൽ കൂടുതൽ ഗുണമൊന്നും സിദ്ധിക്കുമെന്നു തോന്നുന്നില്ല. സക്കാരിൽനിന്നു നേരിട്ടു ശമ്പളം കൊടുക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇക്കാര്യം ബില്ലു കൂടാതെതന്നെ നടപ്പാക്കിയതായി കേട്ടു. നേരിട്ടു ശമ്പളംകൊടുക്കുന്ന വ്യവസ്ഥ ഇല്ലാതിരുന്നിട്ടും പരാതിയുള്ളതായി അറിവില്ല. ആ നിലയ്ക്കു വിദ്യാഭ്യാസത്തിനു നമ്മുടെ നാട്ടിൽ ഗണ്യമായ സേവനം നൽകിയിട്ടുള്ള മാനേജുമെൻറുകളുടെ അഭിപ്രായത്തെ തിരസ്കരിക്കുന്നതുകൊണ്ടു് യാതൊരു പൊതുഗുണവും ഉണ്ടാകാനില്ല.

സ്കൂൾവക സ്ഥാവരജംഗമസ്വത്തിന്റെ ലിസ്റ്റു് സമർപ്പിക്കണമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ മാനേജരെ ശിക്ഷിക്കുമെന്നും ബില്ലിൽ പറയുന്നു. ഈ വ്യവസ്ഥ നിയമദൃഷ്ട്യാ സാധുവായിരിക്കുമോയെന്നു ഞാൻ സംശയിക്കുന്നു. സ്കൂൾസാമഗ്രികളോ സ്വത്തുക്കളോ ആരെങ്കിലും മാററിയതായി കേട്ടുകേൾവിപോലുമില്ല. ഈ നിയമമനുസരിച്ചു് എന്തെങ്കിലും നടപടികൾ എടുക്കുന്നതിനെ ഇൻജക്ഷൻമൂലമോ മറെറന്തെങ്കിലും നടപടിമൂലമോ കോടതികൾ ഒന്നും തടസ്സപ്പെടുത്തരുതെന്നു് പറഞ്ഞിരിക്കുന്നതു് വിനോദകരമായി തോന്നുന്നു. തിരമാലകൾക്കു് ഉത്തരവുനൽകിയ കാന്യൂട്ടുരാജാവിനെ ഞാൻ ഓർത്തുപോകയാണു്. ഈ വ്യവസ്ഥ തികച്ചും അസാധുവാണു്. ബിൽ പാസ്സാക്കുന്നതുകൊണ്ടു് ഇന്നു് നിലവിലുള്ള അല്ലെങ്കിൽ ഉണ്ടെന്നു വിചാരിക്കപ്പെടുന്ന ഏതു ന്യൂനതയാണു് പരിഹരിക്കപ്പെടുന്നതു്. വികാരാവേശംമൂലം എന്തോ ചിലതു ചെയ്തേതീരൂ എന്നുള്ള മനോഭാവം ഈ ബില്ലിൽ ഉടനീളം കാണുന്നുണ്ടു്. ഈ നിയമം പാസ്സാക്കിക്കൊള്ളണമെന്നു നിർബന്ധിക്കുന്ന പരിതസ്ഥിതിയൊന്നും ഇന്നു ഈ രാജ്യത്തിലില്ല. സ്കൂളുകൾ പുതുതായി സ്ഥാപിക്കുന്നതു് എവിടെയെല്ലാം വേണമെന്നതിനെപ്പററി പടംവലികളും മത്സരങ്ങളും നടക്കാറുണ്ടു്. അതിനൊരു പരിഹാരമായ നിർദ്ദേശമൊന്നും ബില്ലിൽ കാണുന്നില്ല.

എല്ലാ സ്കൂളുകളും സക്കാർവകയാകുന്നതുകൊണ്ടു് വിദ്യാഭ്യാസനിലവാരം ഉയരുമെന്നു ഞാൻ കരുതുന്നില്ല

മാനേജരന്മാരും സക്കാരും ഇടകലർന്നു നടത്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സമ്പ്രദായമാണു് നല്ലതു്. പ്രാദേശികവിദ്യാഭ്യാസ അതോറിററികൾ സ്ഥാപിക്കാൻ പോകുന്നതായി ബില്ലിന്റെ 18-ാം വകുപ്പിൽ പറയുന്നു. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസകാര്യത്തിലുണ്ടായിട്ടുള്ള പ്രശസ്തിയുടെ അന്ത്യത്തിന്റെ ആരംഭമായിരിക്കും ഇതെന്നു ഞാൻ കാണുന്നു.

---

(1-ാംപേജു് തുടർച്ച)

സാധിക്കും. യാതൊരു സ്വാതന്ത്ര്യപ്രക്ഷോഭണവും കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ അനുവദനീയമല്ല. തൊഴിലാളിക്കു് എതിർശബ്ദം പുറപ്പെടുവിക്കുവാൻ അവകാശമില്ല. "കഷ്ടപ്പെട്ടു ജോലിചെയ്യുക", "കിട്ടുന്നതു വാങ്ങുക" ഇതാണു് നിയമം. ഓരോ നിമിഷവും താൻ എപ്പോഴാണു് ഒരു ജനകീയകോടതിയിൽ ഹാജരാകേണ്ടതു് എന്ന ഭയത്തിലാണു് ഓരോരുത്തരും കഴിഞ്ഞുകൂടുന്നതു്. ഇതിൽനിന്നും കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ "തൊഴിലാളിസ്വാതന്ത്ര്യം" എന്താണെന്നു ചിന്തിച്ചുനോക്കു.

കമ്മ്യൂണിസ്റ്റു്ചൈനയിൽ ജനങ്ങളെ അവരുടെ ഉപയോഗമനുസരിച്ചു് പത്തായിട്ടാണു് തരംതിരിച്ചിട്ടുള്ളതു്. അവർ: പടയാളികൾ, കൂലിപ്പണിക്കാർ, കർഷകർ, സക്കാർജീവനക്കാർ, കരകൗശലപ്പണിക്കാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ മുതലായവർ; കൈത്തൊഴിൽക്കാർ, വ്യവസായികൾ, വേശ്യകൾ, ദൂതന്മാർ എന്നിവരാണു്. ഇവരിൽ മേല്പറഞ്ഞ നിയമങ്ങൾ കൂലിപ്പണിക്കാർ, കരകൗശലപ്പണിക്കാർ, കൈത്തൊഴിൽക്കാർ ഇവരെ ബാധിക്കുന്നവയാണു്.

കർഷകനെ സംബന്ധിച്ചു നോക്കിയാൽ, ആദ്യമായി അവന്റെ വരുമാനവും സക്കാരിലേക്കു അവൻ കൊടുക്കേണ്ട തുകയും അവർ തിട്ടപ്പെടുത്തും. കാലക്രമേണ അവന്റെ നിലം മററുള്ളവരുടെ നിലത്തോടു ചേത്തു് കൂട്ടുകൃഷിനടത്തുവാൻ ഉത്തരവുണ്ടാകും. കൂട്ടുകൃഷിയിൽ അവൻ ചെയ്യുന്ന അദ്ധ്വാനത്തിനു പ്രതിഫലം സക്കാരിൽനിന്നും അവനു നൽകും. കാലതാമസമെന്യേ അവനും ഒരു കൂലിവേലക്കാരനായി മാറും.

സക്കാർജീവനക്കാർ, അദ്ധ്യാപകർ, ഡോക്ടർമാർ ഇവരുടെ തൊഴിൽസമയം, ശമ്പളം, ജോലിവ്യവസ്ഥകൾ ഇവ തിട്ടപ്പെടുത്തുന്നതു് ഗവമ്മെൻറായിരിക്കും. എതിർശബ്ദം അനുവദനീയമല്ല.

മാതാപിതാക്കന്മാർക്കു് കുഞ്ഞുങ്ങളുടെമേൽ യാതൊരധികാരവും ഉണ്ടായിരിക്കയില്ല. അവരെന്തു പഠിക്കണമെന്നും, എവിടെ എത്രനാൾ പഠിക്കണമെന്നും തീരുമാനിക്കുന്നതു് സക്കാരാണു്. അവരെക്കൊണ്ടു് കഴുതകളെപ്പോലെ ജോലിചെയ്യിച്ചാൽപോലും മാതാപിതാക്കന്മാർക്കു ചോദിക്കുവാനവകാശമില്ല.

ആരാധനാസ്വാതന്ത്ര്യം തടയപ്പെടുമെന്നും, പള്ളികളും, ദേവാലയങ്ങളും, അമ്പലങ്ങളും, ജയിലുകൾ, രഹസ്യസമ്മേളനസ്ഥലങ്ങൾ ഇവയായിമാറുമെന്നുള്ളതിനു് യാതൊരു തെളിവും ആവശ്യമില്ല. ചുരുക്കത്തിൽ നമ്മുടെ സർവ്വവും സക്കാരിന്റേതായിരിക്കും. സക്കാ

# 30 ലക്ഷം ജനങ്ങളുടെ നേതൃത്വം വഹിക്കുന്ന

## കേരളത്തിലെ ക്രൈസ്തവസഭാദ്ധ്യക്ഷന്മാരുടെ സംയുക്തപ്രസ്താവന

കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ വിദ്യാഭ്യാസബില്ലിനെപ്പററി ചച്ചചെയ്യുവാനായി കേരളത്തിലെ വിവിധ ക്രൈസ്തവസഭാദ്ധ്യക്ഷന്മാരുടെ ഒരു യോഗം ജൂലൈ 13-ാംനു രാവിലെ കോട്ടയം കാത്തലിക്ക് ബിഷപ്പ്സ് ഹൗസിൽവച്ചു കൂടുകയുണ്ടായി.

സുദീർഘമായ ചർച്ചകൾക്കു ശേഷം താഴെ കാണുന്ന പ്രസ്താവന പുറപ്പെടുവിക്കയുണ്ടായി. കൂടാതെ അടുത്ത ഞായറാഴ്ച പ്രാത്ഥനാദിനമായി ആചരിക്കണമെന്നു കോൺഫറൻസ് തീരുമാനിക്കുകയും, എല്ലാ ക്രൈസ്തവവിഭാഗങ്ങളേയും പ്രതിനിധീകരിച്ച് വൈദികമേലദ്ധ്യക്ഷന്മാരുടേയും, ജനങ്ങളുടേയും ഓരോ ആക്ഷൻ കമ്മിററി രൂപീകരിക്കയുമുണ്ടായി.

### പ്രസ്താവന

ജൂലൈ 7-ാംനു കേരളാഗവർമ്മെൻറ് പുറപ്പെടുവിച്ച അസാധാരണഗസററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസബില്ല് ഞങ്ങൾ സൂക്ഷ്മതയോടുകൂടി പരിശോധിച്ചു. അസാധാരണമായ തിടുക്കത്തിൽ ബിൽ പാസ്സാക്കിയെടുക്കണമെന്നുള്ളതാണ് ഗവർമ്മെൻറിന്റെ ഉദ്ദേശമെന്നു ഔദ്യോഗികപ്രസ്താവനകളിൽ നിന്നു മനസ്സിലാക്കുന്നു. ബില്ലിന്റെ മിക്കവാറും എല്ലാ വകുപ്പുകളെക്കുറിച്ചും ഞങ്ങളുടെ ഗുരുതരമായ ഖേദവും അഗാധമായ ഉൽക്കണ്ഠയും പ്രകടിപ്പിക്കേണ്ടതു് ഞങ്ങളുടെ പരമമായ കത്തവ്യമാണെന്നു ഞങ്ങൾ കരുതുന്നു.

### വിനാശകരവും വിദ്ധ്വംസകവുമാണ്

ബിൽ അദ്ധ്യാപകരുടെ അവ

കാശങ്ങൾ സംബന്ധിച്ച ഒരു തീട്ടൂരമാണെന്നു നേരത്തെ മന്ത്രി പ്രശംസിച്ചിട്ടുണ്ടെങ്കിലും അതു വളരെയൊന്നും അദ്ധ്യാപകനു നൽകുന്നില്ലെന്നുതന്നെയല്ല, പ്രൈവററ് ഏജൻസികളെ നിമ്മാജ്ജനംചെയ്യുന്നതിനു പ്രകടമായി ഉദ്ദേശിച്ചിട്ടുള്ളതുമാകുന്നു. ബില്ലിന്റെ ഉദ്ദേശം സ്റ്റേററിൽ എല്ലായിടത്തും വൈവിദ്ധ്യമുള്ളതും സമഗ്രവുമായ വിദ്യാഭ്യാസസേവനം അനുഷ്ഠിക്കുകയാണെന്നു പീഠികയിൽ പറഞ്ഞിട്ടുണ്ടെങ്കിലും, ബില്ലിലെ വകുപ്പുകൾ, വിദ്യാഭ്യാസരംഗത്തിൽ നിവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾക്കു തുടർച്ചയായി അധികാരത്തിൽ ഇരുന്നിട്ടുള്ള ഗവർമ്മെൻറുകളും സ്റ്റേററിലും പുറത്തുമുള്ള വിദ്യാഭ്യാസധുരന്ധരന്മാരും പ്രശംസിച്ചിട്ടുള്ളതായ പ്രൈവററ് ഏജൻസികളെ ചങ്ങലയിട്ടു ബന്ധിക്കുന്നതും ഭീഷ

> **വിദ്യാഭ്യാസപ്രശ്നപരിഹാരാത്ഥം കേരളമാകെ പൊതുപ്രാർത്ഥനാദിനാചരണം**
>
> **ജൂലൈ 21-ാംതീയതി ഞായറാഴ്ച**
>
> കേരളത്തിലെ ക്രൈസ്തവമതാദ്ധ്യക്ഷന്മാരുടെ കോട്ടയം കോൺഫറൻസിലെ നിശ്ചയം ഇതിനു ജനതയെ ആഹ്വാനംചെയ്യുന്നു.

ണിപ്പെടുത്തുന്നതുമായ ഒരു കേന്ദ്രീകൃതനടപടിക്രമംകൊണ്ടു് നിമ്മാജ്ജനംചെയ്യുവാൻ ഗവമ്മെൻറിനു കഴിവുനൽകത്തക്കവിധത്തിലാണ് രചിച്ചിട്ടുള്ളതു്. ബില്ലിന്റെ പ്രയോക്താക്കൾ വിദ്യാഭ്യാസത്തിന്റെ മൗലികാദശങ്ങൾ സൗകയ്യപ്രദമായി വിസ്മരിക്കുകയും വിദ്യാഭ്യാസത്തെ സ്റ്റേററിന്റെ ഒരു കുത്തകയും അധികാരത്തിലിരിക്കുന്ന കക്ഷിയുടെ ഒരു രാഷ്ട്രീയോപകരണവുമായി അധഃപതിപ്പിക്കുവാൻ ശ്രമിക്കുകയുമാണു ചെയ്യുന്നതു്. മാനേജർമാരുടേയും അദ്ധ്യാപകരുടേയും നിയമനം നിയന്ത്രിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ അധികാരസമിതികൾ രൂപവല്ക്കരിക്കുന്നതിനു് ഗവർമ്മെൻറിനെ പ്രാപ്തമാക്കുന്ന ബില്ലിലെ വ്യവസ്ഥകൾ വ്യാമിശ്രതയും കുഴപ്പവും ഉണ്ടാക്കുകയും ഞങ്ങളുടെ സ്ഥാപനങ്ങളിൽ പാലിച്ചുവരുന്ന ശിക്ഷണവും കാര്യക്ഷമതയും ഉയർന്ന സാന്മാർഗ്ഗികനിലവാരവും നശിപ്പിക്കുകയും ചെയ്യും. മാനേജുമെൻറുകൾ ഏറെറടുക്കുന്നതിനും സ്കൂളുകൾ കൈവശപ്പെടുത്തുന്നതിനും ഗവർമ്മെൻറിനു അധികാരം നൽകുന്ന വ്യവസ്ഥകൾ ഉടമസ്ഥാവകാശം നിഷേധിച്ച് കൈവശപ്പെടുത്തുന്നതിനുള്ളവയെന്നും പ്രൈവററ് ഏജൻസികൾ നടത്തുന്ന സ്കൂളുകൾ ദേശസാൽക്കരിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളവയെന്നും പ്രകടമാണ്. ഇതു ഭരണഘടനാനിയമം ഉറപ്പുനൽകിയിട്ടുള്ള അവകാശങ്ങളുടെ ലംഘനമാകുന്നു.

അദ്ധ്യാപകന്മാരെ തിരിഞ്ഞെടുക്കുന്നതിനും നിയമിക്കുന്നതിനും അവക്കു ശമ്പളംകൊടുക്കുന്നതിനും മാനേജുമെൻറുകൾക്കുള്ള അവകാശം അനുഭവത്തിൽ നിഷേധിക്കുന്ന ബില്ലിലെ വ്യവസ്ഥകൾ ഇപ്പോൾ പ്രൈവററ് സ്കൂളുകളിലുള്ള ശിക്ഷണവും കാര്യക്ഷമതയും നിശ്ശേഷം തകർക്കുമെന്നു തീർച്ചയാണു്.

### വ്യവസ്ഥകൾ പ്രതിഷേധാർഹം

സ്കൂളുകളുടെ സ്ഥാവരവും ജംഗമവുമായ സ്വത്തുക്കളുടെ ഒരു ലിസ്റ്റ് മാനേജർ സമപ്പിക്കണമെന്നു ശിക്ഷാവ്യവസ്ഥകളോടുകൂടി ബില്ലിൽ കൊള്ളിച്ചിട്ടുള്ള വകുപ്പ് ഏററവും പ്രതിഷേധാർഹമാണ്. സ്കൂൾ അന്യാധീനപ്പെടുത്തുന്നതിന്മേൽ ബില്ലിലെ 7-ാംവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള നിയന്ത്രണം വസ്തുക്കൾ സമ്പാദിക്കുന്നതിനും കൈവശംവച്ചുകൊണ്ടിരിക്കുന്നതിനും വില്ക്കുന്നതിനുമുള്ള അവകാശത്തിന്റെ നേരെയുള്ള കൈയേററമാകുന്നു. അസാധാരണവും സ്വേച്ഛാധിപത്യപരവുമായ വിധത്തിൽ നിയമനിമ്മാണം ചെയ്യുന്നതിനുള്ള അധികാരം ബില്ലിലെ വ്യവസ്ഥകൾ പ്രയോഗത്തിൽ ഗവമ്മെൻറിനു നൽകുന്നു. ഇതു ഏററവും പ്രതിഷേധാർഹമായ ഒരു നടപടിയാകുന്നു.

നീതിന്യായക്കോടതിയുടെ സംരക്ഷണം പൗരന്മാർ തേടുന്നതിനെ തടയുന്ന വകുപ്പുകൾ ഭരണഘടനാനിയമം ഉറപ്പുനൽകുന്ന പൗരാവകാശങ്ങളുടെ നിഷേധവും ഗവമ്മെൻറ് സ്വേച്ഛാധിപത്യപരമായ അധികാരങ്ങൾ ഏറെറടുക്കുന്നതിനുള്ള ശ്രമവുമാകുന്നു. പൗരന്മാരുടെ ജനാധിപത്യപരമായ അവകാശങ്ങൾ കൈയേറുന്നതിനും വിദ്യാഭ്യാസരംഗത്തിൽ പ്രൈവററ് ഏജൻസികളെ ലിക്വിഡേററുചെയ്യുന്നതിനും വിദ്യാഭ്യാസസമ്പ്രദായത്തിനു കമ്മ്യൂണിസ്റ്റ് രീതിയിൽ പട്ടാളച്ചിട്ട നൽകുന്നതിനുമുള്ള ഒരു ശ്രമം ഞങ്ങൾ ബില്ലിൽ കാണുന്നു. അതുകൊണ്ടു് അതാതുരൂപതകളിൽ ഞങ്ങളുടെ സംരക്ഷണത്തിനു ഏല്പിക്കപ്പെട്ടിട്ടുള്ള ജനങ്ങളുടെ പേരിലും ജാതിമതഭേദമെന്യേ മതവും ജനാധിപത്യവും സ്വാതന്ത്ര്യവും സ്നേഹിക്കുന്ന എല്ലാവരോടും ചേന്നുകൊണ്ടും ബില്ലിലെ വകുപ്പുകളോടു ഞങ്ങൾക്കുള്ള ശക്തിയായ പ്രതിഷേധവും കഠിനമായ എതിപ്പും ഞങ്ങൾ പ്രകടിപ്പിച്ചുകൊള്ളുന്നു.

നമ്മുടെ പ്രിയപ്പെട്ട സ്റ്റേററിനേയും സ്റ്റേററിലെ ജനങ്ങളേയും ആഞ്ഞടിക്കാൻപോകുന്ന അത്യാപത്തു് ഒഴിവാക്കാൻ സവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

രിന്റെ ദാക്ഷിണ്യത്തിൽ കഴിഞ്ഞുകൂടുന്ന വ്യക്തികൾ—അല്ല അടിമകൾ—എന്നതിൽ കവിഞ്ഞു് ഒരു സ്ഥാനവും നമുക്കുണ്ടായിരിക്കയില്ല. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടമാടുന്ന കിരാതഭരണം പത്രങ്ങൾ മുഖേനയും മററും നമുക്കറിവുള്ളതാണ്. മദ്ദിതയായ ഹങ്കറിതന്നെ അതിനൊരുദാഹരണമല്ലേ?

യുവത്വത്തിന്റെ ചോരത്തിളപ്പിൽ വാഗ്ദാനങ്ങളുടെ പുറംപകിട്ടിൽ മയങ്ങി ആപത്തിന്റെ പടുകുഴിയിലേക്കു ഓടിയടുക്കുന്ന നമ്മുടെ സഹോദരങ്ങൾ കമ്മ്യൂണിസത്തേയും അതിന്റെ ഭീകരതയേയുംപററി പഠിച്ച് അതിൽനിന്നും നാടിനെ രക്ഷിക്കുവാൻ ഇപ്പോൾതന്നെ ശ്രമിക്കുന്നില്ലെങ്കിൽ അതു ഭാവിതലമുറയോടു് നാം ചെയ്യുന്ന ഒരു വലിയ അപരാധമായിരിക്കും.

—o—

(10-ാംപേജ് തുടർച്ച)

കിയ ഉപദേശം എന്നെ ആശ്ചര്യഭരിതനാക്കിയെന്നുമാത്രമല്ല എതാണ്ടു് സ്തംഭിപ്പിക്കുകൂടെ ചെയ്തു. ഏതായാലും അദ്ദേഹത്തിന്റെ ഉപദേശം ഉടനെ സ്വീകരിച്ചു ഞാൻ പ്രവത്തിച്ചിരുന്നുവെങ്കിൽ വളരെക്കാലത്തെ മാനസികക്ലേശങ്ങളിൽനിന്നും എനിക്കു മോചനമുണ്ടാകുമായിരുന്നു. എന്നാൽ അന്നെനിക്കു ലഭിച്ച വരപ്രസാദം വെറും ആദ്യപടി മാത്രമായിരുന്നു. പുറമേയുള്ളവക്ക് ആംഗ്ലിക്കൻസഭയെന്നറിയപ്പെടുന്ന സഭാവിഭാഗത്തിൽ ചേന്നു് ഒരു വൈദികനായാൽ മതിയെന്ന തീരുമാനത്തിലാണ് ഞാൻ എത്തിച്ചേന്നതു്. (തുടരും)

(വിവത്തകൻ:- പൈങ്ങളം ജോസ്)

### ഇടവകവാർത്ത

ചെമ്മലമററം: സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ജാതീയദിനംകൊണ്ടാടപ്പെട്ടു. റവ. ഫാദർ ജോർജ്ജ് കീഴക്കേക്കുററ് അവർകൾ അദ്ധ്യക്ഷതവഹിക്കുകയും, ബ്രദർ കെ ജെ സേവ്യർ പ്രസംഗിക്കുകയും ചെയ്തു.

പത്രസ്ഥലദൗർലഭ്യംകൊണ്ടു് പ്രാദേശികവാത്തകൾ അടുത്ത ലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു. പത്രാധിപർ


## പാഠശാലകളോ കമ്മ്യൂ: പാഠക്കളരികളോ?

(By ഫാദർ ആക്കെയിഞ്ചൽ ഒ. സി. ഡി.)

**വിദ്യാഭ്യാസബില്ലിന്റെ ഉള്ളുകള്ളികൾ പൊളിച്ചുകാണിക്കുന്ന പുസ്തകം**

150-ഓളം പേജുകൾ! വില പോസ്റ്റേജുൾപ്പടെ 80ന. പൈസ.

വാങ്ങുവിൻ! പ്രചരിപ്പിക്കുവിൻ!

ഉടനെ എഴുതുക:- അസ്സീസിപ്രസ്സ്, നാഗർകോവിൽ


ആദ്ധ്യാത്മികവീഥി

## ദൈവവിളി—പ്രാർത്ഥന

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിൽനിന്നും ഓരോ ആളെയെങ്കിലും പുരോഹിതനാകാൻ വിടുന്നതിനു ശ്രമിക്കണമെന്നും അതിനുവേണ്ടി സദുപദേശംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ കുടുംബാംഗങ്ങൾ പ്രാത്ഥനയും പരിത്യാഗവും സമപ്പിക്കണമെന്നും മുൻലക്കങ്ങളിൽ പറയുകയുണ്ടായല്ലോ. ആ പ്രാത്ഥനയുടെ പ്രധാനോദ്ദേശ്യം സ്വന്തം കുടുംബത്തിൽനിന്നു ഒരാൾക്കെങ്കിലും ദൈവവിളി ലഭിക്കണമെന്നുള്ളതായിരുന്നു.

അതു് ആദരണീയമാണെങ്കിലും അല്പം സ്വാത്ഥംകൂടി അതിൽ കലരുന്നുണ്ടെന്നു സമ്മതിക്കണം. എന്നുതന്നെയല്ല സ്വന്തകുടുംബത്തിൽ വൈദികവൃത്തിക്കു പോകത്തക്കവരായി ആരുമില്ലാത്തവർ പ്രസ്തുതപ്രാത്ഥന തീരെ ഉപേക്ഷിക്കുന്നതിനും ഇടയുണ്ടു്.

### കൃതജ്ഞത

വിശുദ്ധ യൗസേപ്പുപിതാവിന്റേയും പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റേയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു്.

Annamma, Elikulam

അതിനാൽ കുറേക്കൂടി വിശാലമനസ്സോടുകൂടി ലോകത്തിനു മുഴുവനുംവേണ്ടി പ്രാർത്ഥിക്കുന്ന പതിവു് കുറേക്കൂടി ആദരണീയമായിരിക്കും. അതിനു ഒരെളുപ്പമാർഗ്ഗം പറഞ്ഞുതരാം.

നിങ്ങളെല്ലാവരുംതന്നെ ജപാപ്പസ്തോലസഖ്യത്തിൽചേന്നു പേരെഴുതിച്ചിട്ടുള്ളവരായിരിക്കുമല്ലോ. ചേരാതെ ആരെങ്കിലുമുണ്ടെങ്കിൽ ഉടനെ ചേരാൻ ശ്രമിക്കണം. മിക്ക പള്ളികളിലും സന്യാസസ്ഥാപനങ്ങളിലും പ്രസ്തുതസഖ്യത്തിന്റെ ശാഖകൾ സ്ഥാപിച്ചിട്ടുണ്ടു്. നിങ്ങളുടെ അടുത്തൊരിടത്തും ഇല്ലെങ്കിൽ നിങ്ങളുടേയും പ്രാത്ഥിക്കാൻ പ്രായമായ ഇതരകുടുംബാംഗങ്ങളുടേയും പേരും സ്റ്റാമ്പൊട്ടിച്ച ഒരു കവറും കൂടി അയച്ചുതന്നാൽ നിങ്ങളെ സഖ്യത്തിൽ ചേത്തു സാക്ഷിപത്രം അയച്ചുതരാം. ഓരോ ദിവസവും രാവിലെ എഴുന്നേററാലുടനെ അന്നത്തെ പ്രാത്ഥനകളും പ്രവൃത്തികളും ദുഃഖസന്തോഷങ്ങളും എല്ലാം മാതാവിന്റെ വിമലഹൃദയം വഴിയായി ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവക്കണമെന്നുള്ളതാണ് സഖ്യാംഗങ്ങളുടെ പ്രധാനചുമതല. സ്വന്തജീവിതവിശുദ്ധീകരണത്തിനും അയല്ക്കാരുടെ രക്ഷയ്ക്കും വളരെ ഉപകരിക്കുന്ന ഒരു പ്രസ്ഥാനമാണിതു്. സാക്ഷിപത്രത്തിൽ കാഴ്ചവയ്പുപ്രകരണവും സഖ്യാംഗങ്ങളുടെ ചുമതലയും കൊടുത്തിട്ടുണ്ടു്.

ഈ സഖ്യാംഗങ്ങൾ പ്രതിദിനകാഴ്ചവയ്പുപ്രകരണത്തിനു പുറമെ "കത്താവേ, അങ്ങേ സഭയിലേക്കു വിശുദ്ധരായ വൈദികരെ അയക്കേണമെ" എന്ന സുകൃതജപംകൂടി ചൊല്ലുന്നപക്ഷം വൈദികക്കുവേണ്ടിയുള്ള പ്രാത്ഥനാസഖ്യത്തിൽ ചേരുന്നവക്കുള്ള ആനുകൂല്യങ്ങൾകൂടി അവക്കു ലഭിക്കും. "വിളവധികം വേലക്കാർ ചുരുക്കം; അതിനാൽ വിളവിന്റെ യജമാനനോടു വേലക്കാരെ അയക്കാൻ പ്രാത്ഥിപ്പിൻ" എന്നുള്ള നമ്മുടെ ദിവ്യരക്ഷകനിദ്ദേശാനുസരണം അവർ പ്രവത്തിക്കയായിരിക്കും ചെയ്യുന്നതു്.

വൈദികക്കുവേണ്ടിയുള്ള പ്രാർത്ഥനാസഖ്യത്തിന്റെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. പൗരോഹിത്യസ്ഥാപനംവഴി ദൈവം നമുക്കു നൽകിയിട്ടുള്ള അനുഗ്രഹത്തിനു നന്ദി പറയുക.

2. പൗരോഹിത്യത്തിനു വിരോധമായി ചെയ്യപ്പെടുന്ന സകല പാപങ്ങൾക്കും പരിഹാരം ചെയ്യുക.

3. a) ദൈവവിളിയുടെ വർദ്ധനവിനും b) വൈദികർ വിശുദ്ധിയിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നതിനും അതിൽ നിലനില്ക്കുന്നതിനും c) ശുദ്ധീകരസ്ഥലത്തിൽ കിടക്കുന്ന വൈദികർ വേഗം സ്വർഗ്ഗപ്രാപ്തരാകുന്നതിനുംവേണ്ടി പ്രാർത്ഥിക്കുക.





ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവക്ക്സ് തൃശ്ശൂർ


പ്രസ്തുത നിയോഗങ്ങളെല്ലാം ജപാപ്പസ്തോലസഖ്യത്തിന്റെ കാഴ്ചവയ്പും അതോടുകൂടി ചൊല്ലാൻ നിദ്ദേശിച്ചിരിക്കുന്ന സുകൃതജപവുംകൊണ്ടു് സാധിക്കുമെന്നുള്ളതിനാൽ എല്ലാവരും ജപാപ്പസ്തോലസഖ്യത്തിൽ ചേന്നു് ആ സുകൃതജപം ചൊല്ലി എല്ലാ വൈദികക്കുംവേണ്ടി പ്രാർത്ഥിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

എന്നു

പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

—o—

(12-ാം പേജ് തുടർച്ച)

ളിച്ചിട്ടേ ആ ബ്ളൗസ്സു കൊടുക്കുകയുള്ളായിരുന്നു! എന്റെ മനസ്സ് ഞാനറിയാതെ ചിന്തകളുടെ രാജപാതയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു.

(തുടരും)

# ചെറുകഥ

## പൂനിലാവിലൊരു പുള്ളിക്കുത്ത്

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

ഒതുങ്ങിയ, ഉള്ളിണക്കത്തോടു കൂടിയ, സമാധാനം കളിയാടുന്ന ഒരു കൊച്ചുകുടുംബം. അതായിരുന്നു ജോണിയുടെ ലക്ഷ്യം. ദൈവത്തിനും മനുഷ്യർക്കും നിരക്കത്തക്കവണ്ണം, വലിയ അല്ലലൊന്നും കൂടാതെ, എളിയതോതിൽ ഐശ്വര്യത്തോടും മനശ്ശാന്തിയോടും നിയന്ത്രിതമായ ആഹ്ളാദത്തോടും കൂടി, ആർക്കും ഒരുപദ്രവവും കൂടാതെ, ജീവിക്കാൻ സാധിക്കുക എത്രമേൽ സൗഭാഗ്യകരമാണ്! അതിലപ്പുറമൊന്നും ജോണി ആഗ്രഹിച്ചില്ല.

പലേടത്തുനിന്നും തുരുതുരന്നനെ കല്യാണാലോചനകൾ വന്നപ്പോഴൊക്കെയും അതൊന്നുമാത്രമായിരുന്നു ജോണിയുടെ ഉത്കണ്ഠാപൂർവ്വമായ അന്വേഷണവും പ്രാർത്ഥനയും. തൻെറ എളിയ ചുറ്റുപാടുകളിൽ, ഇല്ലവല്ലായ്മയുടെ മദ്ധ്യത്തിലും പിറുപിറുപ്പും മുഖം വീർപ്പിക്കലും കൂടാതെ, സഹിച്ചും സഹകരിച്ചും മുന്നോട്ടുപോകാൻ തക്കവണ്ണം ഹൃദയഗുണമുള്ള ഒരു പെണ്ണായിരിക്കുമോ അവൾ? ജീവിതത്തിനു ഒരു താങ്ങും തുണയുമായിരിക്കുമോ; അതോ ജീവിതത്തെ കൂടുതൽ ഭാരമുള്ളതാക്കുന്നവളോ! അത്തരത്തിലുള്ളതൊന്നും ആയിരിക്കരുതേ; ദൈവമേ, ആയിരിക്കരുതേ!

പൊന്നും പണവും മേനിമിനുക്കവുംനോക്കി വിവാഹക്കുടുക്കിൽ ചാടിയ പലരുടേയും കഥകൾ— സഹതാപാർഹമായ ചരിത്രങ്ങൾ—ജോണിയുടെ ഓർമ്മയ്ക്കുമുൻപിൻ പച്ചയായി നിന്നിരുന്നു.

ഉദ്യോഗമുള്ള ഒരു ഭാര്യയെത്തേടി, അങ്ങു പോത്താൻകോട്ടുനിന്നു് ഒരു സ്കൂൾമിസ്ട്രസിനെ കെട്ടിക്കൊണ്ടുവന്ന, കുമ്പാരിജോസഫിൻെറ കാര്യംതന്നെ ഓർത്താൽ മതിയല്ലൊ. പാവം, ആ ചെറുപ്പക്കാരൻെറ ഇന്നത്തെ അവസ്ഥ! ആർക്കും അനുകമ്പതോന്നിപ്പോകും. കുട്ടികളെ കുളിപ്പിക്കുക, പാലുകൊടുത്തുറക്കുക, ഭാര്യയുടെ സാരി ഇസ്തിരിക്കിടുക തുടങ്ങിയ സാധാരണ ജോലികൾക്കു പുറമെ, ആ ഉദ്യോഗസ്ഥ, അണിഞ്ഞൊരുങ്ങിവരുമ്പോൾ, അവൾക്കു് ഉച്ചയ്ക്കുണ്ണാനുള്ള ചോറു പൊതികെട്ടിക്കൊടുക്കേണ്ടതുവരെ ആ പാവത്തിൻെറ ചുമതലയാണത്രെ! അത്തരത്തിലുള്ളതൊന്നും ആയിരിക്കരുത്; ദൈവമേ, ആയിരിക്കരുതേ.

ആ യുവാവിൻെറ പ്രാർത്ഥന ഇതൊന്നുമാത്രമായിരുന്നു: തൻെറ സാഹചര്യങ്ങൾക്കു് അനുയോജിച്ച ഒരു യുവതിയുമായി തന്നെ കൂട്ടിച്ചേർക്കണമേ എന്നു്.

ജോണിക്കു് എല്ലാ കാര്യത്തിലും നല്ലൊരുപദേഷ്ടാവായിരുന്നു ആ ഇടവകയിലെ വിൻസെൻറു് ഡി പോൾ സംഘം പ്രസിഡൻറു് മാത്തച്ചൻ. ജോണി അയാളുടെ മനസ്സിൻെറ ഉള്ളുപാടുകളെല്ലാം മാത്തച്ചനെ തുറന്നുകാണിച്ചു. ജോണിയുടെ സഹോദരിമാരുണ്ടായിരുന്നതു രണ്ടിനേയും കല്യാണം കഴിച്ചുവിട്ടസ്ഥിതിക്കു്, കഴിയുംവേഗം ജോണിയും ഒരു ജീവിതാശ്രമത്തിൽ പ്രവേശിക്കണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു, മാത്തച്ചൻ.

അങ്ങനെയിരിക്കെ അദ്ദേഹം തന്നെ ഈ പുതിയ ആലോചന കൊണ്ടുവരികയുംചെയ്തു. ആലോചനകൾ തുടന്നു. കാര്യങ്ങൾ അന്യോന്യം പറഞ്ഞുറത്തു. "ഇടിപിടീന്നെന്നു" പറഞ്ഞപോലെ കാര്യങ്ങൾ നടക്കുകയുംചെയ്തു.

കുഞ്ഞമ്മ വന്നുകേറിയതോടുകൂടി ആ വീട്ടിൽ പുതുതായൊരു ചിട്ടയും ക്രമവും വീണിട്ടുണ്ടു്. മുറ്റവും പര്യമ്പുറവും എപ്പോഴും ശുചിയായിരിക്കും. അടുക്കളയ്ക്കകത്തും ഒരു അടുക്കും മുറയുമുണ്ടു്. ഗൃഹോപകരണങ്ങളും വെടിപ്പായിരിക്കുന്നു. എവിടേയും ഒരു സ്വച്ഛതയുണ്ടു്. ആ വീട്ടിൽ എല്ലായിടത്തും കഴിവും വിരുതുമുള്ള ഒരു സ്ത്രീയുടെ കൈമുദ്ര പതിഞ്ഞിട്ടുള്ള ലക്ഷണംകാണാം. ആ ഇരുപത്തിയൊന്നുകാരി അത്ര നല്ലൊരു ഗൃഹനായികയായി ശോഭിക്കുമെന്നു് ജോണിക്കുപോലും പ്രതീക്ഷയില്ലായിരുന്നു.

ജോണി എന്നും രാവിലെ കടയിൽപോകും. ഉച്ചയാകുമ്പോൾ ഉണ്ണാൻവരും. ഊണുകഴിഞ്ഞുപോയാൽ സന്ധ്യയ്ക്കു കടപൂട്ടിവരും. ചില ദിവസം അല്പം താമസിച്ചുപോകും. അന്നു കുഞ്ഞമ്മ കാരണം ചോദിക്കും. ചിലപ്പോൾ പരിഭവിക്കും. പ്രാർത്ഥനയ്ക്കുമുൻപേ കടപൂട്ടിവരണമെന്നുള്ളതാണു് കുഞ്ഞമ്മയുടെ നിർബന്ധം. ജോണിയുടെ സൗകര്യത്തിനു പ്രാർത്ഥന കുറേക്കൂടി താമസിച്ചുതുടങ്ങാം. അല്ലെങ്കിൽ എന്തിനു്, ജോണികൂടി വന്നിട്ടേ പ്രാർത്ഥന ആരംഭിക്കൂ എന്നായി ആ മിടുക്കി.

"അവൻ വന്നതെപ്പഴാ! അതും നോക്കിയിരുന്നാ, പാതിരാവെളുക്കപ്പുറമാകുവല്ലോ ചെലപ്പം പാത്തന ചെല്ലാൻ." ജോണിയുടെ അമ്മ, കുഞ്ഞന്നംചേടത്തിക്കു് കുഞ്ഞമ്മയുടെ നിർദ്ദേശം അത്ര പിടിച്ചില്ലെന്നു തോന്നുന്നു. കാലേ പ്രാർത്ഥനനമസ്കാരങ്ങളൊക്കെ കഴിച്ചുകൂട്ടിയിട്ടു്, ആ കിഴവിക്കു് നേരത്തെ വല്ലിടത്തും ഒന്നു തല ചായ്ക്കണമെന്നായിരിക്കും!

"ഒരു കുടുമ്മത്തുള്ള എല്ലാരുംകൂടി ഒന്നിച്ചിരുന്നു്, പ്രാർത്ഥന ചൊല്ലുന്നതല്ലേമ്മേ,നല്ലതു്" കുഞ്ഞമ്മ അനുനയസ്വരത്തിൽ പറഞ്ഞു.

"പാതിരായൊന്നും ആകുമ്മേ. നാളെമുതൽ എട്ടുമണിക്കു മുൻപേ ഞാനിവിടെ ഹാജരായിരുന്നേക്കാം, പോരേ?" ജോണിയും സമ്മതിച്ചു.

മുൻപു്, ജോണി പതിവായി രാവിലെ അങ്ങാടിയിൽനിന്നാണു് കാപ്പികുടിക്കുക. മിക്കപ്പോഴും ഉച്ചയൂണും ഹോട്ടലിലായിരിക്കും. ഉച്ചനേരത്തു് വീട്ടിൽവരുമ്പോൾ ചിലപ്പോൾ അരി അടുപ്പത്തായിരിക്കും. അല്ലെങ്കിൽ കറിക്കു് അരയ്ക്കുന്നേ ഉള്ളായിരിക്കാം. ഒരു കിഴവിത്തള്ളയല്ലേ, അവരുടെ കൈകൊണ്ടുവേണ്ടേ എല്ലാം എടുക്കാൻ? അവരോടെന്തു പറയാം!

ഇപ്പോൾ ജോണി രാവിലെ എഴുന്നേററു് പല്ലുതേച്ചു കുളിച്ചുവരുമ്പോൾ, കാപ്പിയും രണ്ടുതരം പലഹാരവും മേശപ്പുറത്തു അയാളെ കാത്തു് ഇരിപ്പുണ്ടാകും. അതുപോലെതന്നെ, ഉച്ചയ്ക്കു വന്നാൽ കൈകഴുകി ഇരുന്നുകൊള്ളുകയേ വേണ്ടു, പാകത്തിനു ചൂടുള്ള ചോറും അയാളുടെ ഹിതത്തിനൊത്ത കറികളും തയാർ.

അലക്കിൻെറ കാര്യത്തിലും കുഞ്ഞമ്മയുടെ പദ്ധതി ലാഭകരമായിരുന്നു. പതിനഞ്ചുരൂപയ്ക്കു ഒരു ഇസ്തിരിപ്പെട്ടി വാങ്ങി. എന്നും ഒരുമണിക്കൂറോളംസമയം അലക്കിനെടുക്കും. സന്ധ്യകഴിഞ്ഞു് കുരിശുവരയ്ക്കും പ്രാർത്ഥനയ്ക്കും ഇടയ്ക്കുള്ള സമയം ഉപയോഗിച്ചു് തേപ്പും കഴിക്കും.

ജോണിക്കു കൂടുതൽ ആകർഷകമായിത്തോന്നിയതു് കുഞ്ഞമ്മയുടെ അടുക്കളത്തോട്ടമായിരുന്നു. വടക്കേപര്യമ്പുറത്തു് പാത്രങ്ങൾ തേച്ചുമെഴുക്കുകയും വെള്ളംകൊണ്ടുവന്നു സൂക്ഷിക്കുകയും ചെയ്യുന്ന ആ വളക്കൂറുള്ള മണ്ണിനോടുചേർന്നു്, കുറേസ്ഥലം കുഞ്ഞമ്മ തിരിച്ചെടുത്തു് അവിടെ പാവൽ, വെണ്ട, പീര, ചീനി തുടങ്ങിയ മലക്കറി കൃഷികൾ ആരംഭിച്ചു. തടമെടുക്കാനും വളംചേർക്കാനും വിത്തുപാകാനുമൊക്കെ ജോണിയേയും അവൾ പിടികൂടി. ആ കൃഷിയിൽ നിന്നു ലഭിക്കാവുന്ന ആദായത്തെക്കാളേറെ അതിൽ തെളിഞ്ഞുകണ്ട കുഞ്ഞമ്മയുടെ സന്നദ്ധതയിലാണു് ജോണി ആശയും ആനന്ദവും കണ്ടുവച്ചതു്.

മലക്കറിച്ചെടികളൊക്കെ വളർന്നുവന്നതോടുകൂടി കുഞ്ഞമ്മയ്ക്കു് മറെറാരുപ്രശ്നത്തേയും നേരിടേണ്ടിവന്നു. കോഴികളുടെ ശല്യം! പരണ്ടപിടിച്ച നാലഞ്ചു കോഴികളുള്ളതു്, അതിൻെറ മുട്ടിൽനിന്നു മാറിക്കൊടുക്കയില്ല. തടങ്ങൾ മുഴുവൻ ചികഞ്ഞിളക്കിപ്പെറുക്കി നാശംപിടിപ്പിക്കുകയാണു്. കുഞ്ഞമ്മ ഓടിച്ചോടിച്ചു മടുത്തു. ആ കില്ലക്കോഴികളുടെ മുൻപിൽ അവൾ തോൽവി സമ്മതിക്കേണ്ടിവന്നു. കുഞ്ഞമ്മ അമ്മയോടു പരാതിപറഞ്ഞു: "അമ്മേ, ഈ കോഴി നമ്മടെ ചീനിത്തടോക്കെ ചെകഞ്ഞുകളയുവാണല്ലോ."

"അതിനിപ്പം, ഒന്നിലോ, കോഴിനെയൊക്കെ തല്ലിക്കൊന്നുകളേണം. അതല്ലേൽ, അക്കണ്ടമൈത്താണ്ടിച്ചെടിയൊക്കെ കൊത്തിപ്പറിച്ചുകളേണം."

കുഞ്ഞമ്മ പ്രതീക്ഷിച്ചതല്ല, കുഞ്ഞന്നംചേടത്തിയുടെ ഉദാസീനമായ ഈ മറുപടി. അവൾ പിന്നെയൊന്നും ആ അമ്മാവിയമ്മയോടു ചോദിച്ചുമില്ല, പറഞ്ഞുമില്ല.

രണ്ടാഴ്ചകഴിഞ്ഞപ്പോൾ സാമാന്യം വലിയ രണ്ടു കയററുവല അവിടെ ഏതോ ഒരു വേലക്കാരൻ ചുമന്നുകൊണ്ടുവന്നു. കുഞ്ഞമ്മയുടെ നിർദ്ദേശപ്രകാരം അവൻ അതു കിഴക്കേകയ്യാലത്തിട്ടയോടു ചേർത്തു് ഒരു വേലിപോലെ ഉറപ്പിച്ചുനിർത്തി. കോഴിക്കൂട്ടം അതിനകത്തേക്കു മാററി. പിറേറന്നു തന്നെ തരാതരത്തിൽ എട്ടൊൻപതു ശീമക്കോഴികൾ അതിൻെറ അവകാശികളുമായി.

പറമ്പിലും പര്യത്തുമൊക്കെ ചപ്പും ചവറും അളിഞ്ഞുകൂടിക്കിടക്കുന്നതു് അത്ര പന്തിയല്ലെന്നു കുഞ്ഞമ്മയ്ക്കുതോന്നി. അവൾ ആ വിവരം ഭർത്താവിനോടു പറഞ്ഞു. അവളുടെ ആഗ്രഹത്തിനു രൂപം കൊടുക്കുവാൻ ജോണി ഒട്ടുമേ അമാന്തിച്ചില്ല. വീടിൻെറ പടിഞ്ഞാറുവശത്തു് നല്ലൊരു കമ്പോസ്റ്റുകുഴി! അതോടെ ആ പറമ്പിൽ വീഴുന്ന കരിയിലയും ചപ്പും ചിപ്പുമൊക്കെ അതിൽ സ്ഥാനംപിടിച്ചു.

കുഞ്ഞമ്മയ്ക്കു നിശ്ചിതമായ ഒരു കാര്യപരിപാടിയുണ്ടായിരുന്നു. രാവിലെ എഴുന്നേററു് കാപ്പി തയാറാക്കിക്കൊടുത്തു ഭർത്താവിനെ കടയിലേയ്ക്കു പറഞ്ഞയച്ചുകഴിഞ്ഞാൽ അടുക്കളത്തോട്ടത്തിൽ അരമണിക്കൂർ പണിയായിരിക്കും. പിന്നെ ഉച്ചയൂണിനു വട്ടംകൂട്ടുകയായി. ഉച്ചകഴിഞ്ഞാൽ ഒരു മണിക്കൂറോളം ഏന്തെങ്കിലും വായിക്കണം. പത്രവും പുസ്തകങ്ങളും മുടങ്ങാതെ കൊണ്ടുവന്നുകൊടുത്തേക്കണം. വായനകഴിഞ്ഞിട്ടു് അലക്കാൻ വല്ലതുമുണ്ടെങ്കിൽ അതിനുപോകും. അലക്കും അല്പൂടെ ഒരു കുളിയും കഴിഞ്ഞുവരുമ്പോൾ അത്താഴത്തിനുള്ള ഒരുക്കംതുടങ്ങാൻ നേരവുമാകും. വൈവിദ്ധ്യംനിറഞ്ഞ ഈ കൃത്യാന്തരങ്ങൾതന്നെ നല്ലൊരു വിശ്രമത്തിൻെറ സ്വാദും സൗഖ്യവും ആ കുടുംബിനിക്കു നൽകിക്കൊണ്ടിരുന്നു.

ജോണി ഇന്നു സംതൃപ്തനായ ഒരു ഭർത്താവാണു്. ആ നാട്ടിലുള്ള ഏതൊരു വിവാഹിതനേക്കാളും അയാളിന്നു് ഹൃദയസൗഖ്യം അനുഭവിക്കുന്നുണ്ടു്. അയാളുടെ പ്രവൃത്തികളിൽ മുൻപിലത്തേക്കാൾ ഉത്സാഹവും ഉന്മേഷവും നിഴലിക്കുന്നുണ്ടെന്നു ആരും സമ്മതിക്കും. രാവിലെ, വിചാരിക്കുന്ന നേരത്തു് ഇഷ്ടത്തിനൊത്തു കാപ്പിയും, ഹൃദയം നിറഞ്ഞുനില്ക്കുന്ന ആശംസകളുംനൽകി യാത്രയാക്കുകയും സന്ധ്യയ്ക്കു തളർന്നുവരുമ്പോൾ കൈയിൽ ഒരുപാത്രം ചൂടുകാപ്പിയും ചുണ്ടിൽ പൊട്ടിവിരിയുന്ന മല്ലപ്പൂക്കളുമായി സ്വാഗതമരുളുകയും ചെയ്യുന്ന ഒരു ഭാര്യയുടെ സവിധത്തിൽ ഏതൊരു ഭർത്താവാണു് സ്വയം പ്രചോദനം ഉൾക്കൊള്ളാതിരിക്കുക!

"ഇത്രയുംനാളുമൊക്കെ വീട്ടിൽ ആളില്ലാഞ്ഞായിരുന്നു. ഇനിയെന്തിനാ, അമ്മ അടുക്കളേക്കിടന്നു കഷ്ടപ്പെടുന്നെ? അതൊക്കെ നോക്കിക്കൊണ്ടുപോകാൻ ഇപ്പോൾ കുഞ്ഞമ്മയുണ്ടല്ലോ. അമ്മയ്ക്കു എന്നും കാലത്തേ എണീററു പള്ളിപ്പോകരുതോ? വയസ്സും പ്രായോം ചെന്നവരു് അങ്ങനേക്കെയല്ലേ വേണ്ടതു്? ബാക്കിയൊള്ളോർക്കാണെങ്കിൽ അങ്ങനെ എടദിവസമൊന്നും പള്ളിപ്പോകാനോ വരാനോ നേരം കിട്ടുകില്ല. എന്നാൽ സൗകര്യമുള്ളോരെങ്കിലും പോകണ്ടെ." അന്നു് അത്താഴംകഴിഞ്ഞു്, പതിവുപോലെ ഓരോ കാര്യം പറഞ്ഞുവന്ന കൂട്ടത്തിൽ ജോണി അമ്മയോടു പറഞ്ഞു. ഒട്ടൊരു ആഗ്രഹമായും ചെറെറാരു ആജ്ഞപോലെയും. കുഞ്ഞമ്മ അതിനെക്കുറിച്ചു് ഗുണവും ദോഷവും മിണ്ടാൻ പോയില്ല.

"പള്ളിപ്പോണോന്നൊള്ളോരു് പോകണ്ടപ്പം പൊയ്ക്കോളും. മനസ്സൊണ്ടെന്നുവെച്ചാ, ആക്കാ. പോകാൻമേലാത്തെ." കുറേനേരത്തെ വിരാമത്തിനുശേഷം കുഞ്ഞന്നം ചേടത്തി പറഞ്ഞു. അവർ ചുറുക്കെ എണീററു് കിടക്കാൻ പോവുകയും ചെയ്തു.

മകൻെറ നിർദ്ദേശം അവർക്കു രസിച്ചില്ലായിരിക്കാം. അവൻെറ ഉദ്ദേശശുദ്ധിയെത്തന്നെ അവർ സംശയിക്കുന്നുണ്ടാവാം.

എങ്കിലും, പിറേറദിവസം, മകൻ ആഗ്രഹിച്ചപോലെ കുഞ്ഞന്നംചേടത്തി പള്ളിയിൽ പോവുകതന്നെ ചെയ്തു. കുഞ്ഞമ്മ എണീററുവരുമ്പോൾ, അമ്മ പടികടന്നു്, തുക്കനെ പോകുന്നു!

ജോണി പതിവുപോലെ കടയിൽ പോയി. അമ്മ പള്ളിയിൽ നിന്നു വന്നിട്ടു് കാപ്പികുടിക്കാമെന്നുവച്ചു്, കുഞ്ഞമ്മ കാത്തിരിപ്പായി. മണി ഒൻപതു കഴിഞ്ഞിട്ടും അമ്മയെ കാണുന്നില്ല. കുഞ്ഞമ്മ വടക്കേതിലെ ഏലംപെണ്ണിനെ കടയിലേക്കോടിച്ചു.

"ഈ തള്ളച്ചിയെന്നാ, ഈ എഴുപതാംകാലത്തു് ഈത്തരം ഏടമ്പിരിയൊക്കെ തൊടങ്ങണെ? അല്ലേലും അവരു മുറുകാടത്തിയാ. മുറുകാടമ്മാരു് പണ്ടേ ചെമ്മാന്ത്രം കെട്ടോരാ. അവരുടെ പെണ്ണുങ്ങളെന്നുവെച്ചാ കൊച്ചു പൂക്കാണ്ടികളാ. കെട്ടിക്കൊണ്ടുവന്ന പെമ്പുള്ളേക്കു പച്ചവെള്ളം കൊടുക്കാത്ത കൂട്ടരാ നിന്നോടു്, ആ പൂച്ചൊന്നും നടക്കാത്തകൊണ്ടൊള്ള വർഷമൃക്കേടാ. നെനക്കെന്നാടി പെണ്ണേ, ഇത്ര വെപ്രാളോം അങ്കലാപ്പും. അവരെവടെയാണെന്നുവെച്ചാ, കൊറച്ചുനാളു് ചുററിത്തിരിഞ്ഞേച്ചു തനിയേ വരിയേലേ, ചൂലുപോലെ." ഏലംപെണ്ണിനെ വിളിക്കാൻചെന്ന തരത്തിനു്, അവളുടെ അമ്മ "ന്യായത്തിമാമ്മി" ഒററവീപ്പിൽ തട്ടിവിടുകയാണു്. ഏതുകാര്യത്തിൻെറയും ന്യായംമാത്രം പിടിച്ചു പറയുന്ന സ്വഭാവക്കാരിയാണു മാമ്മി. കുഞ്ഞന്നംചേടത്തിയുടെ കാര്യത്തിലും ന്യായമാണവർ പറയുന്നതു്. പക്ഷേ, മാസങ്ങൾക്കപ്പുറം കശുവണ്ടി കട്ടുപറിച്ചതിനു്, കുഞ്ഞന്നംചേടത്തി തോട്ടി പിടിച്ചുപറിച്ചതിൻെറ കെറുവിൽ കുറെയെങ്കിലും ആ പെൺപിറന്നോരുടെ മനസ്സിൽ തങ്ങിനിൽക്കുന്നുണ്ടാവുമോ എന്നറിഞ്ഞുകൂടാ.

"അയ്യോ ചേട്ടത്തി, ഞാൻ പോട്ടെ, കഞ്ഞി ഇപ്പോ തെളച്ചുതുവുന്നുണ്ടായിരിക്കും." അവരുടേതായ ന്യായങ്ങൾ കൂടുതൽ കേൾക്കാൻ നില്ക്കാതെ, കുഞ്ഞമ്മ ഏതായാലും അവിടന്നു പിന്തിരിഞ്ഞതു നന്നായി.

ഉച്ചയ്ക്കു ജോണി ഉണ്ണാൻ വന്നപ്പോഴല്ലേ, കാര്യം അറിയുന്നതു്! അമ്മ മൂത്തപെങ്ങളുടെ വീട്ടിലുണ്ടു്. പള്ളിയിൽനിന്നു് നേരെ അങ്ങോട്ടു വച്ചുപിടിച്ചു! അന്വേഷിച്ചുചെന്ന ആൾവശം എടുപ്പതു പരാതികളും കൊടുത്തയച്ചിട്ടുണ്ടു്. മരുമകൾ വലിയ തോന്ന്യാസക്കാരിയും ധിക്കാരിയുമാണെന്നു്. എല്ലാം അവളുടെ തന്നിഷ്ടപ്രകാരമാണു് നടത്തുന്നതെന്നു്. "വെന്ത്യാ നി ക്കാരിത്തി"യോടു ചോദിക്കുമ്പോലെയെങ്കിലും, എന്തെങ്കിലും കാര്യത്തിൽ ആ തള്ളയോടു് ഒരു വാക്കു ചോദിക്കാൻ അവൾ മിനക്കെടാറില്ലെന്നു്. ഇതിനൊക്കെ, മകനും ഭാര്യയ്ക്കു അരുനില്ക്കുയാണെന്നു്.

തിന്നാനും കുടിക്കാനുമൊന്നും കൊടുക്കാഞ്ഞിട്ടല്ല. എന്നാൽ, അതുമാത്രം മതിയോ, അവർ തള്ളയല്ലേ? അവർ മരിക്കുവോളം അവരുടെ അഭിപ്രായഗതികൾക്കനുസരിച്ചു വേണ്ടേ ആ വീടുനടക്കാൻ! അതു പോയിട്ടു്, "കണ്ട നീ നില്ക്കു്, കേട്ട ഞാൻ പറയട്ടെ" എന്നപോലെ, ഇന്നാളു കേറിവന്ന പെണ്ണു് അവരുടെ തലയ്ക്കുമീതെയും അധികാരം ഭരിക്കാൻ തുടങ്ങിയാൽ അവർക്കു സഹിക്കുമോ!



അവർ കേമിയായിരിക്കാം, പഠിപ്പുമുണ്ടായിരിക്കാം. എങ്കിലും "മൂപ്പു ചായ്പു" വേണ്ടേ. അമ്മ, എത്ര വന്നാലും അമ്മയല്ലേ? "തലയിരിക്കുമ്പോൾ വാലാടുന്നതു്" ശരിയാണോ? ഉച്ചതിരിഞ്ഞാൽ അസ്തമിക്കാനെന്തുള്ളു! അവരുടെ കാലം കഴിഞ്ഞിട്ടു്, പിന്നെ, അവളുടെ ഇഷ്ടംപോലെ ഉള്ളതുതോ? അതുവരെ അവൾക്കു കീഴ്പ്പെട്ടു നടന്നാലെന്താ!

മകനോടാണവൾക്കു്, കണക്കററപ്രതിഷേധം. അവൻ വേണ്ടേ, അവൾക്കു വഴികാണിച്ചുകൊടുക്കാൻ? മറിച്ചായാലോ? "പെണ്ചൊല്ലു കേൾക്കുന്നവൻ പെരുവഴിയാധാരം" എന്നൊരു പഴമൊഴിയുണ്ടല്ലോ. പഴഞ്ചൊല്ലിൽ പിഴയില്ല. മകൻ അനുഭവിക്കാൻ ഇരിക്കുന്നതേയുള്ളു.

അവൻെറ അപ്പനെങ്ങനെയായിരുന്നെന്നു്, അവനൊന്നു് ഓത്തുനോക്കരുതോ. മൂന്നു മക്കൾ കാലമായിട്ടും, ഏതെങ്കിലും ഒരു കാര്യത്തിൽ ചോദിക്കാതെ കേറിയൊരഭിപ്രായം കുഞ്ഞന്നംചേടത്തിയെങ്ങാൻ പറഞ്ഞുപോയാൽ, ആ സ്വാഭിപ്രായധീരൻ അന്നു് അവരെ "നിലത്തും നിലയിലും" നിത്തുകയില്ല. അതു പേടിച്ചു് കുഞ്ഞന്നംചേടത്തി, മുന്നിട്ടു കേറി ഒന്നുമേതും പറയാനേ തുനിയാറില്ല. ഏതഭിപ്രായവും കടിച്ചൊതുക്കിക്കൊണ്ടു നടക്കേയുള്ളു. അങ്ങനത്തെ അപ്പൻെറ മകനായിട്ടു്, ഇവനെന്താ, ഇങ്ങനെ പെണ്ണിൻെറ കൈയിലെ തണ്ടുമൂലായതു്! അതിലാണു് ആ തള്ളയ്ക്കു സങ്കടം.

ജോണി അന്നുതന്നെ വിവരങ്ങളെല്ലാം മാത്തച്ചനെ പറഞ്ഞു കേൾപ്പിച്ചു. പിറേറഞായറാഴ്ച വിൻസെൻറു ഡി പോൾ സംഘം കോൺഫറൻസു കഴിഞ്ഞു്, മാത്തച്ചൻ ജോണിയുടെ വീട്ടിൽ ചെന്നു.

"ഇതിപ്പോൾ, ആരുടെ കുററമായിട്ടാണിരിക്കുന്നതു്?" കാപ്പി കുടിക്കുന്നതിനിടയ്ക്കു്, മാത്തച്ചൻ ചോദിച്ചു.

"കുററം മുഴുവൻ എൻെറ പക്കലാണു ചേട്ടാ." കുഞ്ഞമ്മ വണക്കത്തോടെ പറഞ്ഞു.

"എന്നുപറയാൻ പാടില്ല. എങ്കിലും നിങ്ങൾ രണ്ടു പേരും കുറേശ്ശെ കുററക്കാരാണെന്നു ഞാൻ പറയും."

"ഞങ്ങൾ എന്തു ചെയ്യില്ലെന്നാ, ചേട്ടൻ പറയുന്നെ? അല്ലെങ്കിൽ എന്തുചെയ്യു? ചേട്ടൻതന്നെ പറഞ്ഞേ." ജോണിയും വിധേയത്വത്തോടെ പറഞ്ഞു.

"നിങ്ങൾ ഒററയ്ക്കൊററയ്ക്കു് എന്തുചെയ്യണോ, ചെയ്യില്ലെന്നോ പറയാൻ ഞാനാളല്ല. എങ്കിലും കുററത്തിൻെറ പൊതുസ്വഭാവം എനിക്കു തോന്നുന്നതു് ഇതാണു്. അമ്മയെ വേണ്ടത്ര സഹകരിപ്പിക്കാനും അമ്മയുടെ അഭിപ്രായങ്ങളെ ആദരിക്കുന്നുണ്ടെന്നു വരുത്താനും എല്ലാ കാര്യങ്ങളിലും അമ്മയെ നമ്പുന്നുണ്ടെന്നു കാണിക്കാനും കുഞ്ഞമ്മയ്ക്കു വേണ്ടത്ര കഴിഞ്ഞിട്ടുണ്ടാവുമോ എന്നു് ഞാൻ സംശയിക്കുന്നു. കുറച്ചൊക്കെ നയക്കുറവും അല്പം കൂടിയ ആത്മവിശ്വാസവുമായിരിക്കും, പക്ഷേ, അതിൻെറ കാരണവും. ജോണിയാണെങ്കിൽ, കുഞ്ഞമ്മയുടെ ആശയങ്ങളിലേയ്ക്കു ഒന്നിനൊന്നിനു അടുക്കുന്തോറും അമ്മയിൽനിന്നു് അതിനതിനു് അകലുകയാണെന്നും അവർക്കു തോന്നിയിട്ടുണ്ടാവും. നിങ്ങൾ അവരെ അവഗണിക്കുകയാണെന്നു് ഒരു പ്രകാരത്തിലും അവർക്കു തോന്നിക്കരുതു്. ഈ വീട്ടിലെ കാര്യങ്ങളത്രയും അവരെ കേന്ദ്രമാക്കിയാണു് നീങ്ങുന്നതെന്നൊരു ധാരണ സൃഷ്ടിക്കണം. ഭർത്താവുണ്ടായിരുന്നകാലത്തു് സ്വാഭിപ്രായങ്ങളത്രയും ഞെക്കിഞെരിച്ചുവച്ചുകൊണ്ടു് ജീവിച്ചിരുന്ന ആ സ്ത്രീക്കു്, ജീവിതത്തിൻെറ ഈ സായാഹ്നത്തിലെങ്കിലും സ്വന്തം അഭിരുചികളും ആശയഗതികളും മററുള്ളവരെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ ആഗ്രഹമുണ്ടാവുക സ്വാഭാവികമല്ലേ? അതുകൊണ്ടു്, അവരുടെ ആ ആഗ്രഹത്തെ നിങ്ങൾ അങ്ങേയററം ആദരിക്കുകതന്നെ വേണം. കടന്നുപോകുന്ന തലമുറയെ പ്രതിനിധീകരിക്കുന്ന അവരെപ്പോലുള്ളവർക്കു്, ഇന്നത്തെ എല്ലാ പ്രവണതകളോടും ഒത്തുപോകുവാൻ സാധിച്ചു എന്നു വരുന്നതല്ല. ഇന്നത്തെ ചുററുപാടുകളോടു് കഴിയുന്നിടത്തോളം അവരെയും ഇണക്കിക്കൊണ്ടുപോകുന്നതിലാണു് നമ്മുടെ മിടുക്കു്."

"മനസ്സറിഞ്ഞു്, അമ്മയെ ഞങ്ങൾ ഒരുകാലത്തും അങ്ങനെ അവഗണിച്ചിട്ടില്ല. പിന്നെ ചേട്ടൻ സൂചിപ്പിച്ചപോലെ വല്ല നയക്കുറവും സംഭവിച്ചിരിക്കാം. അതും ഉണ്ടാകാതെ മേലാൽ സൂക്ഷിച്ചുകൊള്ളുകയും ചെയ്യാം." ജോണി പറഞ്ഞു.

"അതുകൊണ്ടായില്ല. ഇന്നുതന്നെ നിങ്ങൾ രണ്ടുപേരുംകൂടെ ചെന്നു്, അമ്മയെ ഇങ്ങോട്ടു കൊണ്ടുപോരണം. വേണ്ടിവന്നാൽ അമ്മയുടെ അടുത്തു മാപ്പുപറയാനും രണ്ടുപേരും തയാറായിരിക്കണം."

"അമ്മയുടെ മുമ്പിൽ മുട്ടുകുത്തിനിന്നു് മാപ്പുപറയാൻകൂടി ഒരുക്കമാണു്." കുഞ്ഞമ്മയുടെ തുറന്ന സമ്മതം.

"ആ സന്നദ്ധതയുടെ മുൻപിൽ ഏതു കുററവും പൊറുക്കപ്പെടാവുന്നതേയുള്ളു."

# സ്കോട്ടലണ്ടിൽനിന്നു് റോമിലേക്കുള്ള എൻെറ തീർത്ഥാടനം



ഡോക്ടർ ജയിംസ് ഡഗ്ലസ് എം. എ., പിഎച്ച്. ഡി.

(പല കൊല്ലങ്ങൾ ആംഗ്ലിക്കൻവൈദികനായി ജോലിനോക്കിയശേഷം കത്തോലിക്കാസഭയെ ആശ്ലേഷിച്ച ഡോക്ടർ ജയിംസ് ഡഗ്ലസിൻെറ ആത്മകഥ എൻെറ അഭ്യർത്ഥനയനുസരിച്ചു് അദ്ദേഹം സത്യദീപത്തിനുവേണ്ടി എഴുതി അയച്ചുതന്നതാണു് ഈ ലേഖനം —എ. ഡി. മററം, റോം)

സാഹിത്യത്തിൽ പ്രസിദ്ധമായ ഒരു ചൊല്ലുണ്ടു്, "വഴികളെല്ലാം റോമിലേക്കു നയിക്കുന്നവയല്ലെങ്കിലും റോമിലുള്ള വഴികളെല്ലാം നിത്യത്വത്തിലേക്കു മാർഗ്ഗനിർദ്ദേശം നൽകുന്നു"വെന്നു്. ഞാൻ ഒരു കത്തോലിക്കനായിട്ടു് പത്തുകൊല്ലങ്ങൾ തികയുവാൻ പോകുന്നുവെങ്കിലും ഈ കഴിഞ്ഞ വേനല്ക്കാലത്തുമാത്രമാണു് നിത്യനഗരം സന്ദർശിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായതു്. മുകളിൽ കൊടുത്ത ഉദ്ധരണിയിലെ രണ്ടാം ഭാഗം സത്യമാണെന്നു ഇന്നെനിക്കു സാക്ഷിനില്ക്കാൻസാധിക്കും. എന്നാൽ "റോമിലേക്കു നയിക്കുന്ന മാർഗ്ഗങ്ങൾ വളരെ വിചിത്രങ്ങളാണു്" എന്നു് ഉദ്ധരണിയുടെ ആദ്യഭാഗം അല്പം ഭേദപ്പെടുത്തി വായിക്കണമെന്നു തോന്നുന്നു. കാരണം റോം ആസ്ഥാനമായുള്ള ക്രിസ്തുവിൻെറ യഥാർത്ഥസഭയിലേക്കു നയിക്കുന്ന മാർഗ്ഗത്തേക്കാൾ കൂടുതൽ വിചിത്രവും അപരിചിതവുമായി സ്കോട്ട്ലണ്ടിലെ എൻെറ സഹോദരങ്ങൾക്കു് മറെറാന്നുംതന്നെ ഇല്ലെന്നുള്ളതാണു്. ഇക്കാര്യം നന്നായി മനസ്സിലാക്കണമെങ്കിൽ സ്കോട്ട്ലണ്ടിലെ പ്രസ്ബിറേററിയൻസഭാംഗങ്ങളെ നമ്മളിൽനിന്നും വേർപെടുത്തുന്ന വിടവു എത്ര അഗാധമാണെന്നു കാണിക്കേണ്ടിയിരിക്കുന്നു. വ്യക്തിപരമായി തന്നത്താൻ അനുഭവിച്ചറിയാതെ ഒരു മതത്തെ വിശദമായി മനസ്സിലാക്കുക പ്രയാസമാണല്ലോ. അതുകൊണ്ടു് ഒരു സ്കോട്ടിഷ്സഭാംഗം കത്തോലിക്കാസഭയിൽ പ്രവേശിക്കണമെങ്കിൽ ആവശ്യമായ മനഃപരിവത്തനം എത്ര വലുതാണെന്നു അനുവാചകരെ അല്പമെങ്കിലും അറിയിക്കുവാൻവേണ്ടി ഞാൻ ജനിച്ചുവളർന്ന മതാന്തരീക്ഷത്തെ കുറച്ചൊന്നു വിവരിക്കേണ്ടിയിരിക്കുന്നു.

സ്കോട്ട്ലണ്ടിൻെറ തെക്കുപടിഞ്ഞാറുഭാഗത്തു് ഗാല്ലൊവേ (Galloway) എന്നറിയപ്പെടുന്ന സ്ഥലത്തു് പുരാതനവും രാജകീയവുമായ വിത്തോൺ (Withon) എന്ന കൊച്ചുനഗരം സ്ഥിതിചെയ്യുന്നു. ഏതാണ്ടു് ആയിരത്തിൽപ്പരം ആളുകൾ അധിവസിക്കുന്ന ഈ സ്ഥലം ക്രിസ്തുമതത്തിൻെറ പിള്ളത്തൊട്ടിയായിട്ടാണു് അറിയപ്പെടുന്നതു്. നാലാംനൂററാണ്ടിൻെറ മദ്ധ്യത്തിൽ വി. നിനിയൻ റോമിൽനിന്നും വന്നു് ദിവ്യനാഥൻെറ സുവിശേഷം സ്വജാതീയരോടു് ആദ്യമായി പ്രസംഗിച്ചതു് ഈ സ്ഥലത്തുവച്ചാണു്. ഒരു ദേവാലയവും സന്യാസാലയവും അദ്ദേഹം അവിടെ സ്ഥാപിച്ചു. "വെളുത്ത വീടു്" (White House) എന്നു് തലമുറകൾ വിളിച്ചുപോന്ന ആ സന്യാസമന്ദിരത്തിൽനിന്നാണു് വിത്തോൺ (Whithorn) എന്ന പേരുതന്നെ ഈ സ്ഥലത്തിനു ലഭിച്ചതു്. പില്ക്കാലത്തു് ഗാല്ലവേമെത്രാൻെറ ആസ്ഥാനമായിത്തീർന്ന ഈ ചെറുപട്ടണം പുണ്യജീവിതത്തിൻെറ പ്രസിദ്ധികൊണ്ടു് പല രാജകീയ തീർത്ഥകരേയും മദ്ധ്യശതകങ്ങളിൽ ആകർഷിച്ചിരുന്നു. എന്നാൽ പ്രോട്ടസ്റ്റൻറുമതവിപ്ലവത്തിൻെറ വേലിയേററത്തിൽ, സ്കോട്ട്ലണ്ടിലെ ഇതരഭാഗങ്ങളെപ്പോലെ വിത്തോൺപട്ടണത്തിനും അതിൻെറ പൂർവ്വവിശ്വാസം നഷ്ടപ്പെട്ടു. ഏതോ ഒരു ജോൺ നോക്സിൻെറ നേതൃത്വത്തിലുള്ള പ്രസ്ബിറേററിയനിസം എന്നറിയപ്പെടുന്ന പുതിയ ഒരു സഭ പകരം സ്ഥലം പിടിക്കയുംചെയ്തു.

വിത്തോണിൻെറ കാര്യം പ്രത്യേകം എടുത്തുപറയാൻ കാരണങ്ങളുണ്ടു്. ഒന്നാമതു് സ്കോട്ട്ലണ്ടിൽ ക്രിസ്തുമതത്തിൻെറ പിള്ളത്തൊട്ടിൽ ആ സ്ഥലമായിരുന്നു. എൻെറ പൂർവ്വികന്മാർ ജീവിച്ചുപോന്നതും ഞാൻതന്നെ ജീവിതത്തിൻെറ ഒരു നല്ലഭാഗം കഴിച്ചതും ആ സ്ഥലത്താണു്. കത്തോലിക്കാവിശ്വാസവുമായി വളരെയധികം ബന്ധപ്പെട്ട ഒരു സ്ഥലത്തു ആ പരമാർത്ഥത്തെ സംബന്ധിച്ചു് യാതൊരു ബോധവും കൂടാതെ ഒരുവനു ജീവിക്കുവാൻ സാധിക്കുമെന്നു് വിത്തോൺ നമ്മെ പഠിപ്പിക്കുന്നു. എൻെറ ബാല്യകാലത്തു് വളരെ കുറച്ചു കത്തോലിക്കർ മാത്രമെ അവിടെയുണ്ടായിരുന്നുള്ളു. ഐർലണ്ടിൽനിന്നും വന്ന കുടിയേററക്കാരായാണു് അവർ അറിയപ്പെട്ടിരുന്നതു്. ആഢ്യഭാവം നടിച്ചിരുന്ന സ്കോട്ടിഷുകാർ എല്ലാവരുംതന്നെ പ്രസ്ബിറേററിയൻവിശ്വാസം സ്വീകരിച്ചിരുന്നു. ഇരുപത്തഞ്ചുകൊല്ലക്കാലത്തേക്കു് ഞാനംഗമായിരുന്ന ആ സഭയുടെ സ്വഭാവം എന്തായിരുന്നുവെന്നു് രണ്ടുവാക്കു പറയാം.

സ്കോട്ടിഷ്മതവിഭാഗത്തിൻെറ പ്രത്യേകതകൾ പ്രധാനമായി രണ്ടാണു്. ഒന്നാമതായി, ഇതര പ്രോട്ടസ്റ്റൻറു സഭകൾക്കെന്നപോലെ, സ്കോട്ടിഷ്സഭയ്ക്കും വിശ്വാസത്തിൻെറയും മതാചരണത്തിൻെറയും സർവ്വപ്രധാനമായ ആധാരം വിശുദ്ധ ലിഖിതങ്ങളാണു്. ആരാധനക്രമങ്ങളെ നിയന്ത്രിക്കുവാൻ പ്രത്യേക നിയമാവലിയോ അവയെ കൂടുതൽ ഹൃദ്യമാക്കിത്തീർക്കുന്നതിനുപകരിക്കുന്ന അലങ്കാരചടങ്ങുകളോ ഇല്ലെന്നതാണു് രണ്ടാമത്തെ കാര്യം. ജ്ഞാനസ്നാനം, തിരുവത്താഴമെന്നിങ്ങനെ രണ്ടു കൂദാശകളേയുള്ളു. തിരുവത്താഴകർമ്മാനുഷ്ഠാനം ആണ്ടുവട്ടത്തിൽ രണ്ടുമൂന്നുപ്രാവശ്യമേയുള്ളുതാനും. സുവിശേഷത്തിൽനിന്നു വായിക്കുക, ഏതാനും സങ്കീർത്തനങ്ങൾ ആലപിക്കുക, പുരോഹിതൻ ഉചിതമെന്നു തോന്നുന്ന കുറെ പ്രാർത്ഥനകൾ ഉരുവിടുക, ഇത്രമാത്രമാണു ഞായറാഴ്ചദിവസത്തെ ഭക്താചരണം. പ്രാർത്ഥനയ്ക്കുള്ള പ്രത്യേക പുസ്തകമോ, ആചാരാനുഷ്ഠാനങ്ങൾ നിയന്ത്രിക്കുവാൻ നിയമാവലിയോ പാടെ നിഷിദ്ധമായിരുന്നില്ലെങ്കിലും അതൊക്കെ അവജ്ഞയോടെയാണു് കരുതപ്പെട്ടിരുന്നതു്. പള്ളിക്കർമ്മങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് പ്രസംഗമാണു്. അതുകൊണ്ടു് ദേവാലയത്തിൽ പ്രസംഗപീഠത്തിനു സർവ്വപ്രധാനമായ ഒരു സ്ഥാനമുണ്ടെങ്കിൽ അതു സ്വാഭാവികമാണല്ലോ.

കുറെ കൊല്ലങ്ങളായി ആരാധനക്രമത്തിൽ ആദരണീയമായ ചില വ്യതിയാനങ്ങൾ ദൃശ്യമായിവരികയാണു്. ആംഗ്ലിക്കൻസഭയിലെ പ്രഭാതപ്രാർത്ഥനയുമായി സാദൃശ്യമുള്ള ചില കർമ്മങ്ങളും, പാട്ടുകൾപോലും ഇന്നു് പല പ്രസ്ബിറേററിയൻ പുരോഹിതന്മാരും ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടു്. തന്നെയല്ല, തിരുവത്താഴം ആണ്ടിൽ പലപ്രാവശ്യവും എല്ലാ ഞായറാഴ്ചകളിൽപോലും ആഘോഷിക്കപ്പെടുന്ന ദേവാലയങ്ങൾ കൂടിവരികയാണു്. അതിനനുസൃതമായി ദേവാലയത്തിലും ചില ഭേദഗതികൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിനു് നടുവിൽ ഒരു മേശയോടുകൂടി പ്രത്യേകമായ ഒരു സ്ഥാനം ദേവാലയത്തിൻെറ പ്രധാനഭാഗത്തു തിരിച്ചിട്ടുണ്ടു്. ഇത്രയും പറഞ്ഞതുകൊണ്ടു് സ്കോട്ടിഷ്സഭ കത്തോലിക്കാസഭയിലെ ആരാധനക്രമങ്ങളിലേക്കു തിരിച്ചുവരുന്നുവെന്നു് അനുവാചകർ വിചാരിച്ചുപോയേക്കാം. ഒരുപ്രകാരത്തിൽ ഇതു ശരിയാണു. എന്നാൽ ഇതിനൊന്നും കത്തോലിക്കാസഭയിലേക്കുള്ള പരിവത്തനവുമായി ബന്ധമൊന്നുമില്ലെന്നുമാത്രം.

മേൽവിവരിച്ച വിധത്തിൽ സ്കോട്ടിഷ്സഭയിലെ ആരാധനക്രമത്തിൽ വന്ന വ്യതിയാനം ഒരു പ്രത്യേകവിധത്തിൽ എന്നിൽ സ്വാധീനശക്തി ചെലുത്തിയെന്നു പറയേണ്ടിയിരിക്കുന്നു. അതുണ്ടായതു് ഇങ്ങനെയാണു്. പ്രസ്ബിറേററിയൻ സഭയിലെ ഒരു വൈദികനായിത്തീരണമെന്ന ഉദ്ദേശത്തോടെ ഗ്ലാസ്ഗോ സർവ്വകലാശാലയിൽ ഞാൻ പഠിക്കുവാൻ പോയി. അവിടെവെച്ചാണു് ഇന്നു് "അയോണാസമൂഹം" എന്നറിയപ്പെടുന്ന ഒരു സമിതിയുടെ നേതാവായ ഡോക്ടർ സി എഫ് മക്ലോസ് എന്ന പ്രമുഖ വ്യക്തിയുമായി പരിചയംനേടാൻ എനിക്കിടവന്നതു്. ക്ലൈഡ്നദീതീരത്തുള്ള ഒരു വ്യവസായകേന്ദ്രത്തിലെ ഇടവക പള്ളിയിൽ ജോലിനോക്കുകയായിരുന്നു അദ്ദേഹം. ഗോത്തിക്കരീതിയിലുള്ള വളരെ മനോഹരമായ ഒരു ദേവാലയമായിരുന്നു അതു്. ആരാധനക്രമത്തിൽ വലിയ വ്യതിയാനങ്ങൾ വരുത്തുന്നതിൽ ദത്തശ്രദ്ധനായിരുന്നു ഡോക്ടർ മക്ലോസ്. പ്രാർത്ഥനാചടങ്ങുകൾ കൂടുതൽ കൂടുതൽ ആകർഷകങ്ങളും ബഹുമാന്യങ്ങളുമാക്കിത്തീർക്കുവാൻ അദ്ദേഹം പുതിയ പുതിയ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ഇടവകയിലെ ആളുകളുടെ ആത്മീയജീവിതത്തിൽ തിരുവത്താഴകർമ്മം ഒരു മർമ്മസ്ഥാനംതന്നെ കരസ്ഥമാക്കിയതായി എനിക്കനുഭവപ്പെട്ടു. സർവ്വോപരി, അന്നുവരെ എനിക്കു് അജ്ഞാതമായിരുന്ന പ്രാർത്ഥനാരൂപിയും ഭക്താഭ്യാസങ്ങളും ഞാൻ അവിടെ ദർശിക്കുകയുണ്ടായി. പ്രാർത്ഥിക്കുന്നതിനുവേണ്ടി ആദ്യമായി ഞാൻ മുട്ടുമടക്കിയപ്പോൾ അവിസ്മരണീയമായ ഒരനുഭൂതിയാണു് എനിക്കുണ്ടായതു്. മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുകയെന്നതു് കത്തോലിക്കരെ സംബന്ധിച്ചിടത്തോളം നൈസർഗ്ഗികമാണെങ്കിലും ഞാൻ ജനിച്ചുവളർന്ന സ്കോട്ടിഷ്സഭയിൽ അതു് തികച്ചും അപരിചിതമാണെന്നോർക്കണം.

ആ പള്ളിയിൽ വെച്ചുതന്നെയാണു് തിരുവത്താഴകർമ്മത്തോടു് പ്രത്യേകമായ ഒരു ഭക്തിയും ആദരവും എനിക്കുണ്ടായതു്. അർദ്ധരാത്രിമുതൽ ഉപവാസമനുഷ്ഠിച്ചുകൊണ്ടു് മുട്ടുകുത്തിനിന്നു് തിരുവത്താഴകർമ്മത്തിൽ സജീവമായി പങ്കെടുക്കുകയെന്നകാര്യം സ്കോട്ടിഷ്സഭയിലെ എൻെറ സഹോദരങ്ങൾക്കു് അജ്ഞാതമായിരുന്നെന്നു മാത്രമല്ല അമർഷമുണ്ടാക്കുന്ന ഒരു ഭക്താഭ്യാസവുമായിരുന്നു. സുദീർഘമായ ഒരു കഥ വളരെ ചുരുക്കിപ്പറഞ്ഞേക്കാം. മതജീവിതത്തിൽ അതിപ്രധാനമായി ഞാൻ പരിഗണിച്ചുതുടങ്ങിയ കാര്യങ്ങൾ എല്ലാംതന്നെ വാസ്തവത്തിൽ ഞാനംഗമായിരുന്ന സ്കോട്ടിഷ്സഭയുമായി യാതൊരു ബന്ധവുമില്ലാത്തവയാണെന്നു് എനിക്കു ക്രമേണ ബോദ്ധ്യമായി. യഥാർത്ഥത്തിൽ ഒരു കത്തോലിക്കനായിത്തീരുകയെന്ന ഏകകാര്യമേ കരണീയമായിരുന്നുള്ളു. എന്നാൽ ഇനിയും അതിനുള്ള സമയം ആയിരുന്നില്ല. ആ ദിവസം വീണ്ടും വിദൂരതയിൽതന്നെ നിലകൊണ്ടു.

ഈ ചുററുപാടിൽ ഡോക്ടർ മക്ലോസുമായി നടത്തിയ സന്ദർശനവും സംഭാഷണവും ഇന്നും നന്നായിട്ടു ഞാൻ ഓർക്കുന്നുണ്ടു്. എൻെറ മാനസികനിലപാടു ഞാനദ്ദേഹത്തെ മനസ്സിലാക്കി. ഒരു കത്തോലിക്കനാകാൻ ഞാനാഗ്രഹിക്കുന്നുവെന്നു അദ്ദേഹത്തോടു തുറന്നുപറഞ്ഞു. "ഏതു കത്തോലിക്കൻ" എന്ന ചോദ്യമായിരുന്നു അതിനദ്ദേഹം നൽകിയ മറുപടി. ആംഗ്ലോകത്തോലിക്കാസഭയോടു് എനിക്കുണ്ടായിരുന്ന മമത അദ്ദേഹം അറിഞ്ഞിരുന്ന സ്ഥിതിക്കു് അദ്ദേഹത്തിൻെറ ചോദ്യം എന്നിൽ അത്ഭുതമാണുണ്ടാക്കിയതു്. ആംഗ്ലോകത്തോലിക്കനാകാനാണു് എൻെറ ആഗ്രഹമെന്നു് ഞാൻ ഉത്തരംപറഞ്ഞു. അതിനദ്ദേഹം നൽകിയ മറുപടി ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. കത്തോലിക്കനാകണമെങ്കിൽ റോമൻ കത്തോലിക്കാസഭയിൽ ചേരുകയാണു വേണ്ടതു് എന്നു അദ്ദേഹം നൽ

(ശേഷം 8-ാംപേജിൽ)

# തിരുസഭയും കമ്മ്യൂണിസവും

## യൂറോപ്പിലും ഏഷ്യയിലും ഭിന്നിപ്പിക്കൽനയമാണ് അവരുടെ പ്രധാന ഉപകരണം

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

(തുടർച്ച)

സമുദായത്തിൽ അസ്വസ്ഥതയുളവാക്കി അതിനെ നശിപ്പിക്കുവാനായി കമ്മ്യൂണിസ്റ്റുകൾ കണ്ടുപിടിച്ചിട്ടുള്ള രണ്ടാമത്തെ മാർഗ്ഗമാണ് വർഗ്ഗമത്സരം. വൈദികരുടേയും സന്യാസികളുടേയും ഇടയിൽപോലും പ്രചരിപ്പിച്ച് അവിടെ കലഹവും മത്സരവുമുണ്ടാക്കുവാൻ കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നുണ്ട്. വിവിധ സന്യാസസഭകളിൽ ചേർന്ന അനേകം വൈദികരും വൈദികവിദ്യാർത്ഥികളും കമ്മ്യൂണിസ്റ്റ് തടങ്കൽപ്പാളയങ്ങളിൽ അടയ്ക്കപ്പെട്ടിട്ടുണ്ട്. അന്യായമായ കുററാരോപണങ്ങളാൽ ഒരു സന്യാസസഭയിൽ ചേർന്നവരെ മററു സന്യാസസഭയിൽ ചേർന്നവർക്കെതിരായും, വൈദികരല്ലാത്തവരെ വൈദികർക്കെതിരായും മത്സരിപ്പിക്കുവാനാണ് കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നതു്. വൈദികവിദ്യാർത്ഥികളും സഹോദരന്മാരും മുതലാളിവർഗ്ഗമായ വൈദികരാൽ പീഡിപ്പിക്കപ്പെടുന്നുവെന്നും, അതിനാൽ അവർ ഈ മുതലാളിമാർക്കെതിരായി പ്രക്ഷോഭിക്കണമെന്നും കമ്മ്യൂണിസ്റ്റുകൾ തരംകിട്ടുമ്പോഴെല്ലാം അവരോടാവശ്യപ്പെടുന്നു. അനുദിനമുള്ള കമ്മ്യൂണിസ്റ്റുകളുടെ ഏഷണിവാക്കുകളും സന്യാസസഭകൾ ഉപേക്ഷിച്ച് ദേശീയസഭയിൽ ചേരുന്നവർക്ക് പ്രദാനംചെയ്യുന്ന ഉയർന്നശമ്പളവും മററു ജീവിതസൗകര്യങ്ങളും അപൂർവ്വം ചിലരുടെ അധഃപതനത്തിനു വഴിതെളിച്ചിട്ടുണ്ട്.

വൈദികരെ അന്യോന്യം പിണക്കി ശീശ്മകളുണ്ടാക്കുവാൻ മാത്രമല്ല, വിശ്വാസികളെ ഉത്തമവൈദികരിൽനിന്നു് അകററിനിർത്തുവാനും കമ്മ്യൂണിസ്റ്റുകൾ കഴിവുള്ള മാർഗ്ഗങ്ങളെല്ലാം ഉപയോഗിക്കുന്നു. കമ്മ്യൂണിസ്റ്റ് ദേശീയസഭയിൽ ചേർന്ന വൈദികരെമാത്രമാണ് ജനങ്ങളുടെ ആത്മീയകാര്യങ്ങൾക്കായി കമ്മ്യൂണിസ്റ്റുകൾ നിയോഗിക്കുക. എന്നാൽ ഈ വൈദികർ ഉത്തമ അജപാലകന്മാരല്ലെന്നും, ആത്മാക്കളെ നാശകൂപത്തിലേക്കു നയിക്കുന്ന അധഃപതിച്ച ഒരു ഗണമാണെന്നും കത്തോലിക്കർക്കറിയാവുന്നതിനാൽ ഇവരുമായുള്ള സമ്പർക്കം പാടെ ഉപേക്ഷിക്കുവാൻ വിശ്വാസികൾ ശ്രദ്ധാലുക്കളാണ്. അധഃപതിച്ച ഈ വർഗ്ഗത്തെ വലിയ അവജ്ഞയോടുകൂടിയാണ് കത്തോലിക്കർ വീക്ഷിക്കുന്നതു്. നേരെമറിച്ച് വിശ്വാസത്തെ ബലികഴിക്കാതെ തിരുസഭയിൽ ദൃഢമായി നില്ക്കുന്ന വൈദികരോടു് കത്തോലിക്കർക്കുള്ള സ്നേഹബഹുമാനാദരങ്ങൾ അവർണ്ണനീയമാണ്. ഈ വൈദികരെ എന്തു ത്യാഗം സഹിച്ചും കമ്മ്യൂണിസ്റ്റുകളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുവാൻ കത്തോലിക്കർ തയ്യാറാണ്. വൈദികരെ സംരക്ഷിക്കുന്നതിനായി നൂറുകണക്കിനു ജനങ്ങൾ തങ്ങളുടെ സർവ്വസ്വത്തുക്കളും സ്വാതന്ത്ര്യവും ജീവൻപോലും ബലികഴിച്ചിട്ടുണ്ട്. ഇപ്രകാരം സഭാധികാരികളേയും അംഗങ്ങളേയും ഭിന്നിപ്പിച്ച് സഭയെ നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകളെടുത്ത ഉപായങ്ങളും പരാജയമടഞ്ഞു. തിരുസഭയ്ക്കു പല ക്ഷതങ്ങളും പററിയിട്ടുണ്ട്; അതിനു സംശയമില്ല. എന്നാൽ അവളുടെ ഐക്യത്തേയോ ഭരണക്കൂടത്തേയോ ശിഥിലമാക്കുന്നതിനു് കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചിട്ടില്ല. ആന്തരികമായി കത്തോലിക്കർ ഒന്നാണ്. ഇന്നും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ കത്തോലിക്കാവിശ്വാസികൾ അവരുടെ വൈദികരോടും, വൈദികർ മെത്രാന്മാരോടും, മെത്രാന്മാർ മാർപ്പാപ്പായോടും യോജിച്ച് ഏകസത്യസഭയിൽ ഉറച്ചു നില കൊള്ളുന്നു.

തിരുസഭയെ നശിപ്പിക്കുന്നതിനുള്ള സാധാരണവും ബുദ്ധിപരവുമായ മാർഗ്ഗങ്ങൾ തോൽവിയടയുമ്പോൾ കമ്മ്യൂണിസ്റ്റുകൾ മതമർദ്ദനത്തേയും രക്തച്ചൊരിച്ചിലിനേയും അഭയംപ്രാപിക്കുന്നു. പുറമെയുള്ള രാജ്യങ്ങളുടേയും ജനങ്ങളുടേയും അപ്രീതി സമ്പാദിക്കാതിരിക്കുവാനായി അവർ ഇന്നു് മതപീഡനം രഹസ്യമായിട്ടും രാഷ്ട്രത്തിന്റെ പേരിലുമാണ് നടത്തിക്കൊണ്ടുവരുന്നതു്. യാതൊരു ദാക്ഷിണ്യവുമില്ലാതെ റഷ്യൻകമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ കാര്യസാദ്ധ്യത്തിനായി ആയിരമായിരം വിശ്വാസികളെ ബലികഴിച്ചിട്ടുണ്ട്. കൊല, കഠിനതടവ്, നാടുകടത്തൽ, ശാരീരികവും മാനസികവുമായ ക്രൂരപീഡനങ്ങൾ തുടങ്ങിയ പൈശാചികമാർഗ്ഗങ്ങളുപയോഗിച്ചിട്ടും റഷ്യയിൽനിന്നും ദൈവവിശ്വാസം വിപാടനംചെയ്യുവാൻ കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റുകക്ഷിയെ സേവിക്കുക, അല്ലെങ്കിൽ ദൈവത്തെ സേവിക്കുക. ഇതിലൊന്നു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങൾക്കു തിരഞ്ഞെടുക്കേണ്ടിവന്നിരിക്കുന്നു. ദൈവവിശ്വാസികൾ അനുഭവിക്കേണ്ടിവരുന്ന യാതനകൾ നിരവധിയാണെങ്കിലും ജനങ്ങൾ ദൈവവിശ്വാസത്തിൽതന്നെ ഇന്നും സ്ഥിരമായി നില്ക്കുന്നു. 1937 ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് റഷ്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദൈവവിശ്വാസികളാണെന്നു കാണുന്നു. ശ്മശാനഗുഹകളെ അഭയം പ്രാപിക്കുവാൻ നിർബന്ധിതയായെങ്കിലും റഷ്യയിൽ ഇന്നും തിരുസഭ സജീവപ്രവർത്തനം തുടർന്നു വരുന്നു.

ഓരോ രാജ്യത്തിന്റേയും ജനങ്ങളുടേയും സാഹചര്യമനുസരിച്ചു കമ്മ്യൂണിസ്റ്റുകളുടെ മതമർദ്ദനപരിപാടിയിൽ ചില ചെറിയ വ്യത്യാസങ്ങൾ ദൃശ്യമാണെങ്കിലും തിരുസഭയ്ക്കെതിരായുള്ള അവരുടെ സ്ഥായിയായ നയത്തിനു യാതൊരു മാററവുമില്ല. യൂറോപ്യൻരാജ്യങ്ങളിൽ കാണുന്ന അതേ മർദ്ദനനയംതന്നെയാണ് കമ്മ്യൂണിസ്റ്റധീനത്തിലുള്ള ഏഷ്യൻരാജ്യങ്ങളിലും നടമാടുന്നതു്. ഏഷ്യയിൽ കമ്മ്യൂണിസ്റ്റുകളുടെ മർദ്ദനവും ക്രൂരതയും കളിയാടുന്ന രണ്ടു രാഷ്ട്രങ്ങളാണ് ചൈനയും കൊറിയയും. കമ്മ്യൂണിസ്റ്റുചൈനയെ ഏഷ്യൻരാഷ്ട്രങ്ങൾക്കു് ഒരു മാതൃകയായി എടുക്കാം. പതിമൂന്നാം നൂററാണ്ടിൽ കത്തോലിക്കാ മിഷനറിമാർ ചൈനയിൽ പ്രവർത്തനംതുടങ്ങി. 1949-ൽ കമ്മ്യൂണിസ്റ്റുകൾ അധികാരം പിടിച്ചെടുത്തപ്പോൾ ചൈനയിൽ 2542 സ്വദേശീയവൈദികരും 3703 വൈദികവിദ്യാർത്ഥികളും 3046 വിദേശീയവൈദികരുമുണ്ടായിരുന്നു. മൊത്തമുണ്ടായിരുന്ന 144 ശ്രുപതാദ്ധ്യക്ഷന്മാരിൽ 31 [illegible] സ്വദേശീയരായിരുന്നു. 4,17 സ്വദേശീയകന്യാസ്ത്രീകളും 2036 വിദേശീയകന്യാസ്ത്രീകളും വിവിധ മിഷൻരംഗങ്ങളിൽ ജോലിയിലേപ്പെട്ടിരുന്നു. ഇതുപോലെതന്നെ 563 ചൈനീസ്സഹോദരന്മാരും 414 വിദേശീയസഹോദരന്മാരും സ്കൂളുകളിലും ആശുപത്രികളിലും മററുമായി സമുദായസേവനം അനുഷ്ഠിച്ചുവന്നു.


തിരുസഭയെ നശിപ്പിക്കുവാനായി കമ്മ്യൂണിസ്റ്റുകൾ ആരംഭത്തിൽ ക്രൂരവും അക്രമപരവുമായ നടപടികളെടുത്തു. എന്നാൽ അധികം താമസിയാതെ അവർക്കു ബോദ്ധ്യമായി കത്തോലിക്കരുടെ രക്തം ചിന്തിയതുകൊണ്ടും വേദസാക്ഷികളെ വർദ്ധിപ്പിക്കുന്നതുകൊണ്ടും അവർ തിരുസഭയെ നശിപ്പിക്കുന്നതിനുപകരം അവളെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്നു്. അതിനാൽ ശ്രദ്ധാപൂർവ്വം, മനഃശാസ്ത്രപരവുമായ മാർഗ്ഗങ്ങളുപയോഗിക്കുവാൻ അവർ നിർബന്ധിതരായി. ഇന്നു് ചൈനയിൽ നടമാടുന്ന മതപീഡനമെല്ലാം ചൈനീസ്രാഷ്ട്രത്തിന്റെ പേരിലാണ്. പരസ്യവും അക്രമപരവുമായ വഴികളിൽക്കൂടി തിരുസഭയെ നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ കമ്മ്യൂണിസ്റ്റുകൾ തിരുസഭയുടെ അനുഭാവികളും അവളുടെ ഉൽക്കർഷം കാംക്ഷിക്കുന്നവരുമായി നടിച്ച് അവളെ അകത്തുനിന്നു ശിഥിലീകരിക്കുവാനാണ് ശ്രമിച്ചുവരുന്നതു്. മതകാര്യങ്ങൾക്കായി ഒരു മന്ത്രിയെ ഗവർമ്മെൻറു നിയമിച്ച് തിരുസഭയെ ദേശവല്ക്കരിക്കണമെന്നും എല്ലാ സാമ്രാജ്യമോഹികളുടേയും പിടിയിൽനിന്നു അവളെ സ്വതന്ത്രയാക്കണമെന്നും കമ്മ്യൂണിസ്റ്റുകൾ ആവശ്യപ്പെടുന്നു. എല്ലാ വിദേശീയവൈദികരും മിഷനറിമാരും മുതലാളിത്തരാഷ്ട്രമായ അമേരിക്കയുടേയും അതിന്റെ സാമന്തരാഷ്ട്രമായ വത്തിക്കാന്റേയും ചാരന്മാരാണെന്നും അതിനാൽ അവരെ ചൈനയിൽ താമസിക്കുവാൻ അനുവദിക്കരുതെന്നും അവർ ശഠിക്കുന്നു. നാനാവിധ പഠനസമിതികളും പ്രചരണകേന്ദ്രങ്ങളുമുപയോഗിച്ച് ഇന്നത്തെ കത്തോലിക്കാസഭയിൽമുതലാളിത്തമനസ്ഥിതിക്കാരായ അംഗങ്ങൾ ധാരാളമുണ്ടെന്നും, മുതലാളിവർഗ്ഗം അവളെ തങ്ങളുടെ ഉപകരണമാക്കിയിരിക്കുകയാണെന്നും അതിനാൽ അവളെ ഈ ദുഷിച്ച കൂട്ടുകെട്ടിൽനിന്നു വിമുക്തയാക്കി ശുദ്ധീകരിക്കേണ്ടതു് എല്ലാ ചൈനീസ് ക്രിസ്ത്യാനികളുടേയും കടമയാണെന്നും കമ്മ്യൂണിസ്റ്റുകൾ പഠിപ്പിക്കുന്നു.

ചൈനയിലുള്ള കത്തോലിക്കാസഭ മുതലാളിത്തരാഷ്ട്രങ്ങളുമായുള്ള ബന്ധം പാടെ ഉപേക്ഷിച്ച് പൂർണ്ണസ്വാതന്ത്ര്യം നേടുന്നതിനായി കമ്മ്യൂണിസ്റ്റുകൾ തിരുസഭയ്ക്കു മൂന്നുവിധത്തിലുള്ള സ്വാതന്ത്ര്യഭരണമാണ് ആവശ്യപ്പെടുന്നതു്. സ്വദേശീയരല്ലാതെ വിദേശീയർ [illegible] ചൈനീസ്സഭയെ ഭരിക്കരുതെന്നും സഭയുടെ പ്രവർത്തനത്തിനും പ്രചാരണത്തിനും മററും വിദേശീയരാഷ്ട്രങ്ങളുടെ സാമ്പത്തികസഹായം സ്വീകരിക്കുവാൻ പാടില്ലെന്നും ചൈനീസ് മിഷനറിമാർ മാത്രമെ ചൈനയിൽ മതം പ്രസംഗിക്കാവൂ എന്നുമാണ് കമ്മ്യൂണിസ്റ്റുഗവർമ്മെൻറു് ഉന്നയിക്കുന്ന ഈ വ്യവസ്ഥകൾ. തിരുസഭയെ ആദ്യം രാഷ്ട്രത്തിനടിമപ്പെടുത്തി അവളെ ചൈനയിൽനിന്നു ക്രമേണ നാമാവശേഷമാക്കുവാനുള്ള ഏററവും കൗശലമേറിയ ഒരു വിദ്യയാണിതു്. സ്വദേശീയർ മാത്രമെ ചൈനീസ് സഭയെ ഭരിക്കുവാൻ പാടുള്ളുവെന്ന വ്യവസ്ഥമൂലം കമ്മ്യൂണിസ്റ്റുകൾ തിരുസഭയെ മാർപ്പാപ്പായോടും റോമാസിംഹാസനത്തോടുമുള്ള ബന്ധങ്ങളിൽനിന്നു വിച്ഛേദിച്ച് അവളെ ഗവർമ്മെൻറിനു അടിമപ്പെടുത്തുവാൻ ശ്രമിക്കുകയാണ്. പുറത്തുനിന്നു സാമ്പത്തികസഹായമൊന്നും ആവശ്യപ്പെടരുതെന്നുള്ള വ്യവസ്ഥമൂലം കമ്മ്യൂണിസ്റ്റുകൾ ഉദ്ദേശിക്കുന്നതു് തിരുസഭ ചൈനീസ്ഗവർമ്മെൻറിനെ മാത്രം ആശ്രയിച്ചുനില്ക്കണമെന്നും മററു കത്തോലിക്കാരാഷ്ട്രങ്ങളുമായുള്ള സമ്പർക്കമെല്ലാം ഉപേക്ഷിക്കണമെന്നുമാണ്. സ്വദേശീയർക്കുമാത്രമെ സുവിശേഷം പ്രസംഗിക്കുവാൻ അനുവാദമുള്ളുവെങ്കിൽ വിദേശീയമിഷനറിമാർക്കു ചൈനയിൽ സ്ഥാനമില്ല; അവരെല്ലാവരും ചൈനവിട്ടു പോകേണ്ടിവരും. കൂടാതെ വിദേശീയമിഷനറിമാരിൽ അധികംപേരും മുതലാളിത്തരാഷ്ട്രങ്ങളുടെ ചാരന്മാരായതുകൊണ്ട് അവരെ ചൈനയിൽ താമസിക്കുവാൻ അനുവദിക്കുന്നതു് രാഷ്ട്രത്തിനാപല്ക്കരമാണെന്നും കമ്മ്യൂണിസ്റ്റുകൾ പറയുന്നു.

തിരുസഭയെ ശുദ്ധീകരിച്ച് സ്വതന്ത്രയാക്കണമെന്നുള്ള പ്രചരണവേലയോടനുബന്ധിച്ച് കമ്മ്യൂണിസ്റ്റുകൾ നടത്തുന്ന മറെറാരു പ്രചരണവേല എല്ലാ ചൈനീസ്പൗരന്മാരും ഗവർമ്മെൻറിന്റെ കീഴിലുള്ള ദേശീയസഭയിൽ ചേരണമെന്നതാണ്. കത്തോലിക്കർ അവരുടെ മാതൃരാജ്യമായ ചൈനയോടു സ്നേഹമുള്ളവരാണെങ്കിൽ, അവർ ചൈനയുടെ ശത്രുവായ വത്തിക്കാനോടുള്ള ബന്ധമെല്ലാം ഉപേക്ഷിച്ച് ചൈനീസ് ദേശീയസഭാംഗങ്ങളാകണമെന്നു് കമ്മ്യൂണിസ്റ്റുകൾ രാജ്യമെങ്ങും പ്രചരണം നടത്തുന്നു. കഴിഞ്ഞ നൂററാണ്ടുകളിലെ മാർപ്പാപ്പാമാരുടേയും മെത്രാന്മാരുടേയും തെററുകളും സ്വഭാവദൂഷ്യങ്ങളുമെല്ലാം തേടിപ്പിടിച്ച് അവയെ പർവ്വതീകരിച്ച് തിരുസഭ ഒരു ദുഷിച്ച മുതലാളിത്തസ്ഥാപനമാണെന്നും അതിനാൽ ചൈനീസ്ക്രിസ്ത്യാനികൾ കത്തോലിക്കാസഭയേയും മാർപ്പാപ്പയേയും ഉപേക്ഷിച്ച് ദേശീയസഭയിൽ ചേരണമെന്നും കമ്മ്യൂണിസ്റ്റുകൾ നിരന്തരം ആഹ്വാനം നടത്തിക്കൊണ്ടിരിക്കുകയാണ്.

തിരുസഭയുടെ ചൈതന്യകേന്ദ്രം റോമയാണൊന്നും, ചൈനീസ്സഭയെ മാർപ്പാപ്പായിൽനിന്നു [illegible] 'അവളെ നിഷ്പ്രയാസം നശിപ്പിക്കുവാൻ സാധിക്കുമെന്നുമുള്ള ശരിയായ അനുമാനമായിരിക്കണം കമ്മ്യൂണിസ്റ്റുകളെ ഈ പുതിയ നയത്തിലേക്കു ഇറക്കിവിട്ടതു്. കത്തോലിക്കാതിരുസഭയുടെ ജീവചൈതന്യത്തിന്റെ ഉറവ തിരുസിംഹാസനമാണ് എന്നതിൽ സംശയമില്ല. തിരുസഭ മുഴുവൻ ഒരേയൊരു ശരീരമാണ്—ക്രിസ്തുവിന്റെ മൗതികശരീരം. ജ്ഞാനസ്നാനമാകുന്ന പ്രഥമകൂദാശവഴി മനുഷ്യർ അവളുടെ അംഗങ്ങളാകുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങളും ക്രിസ്തു അതിന്റെ ശിരസ്സുമാകുന്നു. ക്രിസ്തു തിരുസഭയുടെ അദൃശ്യതലവനും, മാർപ്പാപ്പാ അവളുടെ കാണപ്പെടുന്ന തലവനുമാണ്. ക്രിസ്തുവിന്റെ പ്രതിപുരുഷനായി തിരുസഭയെ ഭരിച്ചുവരുന്നതു് റോമാമാർപ്പാപ്പായാണ്. അതിനാൽ ഒരു ക്രിസ്ത്യാനി മാർപ്പാപ്പായെ തിരസ്കരിക്കുമ്പോൾ അവൻ ക്രിസ്തുവിനെ തന്നെയാണ് തിരസ്കരിക്കുന്നതു്. ദിവ്യരക്ഷകൻ അവിടുത്തെ സഭയെ ഭരിക്കുവാനായി നിയമിച്ച മാർപ്പാപ്പാമാർക്ക് അവരുടെ സ്ഥാനത്തിനടുത്ത അധികാരങ്ങളെല്ലാം കൊടുത്തിട്ടുണ്ട്. മാർപ്പാപ്പാമാരുടെ മാനുഷികമായ ബലഹീനതകളും കുററങ്ങളും എന്തെല്ലാമായാലും തരക്കേടില്ല, അവർ ദിവ്യരക്ഷകനെയാണ് പ്രതിനിധീകരിക്കുന്നതു്. അതിനാൽ മാർപ്പാപ്പായെ ഉപേക്ഷിക്കുന്നവൻ ദിവ്യരക്ഷകനെ ഉപേക്ഷിക്കുന്നു; അവൻ ക്രിസ്തുവിനോടുള്ള ബന്ധമെല്ലാം ഉപേക്ഷിക്കുന്നു; അവൻ തായ്ത്തണ്ടിൽനിന്നു വെട്ടപ്പെട്ട ശിഖരംപോലെ വാടി ഉണങ്ങി നശിക്കുന്നു. മാർപ്പാപ്പായെ അംഗീകരിച്ച് അദ്ദേഹത്തോടു അനുസരണയുള്ളവനായി ജീവിക്കുക—ഇതാണ് ഒരു കത്തോലിക്കന്റെ പ്രഥമലക്ഷണം.

(തുടരും)



"ഒരു ഡോക്ടരുടെ വീടിനടുത്തേ താമസിക്കൂന്നു സാറിനെന്താ ഇത്ര നിർബന്ധം?"

"നമ്മുടെ ശ്രീമതിടെ ജീവിതം ഇപ്പൊ സ്വല്പം നിരാശയിലൂടെയാണ്...."



"യജമാനനിന്നാഫീസിലവധിയായിരിക്കും."

"എന്താ ചെയ്യാ ക്ലാർക്കേ, നമ്മുടെ വേലക്കാരനെ ഞാനൊന്നു തല്ലി ഗ്രഹപ്പിഴയ്ക്കു്. വീട്ടുകാരത്തി അതിനു നമ്മെ ശിക്ഷിച്ചുകളഞ്ഞു—വെള്ളംചുമട്."

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണ്.

Wednesday JULY 17 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 46

# ബാലരംഗം

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
181 സണ്ണി സി. പൈനാടത്തു്, നീറിക്കോടു്, ആലങ്ങാടു്.
182 പി. ഏ. ഔസേപ്പു്, സെൻറുമേരീസ് സ്കൂൾ, ചമ്പക്കുളം.
183 എം. ജെ. ജോസഫ്, മട്ടാംചേരി, കാവാലം.
184 തോമസ്കുട്ടി സേവ്യർ കൊച്ചുമററം, തൃക്കൊടിത്താനം.
185 വി. വി. ജോസഫ്, വാതല്ലൂർ, ആനകുത്തിമല, വാഴൂർ



## വി. ബ്രിജീത്താ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞെനിയത്തികളേ,

ബ്രിജീത്തായുടെ ജീവിതാഭിലാഷം സാധിച്ചു. അവളെ ഒരു സന്യാസസഭാംഗമാകുന്നതിനു മെത്രാൻ അനുവദിച്ചു. മാത്രമല്ല, അവളുടെ മഹത്തായ ഗുണഗണങ്ങളേയും പുണ്യത്തേയുംപററി അദ്ദേഹത്തിനു ബോദ്ധ്യമായതുകൊണ്ടു മഠാധിപയായി നിയമിക്കുകയും ചെയ്തു. ഒരു മഠാധിപയെ അലട്ടുന്ന നിരവധി പ്രശ്നങ്ങളുണ്ടു്. ഒന്നാമതു് ആ സ്ഥാപനത്തിൻെറ അഭിവൃദ്ധി. ദൈവസ്തുതി വർദ്ധിക്കത്തക്കവണ്ണം സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. നിരവധി കന്യകാമണികൾ ദിവ്യനാഥനെ സ്നേഹിച്ചു ജീവാർപ്പണം ചെയ്യുന്നതിനു അവിടെ ഓടിയണയണം. ഓരോ അർത്ഥിനിയേയും പരിശോധിച്ചു ശരിയായ ദൈവവിളികൾ മനസ്സിലാക്കി അവരെ സ്വീകരിക്കുകയോ മടക്കിഅയക്കുകയോ വേണം. സ്വീകൃതരാകുന്ന നവകന്യകകൾക്കു ആദ്ധ്യാത്മികപരിശീലനം നൽകണം. അംഗങ്ങളുടെ പ്രവർത്തനരംഗങ്ങൾ നിശ്ചയിച്ചുകൊടുക്കണം. ആ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കണം. ഇങ്ങനെ സഭയുടെ ആദ്ധ്യാത്മികവശംതന്നെ അതിവിപുലമായൊരു പ്രവർത്തനരംഗമാണു്. ഇതിനുപുറമെ സഭയുടെ ഭൗതികമായ കാര്യങ്ങളും മഠാധിപ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇവയിലെല്ലാം ബ്രിജീത്താമ്മ വളരെ വിവേകത്തോടും അനിതരസാധാരണമായ പാടവത്തോടുംകൂടി സേവനമനുഷ്ഠിച്ചു. ഇതിനെല്ലാം പുറമേ വിശുദ്ധയുടെ സേവനം മററു രംഗങ്ങളിലേക്കും പ്രസരിക്കാതിരുന്നില്ല. മതപഠനം വിശുദ്ധയുടെ ഏററവും ഇഷ്ടപ്പെട്ട ഒരു ജോലിയായിരുന്നു. മതതത്വങ്ങളിൽ അഗാധമായ പാണ്ഡിത്യം വിശുദ്ധ നേടി. വിശുദ്ധയെ പണ്ഡിതന്മാരുടെ ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥയായി വണങ്ങിപ്പോരുന്നതിനു കാരണമിതാണു്. കൂടാതെ വേദപ്രചാരപരമായ കാര്യങ്ങളിലും വിശുദ്ധയുടെ തീക്ഷ്ണത അസാധാരണമായിരുന്നു. ഐർലണ്ടിൻെറ അപ്പസ്തോലനായ വിശുദ്ധ പാട്രിക്കിനോടൊത്തു് വേദപ്രചാരപ്രസ്ഥാനങ്ങളിൽ പങ്കെടുത്തിരുന്നു. ഐർലണ്ടിൻെറ ഒരു മദ്ധ്യസ്ഥയായും തന്മൂലം വിശുദ്ധ വണങ്ങപ്പെടുന്നു. മഹോന്നതമായ ഈ സ്ഥാനങ്ങൾക്കർഹയാകത്തക്കവണ്ണം അത്രകണ്ടു തീക്ഷ്ണതയോടു കൂടിയ ഒരു ജീവിതമാണു് വിശുദ്ധ നയിച്ചുപോന്നതു്. നോക്കുക! ഒരടിമയുടെ സന്താനം. വിഷമകരമായ പരിതസ്ഥിതികളിൽ അനുദിനം വേലചെയ്തു ജീവിച്ചിരുന്ന ഒരു പാവപ്പെട്ട ബാലിക. മററുള്ളവരുടെ കുററാരോപണങ്ങൾക്കും ഭീഷണികൾക്കും വിധേയമായ അസ്വതന്ത്രമായ ജീവിതം. എങ്കിലും ദൈവസ്നേഹത്തിൻേറയും പരോപകാരതല്പരതയുടേയും ആദർശങ്ങളിൽ അടിയുറച്ചുനിന്നു ദൈവസഹായത്തിൽ പ്രവർത്തിച്ചുപോന്നതുകൊണ്ടു് ദൈവം വിശുദ്ധ വഴിയായി മഹൽക്കാര്യങ്ങൾ നിർവ്വഹിക്കുന്നു. ദൈവഭക്തി, ആദർശനിഷ്ഠ, പരസ്നേഹം, ത്യാഗസന്നദ്ധത ഇവയാണു ജീവിതവിജയത്തിനുള്ള മാർഗ്ഗങ്ങളെന്നു വിശുദ്ധ തൻെറ ജീവിതംകൊണ്ടു വ്യക്തമാക്കുന്നു. നമുക്കും ഈ മാതൃകയെ അനുകരിക്കരുതോ?

വല്യേട്ടൻ.



മഠാധിപയായ ബ്രിജീത്താ സന്യാസിനികൾക്കു സഭാനിയമങ്ങളും ജീവിതചര്യങ്ങളും വ്യാഖ്യാനിച്ചുകൊടുക്കുന്നു.

—o—

### 123-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—അരിശം

### പ്രശ്നം നമ്പർ 124

(സണ്ണി സി. പൈനാടത്തു് Reg. No. 181)

ഇന്നു കേരളത്തെ ബാധിച്ചിരിക്കുന്ന ഒരു വലിയ വിപത്താണു് ഞാൻ. ലോകത്തിലെ ഏററവും വലിയ കുഴപ്പക്കാരിയും ഞാനാണു്. ഒഴിച്ചാലൊഴിയാത്ത ഒരു ബാധപോലെയാണു് ഞാനൊരു സ്ഥലത്തു കടന്നുപററിയാൽ. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം മകരത്തിൽ കാണും, മീനത്തിൽ കാണുകയില്ല. രണ്ടാമത്തെ അക്ഷരം കമ്മ്യൂണിററി പ്രോജക്ററുകളിലുണ്ടു്, പഞ്ചായത്തുകളിലില്ല. മൂന്നാമത്തെ അക്ഷരം ഗോവണിപ്പടികളിലുണ്ടു്, ഉന്നതസോപാനത്തിലില്ല. അവസാന അക്ഷരം സംവിധാനത്തിലുണ്ടു്, പുരോഗമനത്തിൽ ഇല്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### വല്യേട്ടൻ

(മേരി ജെയിക്കബ്, തത്തമ്പള്ളി Reg. No. 124)

പ്രിയ വല്യേട്ടാ,

വല്യേട്ടനൊരെഴുത്തയക്കാൻ ഒരു കാർഡിനു അണ ചോദിച്ചിട്ടു കൊച്ചമ്മ തരാഞ്ഞതിനാലാണു് ഈ കൂലി എഴുത്തയക്കുന്നതു്. വല്യേട്ടൻ പോയതിൽ പിന്നെയുള്ള വിവരങ്ങളൊന്നും അറിയാൻ സാധിക്കാഞ്ഞതിൽ ഖേദിക്കുന്നു. വല്യേട്ടനു ജോലി വല്ലതും കിട്ടിയോ? ഇവിടെ പണത്തിനു വലിയ വിഷമമാണു്. സ്കൂൾ തുറന്നിട്ടു് ഒരു മാസമായി. ഇതുവരെ എനിക്കും ജോയിക്കും ഒരു പുസ്തകം പോലും മേടിച്ചില്ല. ഞാനിനി പഠിക്കണ്ടായെന്നു കൊച്ചമ്മ പറയുന്നു. വല്യേട്ടനെ കിടപ്പാടം വിററു പഠിപ്പിച്ചിട്ടു് ഒരു പ്രയോജനവും ഇല്ലെന്നാണു കൊച്ചമ്മ പറയുന്നതു്. എനിക്കു പനിയാണു്. മരുന്നുവാങ്ങാൻപോലും കാശില്ല. അച്ചായനും ഇപ്പോൾ ജോലിയൊന്നുമില്ല. ഇവിടെ എന്തൊരു മഴയാണെന്നോ! ഞങ്ങൾക്കൊരു കുടപോലുമില്ല. ഇന്നാളു മഴ നനഞ്ഞതുകൊണ്ടാണെനിക്കു പനി വന്നതു്. അടുത്തമാസത്തിൽ നമ്മുടെ പള്ളിയിൽ പെരുന്നാളാണു്. എനിക്കു കീറാത്ത ഒരുടുപ്പു പോലുമില്ല. വല്യേട്ടാ എന്നു വിളിക്കാമെങ്കിൽ എനിക്കു നല്ല ഒരു ബ്ലൗസു തയിപ്പിച്ചുതരാമെന്നു വല്യേട്ടൻ എപ്പോഴും പറയുമല്ലോ. ഇനി വല്യേട്ടൻ പെരുന്നാളിനു വരുമ്പോൾ എനിക്കൊരു ഫാഷൻബ്ലൗസുകൂടി കൊണ്ടുവരുമോ വല്യേട്ടാ? വല്യേട്ടൻ എറണാകുളത്തായതുകൊണ്ടു നല്ല ഫാഷനൊക്കെ അറിയാമല്ലോ. എൻെറ ദേഹം വല്ലാതെ വിറയ്ക്കുന്നു. ബ്ലൗസിൻെറ കാര്യം മറക്കരുതേ! നല്ല ഫാഷൻ വേണം. മറുപടി അയക്കുമല്ലോ.

എന്നു്
സ്വന്തം തങ്കമ്മ.

രാവിലെ ചായകുടിക്കാൻവേണ്ടി തങ്കപ്പനോടു കടംവാങ്ങിയ നാലണ വിശപ്പിൻെറ വിളിയെ വകവെക്കാതെ പോസ്റ്റുമാനു കൊടുത്തിട്ടു വാങ്ങിയ ആ കൂലിഎഴുത്തിൽ ഇപ്രകാരം ആവശ്യങ്ങളുടെ ഒരു നീണ്ട പട്ടികയാണു ഞാൻ വായിച്ചതു്. എൻെറ കണ്ണുകൾ നിറഞ്ഞു! എങ്കിലും ഞാനാകത്തു് പലയാവർത്തി വായിച്ചു. മറെറാന്നുംകൊണ്ടല്ല; തങ്കമ്മ എന്നെ വല്യേട്ടാ എന്നു വിളിച്ചിരിക്കുന്നു! ജീവിതത്തിൽ ഇന്നുവരെ അവളെന്നെ അങ്ങിനെ വിളിച്ചിട്ടില്ല. അവളുടെ ഹൃദയത്തിനെന്തോ മാററം വന്നതുപോലെ. ഞാനെൻെറ ഹൃദയത്തിൽ ആരുമറിയാതെ നിക്ഷേപിച്ചിരുന്ന ഭൂതകാലസ്മരണകളുടെ ചില ചുരുളുകൾ നിവർത്തിനോക്കി. എൻെറ ചിന്തകൾ എൻെറ പ്രിയപ്പെട്ട അമ്മയുടെ മരണക്കിടക്കയിലേക്കു പറന്നുപോയി. അന്നു്, വെറും ഒൻപതുവയസ്സുമാത്രം പ്രായമുള്ള എന്നെ അരികത്തു വിളിച്ചിട്ടമ്മ പറഞ്ഞു: "മോനേ നീ... നല്ലവനായി....തന്നാൽ...അതുമതി...മോനെ. നീ വേണം തങ്ക... ത്തിനേ...യും... ജോയിക്കുട്ടി... യേയുമൊക്കെ വളർത്തിക്കൊ...ണ്ടു പോകാൻ." അപ്പോൾ അമ്മയുടെ കണ്ഠമിടറിയെങ്കിലും അടുത്തുനിന്ന തങ്കത്തിനെ കെട്ടിപ്പിടിച്ചുകൊണ്ടമ്മ പറഞ്ഞു "മോളെ...കുഞ്ഞു...വല്യേട്ടൻ പറയു...ന്നതു കേട്ടു...നടന്നോണം." അഞ്ചുവയസ്സുമാത്രം പ്രായമുള്ള തങ്കം അന്നു് ഒരു കൊച്ചു കുസൃതിയായിരുന്നു. "എന്നെ ചേച്ചിയെന്നു വിളിക്കാമെങ്കിൽ ജോസിനെ ഞാൻ വല്യേട്ടാ എന്നു വിളിക്കാം" അവൾ കൊഞ്ചി. അതു കേട്ട അമ്മ അവളെ കെട്ടിപ്പുണർന്നു് അവളുടെ ചെമന്ന ചുണ്ടിൽ ഒരു ചുടുചുംബനം അർപ്പിച്ചു. എൻെറ ചുണ്ടിൽ ഒരു നേരിയ പുഞ്ചിരിയും വിടർന്നു. അതെല്ലാം കഴിഞ്ഞിട്ടു ഇന്നു വർഷങ്ങൾ പത്തുകഴിഞ്ഞു! ആ നീണ്ട പത്തുവർഷത്തിനിടക്കു ഇന്നാദ്യമായിട്ടാണു തങ്കമ്മ എന്നെ "വല്യേട്ടാ" എന്നു വിളിക്കുന്നതു്. അമ്മ മരിച്ചിട്ടു ഇന്നു വർഷങ്ങൾതന്നെ കഴിഞ്ഞിരിക്കുന്നു! അമ്മ മരിക്കുമ്പോൾ ജോയിക്കുട്ടിക്കു രണ്ടുവയസ്സേ ഉണ്ടായിരുന്നൊള്ളു.

എങ്കിലും അപ്പച്ചൻ രണ്ടാമതും വിവാഹം കഴിച്ചു. ഞാൻ പഠനത്തിൽ കുറച്ചു സമർത്ഥനായിരുന്നതുകൊണ്ടാണു് ആ നാലുസെൻറു സ്ഥലം വിററു് അപ്പച്ചൻ എന്നെ സിക്സ്ത്തുവരെ പഠിപ്പിച്ചതു്. ഇന്നു്, പട്ടിണികൊണ്ടു വലയുന്ന ഒരു കൊച്ചുകുടുംബത്തിൻെറ ഭാവിമുഴുവൻ തൂങ്ങിനില്ക്കുന്നതെന്നിലാണു്. ഞാനൊരു ഉദ്യോഗസ്ഥനാകുമ്പോൾ എല്ലാ ദുഃഖവും തീരുമെന്നാണപ്പച്ചൻ കരുതിയതു്. സിക്സ്ത്തു പാസായശേഷം പല സ്ഥലങ്ങളിലും ഒരു ജോലിക്കുവേണ്ടി ഞാൻ തെണ്ടി. ഒടുവിൽ അയലത്തെ തോമസിനോടു പത്തുരൂപാ കടംവാങ്ങി ജോലിയന്വേഷിച്ചു ഞാൻ എറണാകുളത്തുവന്നു. പക്ഷേ, എനിക്കൊരഭിമാനമുള്ള ജോലി കിട്ടിയില്ല. വീട്ടിലെ ആവശ്യങ്ങൾ എൻെറ കഴുത്തു ഞെരിക്കുന്നതുപോലെ എനിക്കു തോന്നി. തങ്കമ്മ എന്നോടെപ്പോഴും പറയാറുള്ളതാണു അവൾക്കൊരു ഫാഷൻബ്ലൗസു വേണമെന്നു്. അപ്പോൾ ഞാനവളോടു പറയും "എന്നെ വല്യേട്ടാ എന്നു വിളിക്കുന്ന അന്നു ഞാൻ ഫാഷൻബ്ലൗസു കൊണ്ടുവരാ"മെന്നു്. വാസ്തവത്തിൽ എനിക്കതാഗ്രഹമില്ല. പക്ഷേ, എനിക്കറിയാം അവളൊരു വാശിക്കാരിയാണെന്നു്. അപ്പോൾ അവൾ പറയും "ഓ! എന്നിട്ടെനിക്കു ബ്ലൗസുവേണ്ട." അവളുടെ പിണക്കം കാണുവാൻ എനിക്കിഷ്ടമാണു്. എന്നാൽ അവൾ ഒരിക്കലും, ഒരിക്കലും ദുഃഖിക്കരുതെന്നെനിക്കാശയുണ്ടു്. കൈയിൽ ഒരു കാശുപോലുമില്ലാത്ത ഞാൻ അവൾക്കെങ്ങിനെ ഒരു ബ്ലൗസു തയിപ്പിച്ചുകൊടുക്കും? അതിൽ നിന്നു രക്ഷനേടാനുള്ള ഒരു ചെറിയ സൂത്രമാണു് എന്നെ വല്യേട്ടാ എന്നു വിളിക്കണമെന്നുള്ള എൻെറ നിർബന്ധം. ഞാൻ ചിലപ്പോൾ ഓർക്കാറുണ്ടു് "തങ്കമ്മ ഒരു വാശിക്കാരിയായതു ഭാഗ്യം" എന്നു്. പക്ഷേ, ഇനി ഞാനവൾക്കൊരു ബ്ലൗസു തയിപ്പിച്ചുകൊടുക്കേണ്ടിയിരിക്കുന്നു!

ഞാനെൻെറ അഭിമാനത്തെ അത്ര കാര്യമായി ഗണിച്ചില്ല. കൊച്ചുപെങ്ങളുടെ ആഗ്രഹസാദ്ധ്യത്തിനുവേണ്ടി ഈ "വല്യേട്ടൻ" ഉന്തുവണ്ടി ഉന്തുവാൻതന്നെ തീരുമാനിച്ചു. അങ്ങിനെ പരിചയമില്ലാത്ത നാട്ടിൽ ഞാനൊരു തെണ്ടിയായി മാറി. പൈപ്പിലെ പച്ചവെള്ളവും, ഉന്തുവണ്ടി ഉന്തലും, ബസ്സ്റ്റാൻറിലെ പെട്ടിചുമക്കലുംകൊണ്ടു ഞാൻ ഒരു ബ്ലൗസിനുള്ള രൂപ സമ്പാദിച്ചു. എറണാകുളത്തെ ഏററവും നല്ല ടെയിലറിനെ ഞാനാ പച്ചത്തുണി ഏല്പിച്ചു. "നല്ല ഫാഷൻവേണം" ഞാൻ പറഞ്ഞു. അയാളെന്നെയൊന്നു സൂക്ഷിച്ചുനോക്കി. ഈ തെണ്ടിച്ചെറുക്കനെന്തിനീ ഫാഷൻ ബ്ലൗസ്?

അന്നു് എനിക്കു ജോയിക്കുട്ടിയുടെ ഒരു കാർഡ് കിട്ടി. "തങ്കമ്മച്ചേച്ചിക്കു സുഖക്കേടു കൂടുതലാണു്. ബ്ലൗസു തയ്പ്പിച്ചില്ലെങ്കിലും "വല്യേട്ട"നെ കാണണമെന്നു പറഞ്ഞു നിർബന്ധിക്കുന്നു. ഈ കത്തുകിട്ടിയാൽ ഉടൻതന്നെ വരണം." പെൻസിലുകൊണ്ടെഴുതിയിരുന്ന ആ മങ്ങിയ കാർഡു് എൻെറ കൈയിലിരുന്നു വിറച്ചു. എനിക്കവളെ കാണാൻ ധൃതിയായി.

പിറേറദിവസം ബ്ലൗസ്സു തയ്ച്ചുകിട്ടി. നല്ല ഒന്നാംതരം ഫാഷൻ! ഹൊ! അവൾക്കെന്തു സന്തോഷമായിരിക്കും ഇതു കാണുമ്പോൾ! പാവം! പനിപിടിച്ചു കിടപ്പിലാണല്ലോ. അല്ലെങ്കിൽ അവളെക്കൊണ്ടു ഞാനൊരായിരം പ്രാവശ്യം "വല്യേട്ടൻ" എന്നു വി

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1